2012 ജനുവരി 28 മുതൽ ഫിബ്രവരി 27 വരെ

വില 10 രൂപ

# നക്ഷത്രരാജ്യം



പി. ആർ നാഥൻ (കഥ)

ഇ. വാസു (കഥ)

രാജൻ ചിന്നങ്ങത്ത് (കഥ)

മഞ്ഞപ്ര ഉണ്ണികൃഷ്ണൻ (കഥ)

കെ.വി. പ്രഭാകരൻ (കഥ)

ഭാസി മലാപ്പറമ്പ് (സ്പോർട്സ്)

മൺമറഞ്ഞ പ്രശസ്ത സാംസ്കാരിക–സാഹിത്യനായകൻ
ഡോ. സുകുമാർ അഴീക്കോടിന് നക്ഷത്രരാജ്യം വായനക്കാരുടെ
ആദരാഞ്ജലികൾ



മുഖചിത്രം
അനന്യ
ഇ.വാസു
കെ.വി. പ്രഭാകരൻ
റഹീം പൂവ്വാട്ട്പറമ്പ്

Nakshathra Rajyam
(Monthly Magazine)
2012 Jan. 28 - Feb. 27
Reg. No. 2008/11/2718/D/
RNI EN No. 40980 Dated: 10-10-2007
Issue 3 Volume 10
Managing Editor, Publisher &
Owned by
**Nakshathrarajyam** E. Radhakrishnan

NAKSHATHRA RAJYAM
24/1704 (A), Raj Building,
Byepass Road,
Mankave, Kozhikode - 7
Kerala, India.
Mob: 9744233997
9847649567
email: nakshathrarajyam@gmail.com
Layout:
BHAVANA GRAPHICS, Tali
Inside Art:
GIREESH MOOZHIPADAM
Cover
Amina Creations, Palazhi, Clt.
Price 10.00

**എഡിറ്റോറിയൽ**



# കായികരംഗം

അന്താരാഷ്ട്ര കായിക മത്സര രംഗത്ത് അത്‌ലറ്റിക്സിൽ കേരളത്തിലെ സ്ത്രീ ശക്തി കായിക ആധിപത്യം ഭാരതത്തിനു എക്കാലവും സുവർണ്ണനേട്ടങ്ങളായാണല്ലോ അനുഭവപ്പെട്ടുകൊിരുന്നത്. 1980 മുതൽ 2000 വരെയുള്ള രു ദശാബ്ദ കാലം പ്രഗൽഭരായ മലയാളി മഹിളാരത്നങ്ങൾ പി.ടി. ഉഷ, എം.ഡി. വത്സമ്മ, ഷൈനി വിൽസൻ, പത്മിനി തോമസ്സ് എന്നിവരെപോലുള്ള അന്താരാഷ്ട്ര താരങ്ങളുടെ ഉദയകാലമായിരുന്നു വെന്നതും ഭാരതത്തിലെ ജനകോടികൾക്ക് വ്യക്തമായിരുന്നതാണ്. മലയാളികളുടെ മേധാവിത്വം ഇക്കാലങ്ങളിൽ ഫീൽഡിൽ പുരുഷന്മാരും നിലനിർത്തിക്കൊുപോന്നു. ഒളിമ്പ്യൻ സുരേഷ് ബാബുവും, യോഹന്നാനും മുതൽ ധാരാളം പേർ അന്താരാഷ്ട്ര കായിക മത്സരങ്ങളിൽ അക്കാലത്ത് ഇന്ത്യയുടെ സ്ഥാനം പരമോന്നതിയിൽ എത്താൻ കാരണക്കാരായി. അന്നത്തെ പോലെ ഇന്നു പ്രതിഭ വർദ്ധിപ്പിക്കുവാതെ മലയാളി പെൺകൊടികളും പുരുഷന്മാരും സ്പോർട്സിൽ മോശനിലവാരം പുലർത്തുന്നു എന്നല്ല പറഞ്ഞുവരുന്നത്. ടീമിനങ്ങളിൽ പ്രതിഭകൾ ചിലപ്പോൾ സെലക്ഷനാകാതെയിരുന്നിരിക്കാം. പക്ഷേ വ്യക്തിഗത മത്സരങ്ങളിൽ കഴിവുപുലർത്തുന്ന പ്രതിഭകൾക്ക് ആരാലും തോൽവി സംഭവിക്കുകയില്ല എന്നതാണല്ലോ യാഥാർത്ഥ്യം.

ഭരിക്കുന്ന ഏതൊരു സംസ്ഥാന ഭരണകൂടത്തിനും കേന്ദ്രഭരണകൂടത്തിനും ഒരു സ്പോർട്സ് നയമു്. ഭരണകൂടം നടപ്പാക്കുന്ന ഈ സ്പോർട്സ് നയം സംസ്ഥാനത്തെ അത്‌ലറ്റിക്ക് രംഗത്ത് ട്രാക്കിലും ഫീൽഡിലും മത്സര രംഗത്തുള്ള പ്രതിഭകൾക്ക് ഉപകാരപ്പെടുകയെന്നതാണല്ലോ സംസ്ഥാനത്തിനാവശ്യം. കേന്ദ്ര ഭരണകൂടവും സംസ്ഥാന ഭരണകൂടവും അന്താരാഷ്ട്ര സ്പോർട്സ് മത്സര രംഗത്തെ വിജയികളായ പ്രതിഭകൾക്ക് ജോലിയും ടീമിൽ അവസരവും നൽകിക്കൊിരിക്കുന്നത് സ്പോർട്സ് രംഗത്തുള്ളവർക്ക് വലിയൊരു ആശ്വാസം തന്നെയാണ്. എന്നാൽ ഇന്നത്തെ നിലവെച്ചുനോക്കുന്നവർക്ക് കാണുവാൻ സാധിക്കുന്ന സത്യം സംസ്ഥാനത്തെ ടൈറ്റാനിയം പോലുള്ള പല പ്രമുഖ പൊതുമേഖല ടീമുകളുടേയും അടുത്തയിടെ സംഭവിക്കാൻ പോകുന്ന ചരമ വാർത്തകളായിരിക്കുമല്ലോ. സ്പോർട്സ് മേൻമാർക്ക് എന്നും തുണയായിരുന്ന ടൈറ്റാനിയം പോലുള്ള അനേകം പൊതുമേഖല സ്ഥാപനങ്ങളുടെ സ്പോർട്സിനോടുള്ള (ടീമിനോടുള്ള വിരക്തി) ഒഴിവാക്കാൻ സംസ്ഥാന ഭരണകൂടം ഇടപെടേതായ കാലം അതിക്രമിച്ചിരിക്കുന്ന വേളയിൽ സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറിയായി വന്ന ഏഷ്യൻ വെള്ളിമെഡൽ ജേതാവായ പത്മിനിതോമസിനെപ്പോലുള്ള ഒരു മുൻ അത്‌ലറ്റിനു അതിനുസാധിക്കും എന്നുതന്നെ നമുക്ക് പ്രത്യാശിക്കാം. ഇതിനെല്ലാം അല്ലാതെ പിന്നെയെന്തിനാണിങ്ങനെയൊരു പൊൻതൂവൽ കസേര സ്പോർട്സ് കൗൺസിൽ തലപ്പത്തിട്ടിരിക്കുന്നത്.

കാലത്തെയും സമയത്തേയും അതിജീവിക്കാൻ കഴിവുനേടിയ ധാരാളം അത്‌ലറ്റുകൾ കേരളത്തിൽ ഇക്കാലവും ധാരാളമുന്ന് കേരളത്തിനു എന്നും ആശ്വാസം തന്നെയാണ്.

സംസ്ഥാന സ്കൂൾ മീറ്റുകളിലും സർവ്വകലാശാല മീറ്റുകളിലും സംസ്ഥാന മീറ്റുകളിലും ദേശീയ മീറ്റുകളിലും വെന്നിക്കൊടിപാറിക്കുന്ന നമ്മുടെ കായിക ശക്തി സംസ്ഥാന ജനതയെ ഉദ്ബോധിപ്പിച്ചുകൊിരിക്കുന്ന സന്ദേശം അതാണ്.



# കുതിരയില്ലാത്തകുട



**കഥ**

**പി. ആർ. നാഥൻ**



രാവിലെ ഉറക്കമുണർന്ന് ഉമിക്കരിക്കുട്ടയ്ക്കരികിലേക്ക് നീങ്ങുമ്പോ ളാണ് യാദൃച്ഛികമായി തന്റെ മുഖം ഒരു കണ്ണാടിയിൽ ഒതുങ്ങി നിൽക്കുന്നതു കത് ആണിയടിച്ച് ചുമരിൽ തൂക്കിയിട്ടിരിക്കുകയായിരുന്നു ആ നിറം മങ്ങിയകണ്ണാടി. കണ്ണാടിയിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും കണ്ണുകളുടെ ചന്തത്തിന് സ്വയം വിലനിർണ്ണയിക്കാനും മുതിരുമ്പോൾ ബോധ മനസ്സ് വിലക്കി – കണ്ണാടി ഒരിക്കലും കൈകൊ് സ്പർശിക്കരുത്. അത് നിലത്ത് വീണ്നുറുങ്ങി കിടക്കുന്നത് ഒരു പക്ഷേ തനിക്ക് കാണേി വന്നേയ്ക്കാം. നിയന്ത്രണ ബോധത്തോടെ തളത്തിലെത്തിയപ്പോൾ മുത്തശ്ശി കുളത്തിൽ നിന്നും കുളികഴിഞ്ഞ് ഈറനുടുത്തു നടന്നുവരികയാണ്. മുത്തശ്ശിയുടെ കുശലത്തെപ്പോലും ഒരു ഭയത്തോടു കൂടിയാണ് എതിരേല്ക്കാൻ തയ്യാറായി നിന്നത്. മുത്തശ്ശിയാകട്ടെ കറുത്ത ചുുകളിലൂടെ എന്തോ ഉച്ചരിക്കാനൊരുങ്ങിയെങ്കിലും നാക്കിനെ നിശ്ചലമാക്കി കഴിഞ്ഞു. നിന്നോടു വല്ലതും പറയാൻ ഞാനാളല്ല കുട്ടി എന്നായിരുന്നു ആ പഴകിയ കണ്ണുകളിലെ ധ്വനി. അനിതയ്ക്കാണെങ്കിൽ മുത്തശ്ശിയോട് എന്തെങ്കിലും വർത്തമാനം പറയണമെന്നായി അപ്പോളത്തെ മോഹം. അവൾ പൊടുന്നനെ മുത്തശ്ശിയെ തടഞ്ഞു നിർത്തി. ഞാൻ കുറേ വർത്തമാനം പറയുന്നു്. മുത്തശ്ശി അതൊക്കെ കേൾക്കണം എന്നപോലെ അവൾ അവരിൽ നിന്നും നനഞ്ഞ തോർത്ത് പിടിച്ചു വാങ്ങി. ശുഷ്ക്കിച്ച ശരീരത്തിലെ വര ജരകളും ഉണങ്ങിയ മുലകളും കപ്പോൾ ഭാവനയ്ക്കു പുതിയ മാനങ്ങളുായി. ഈ മുലകളായിരുന്നല്ലോ അമ്മ ഒരു കാലത്ത് കുടിച്ചുകൊിരുന്നത്. അന്ന് മുത്തശ്ശി എത്ര സുന്ദരിയായിരുന്നിരിക്കണം. അനിത അവരുടെ കോപം കാണാൻ നില്ക്കാതെ തോർത്തുകൊ് ശരീരം പുതപ്പിച്ചുകൊടുത്തു. ഇന്ന് ദേഷ്യപ്പെട്ണ്ല്ല്യേ മുത്തശ്ശി അനിത ചോദിച്ചു.

മുത്തശ്ശിക്ക് ചിരിയാണ് വന്നത്. സങ്കടവും ചിരിയോടൊപ്പം തികട്ടിപ്പന്നു.

ദേഷ്യപ്പെടാൻ എന്തെങ്കിലും ഉാക്കീട്ട്ാേകുട്ട്യേ...

“ഇല്ല മുത്തശ്ശി...”

അനിത ഒരു മര്യാദക്കാരിയായി രൂപാന്തരം പ്രാപിച്ചു. അവൾ സാരിയുടെ ചുളിവുകൾ നിവർത്തിയിട്ടു. മുഖത്ത് പടർന്നു കിടന്ന മുടിനാരുകൾ നീ കൈവിരലുകൾകൊ് വകഞ്ഞു മാറ്റി. അനിതയുടെ മനോഹരമായ പല്ലുകൾ അപ്പോൾ കവടിപ്പോലെ തിളങ്ങുന്നുായിരുന്നു. അനിത മുത്തശ്ശിയോട് ചേർന്നു നിന്നു. അവരുടെ ശരീരത്തിൽ പറ്റി നിന്നിരുന്ന പ്രഭാത ശീതം അനിത വാത്സല്യത്തോടെ ഏറ്റുവാങ്ങി.

ഞാനാ കണ്ണാടി എടുത്തു മുഖം നോക്കിയാലോ എന്നു വിചാരിച്ചു. കണ്ണാടി എടുത്തില്ല മുത്തശ്ശി

“കണ്ണാടി ഒടച്ചുവോ.”

‘‘ഉടയുമായിരുന്നു. അതുകൊ് ഞാൻ നിയന്ത്രിച്ചു. എടുത്തില്ല.”

നല്ല കുട്ടി എന്നു ആശിർവദിച്ചുകൊ് മുത്തശ്ശി ശ്രീകൃഷ്ണന്റെ ഫോട്ടോവിനടുത്തേയ്ക്ക് ഒരു തണുപ്പുകാറ്റുമാതിരി പോയിക്കഴിഞ്ഞു. അനിത ഉമിക്കരികുട്ടയ്ക്കരികിലും നടന്നെത്തി. ഒരു നുള്ള് ഉമിക്കരിയ്ക്കുവേി അവൾ ആ കുട്ടയിലേയ്ക്ക് വിരലുകളിട്ടു. കൈയ്യിൽ എന്തോ കടിച്ചതുപോലയോ കുത്തിയതുപോലയോ അനുഭവപ്പെട്ടു. അതൊരു വിഭ്രാന്തിമാത്രമാണെന്ന് ബോധ്യപ്പെടുമ്പോളേയ്ക്കും ആ ഉമിക്കരികുട്ടയെ ബന്ധിച്ചിരുന്ന ചൂടിക്കയർ അറ്റുകഴിഞ്ഞിരുന്നു. നിലത്ത് പാറിവീണ ഉമിക്കരി സിമന്റു തറയിലാകമാനം കറുത്തകുത്തുകൾ നിർമ്മിച്ചു. അനിതയ്ക്ക് കരയണമെന്ന് തോന്നായ്കയല്ല. കണ്ണാടി പൊട്ടിക്കുന്നതിനുപകരം ഉദയത്തിലേ താൻ മറ്റൊരു പാതകം ചെയ്തു കഴിഞ്ഞു എന്നു മുത്തശ്ശിയോട് പറയാൻ തോന്നി. അപ്പോഴേക്കും അമ്മ പിറകിൽ വന്നു കഴിഞ്ഞിരുന്നു. ഒരു തീകൊള്ളിമാതിരി എരിവും ചൂടും അമ്മയില്ലായിരുന്നു. “നന്നായി അനിതേ ഈ കാട്ടിയത്. രാവിലെ ഉമിക്കരിക്കുട്ട, ഇനി കുപ്പിഗ്ലാസ്സുകള്, പാത്രങ്ങള്, റിസ്റ്റ് വാച്ച്, ടൈം പീസ്, മോഹനന്റെ ടേപ്പ്റിക്കാർഡർ, നിനക്കാരംഭിക്കാം.”

“വരുന്നതിനെച്ചൊല്ലി അമ്മ വിലപിക്ക. ആരുടെ വാച്ചും ടേപ്പ്റിക്കാർഡും ഞാൻ നശിപ്പിക്കാൻ പോകുന്നില്ല.”

Kottakkal
ayurveda

## കോട്ടയ്ക്കലിന്റെ സാന്ത്വനസ്പർശം

### ആയുർവേദം ആധികാരികമാർഗം

വൈദ്യരത്നം പി.എസ്. വാരിയരുടെ
**ആര്യവൈദ്യശാല**
ESTD 1902 കോട്ടയ്ക്കൽ-676 503



Tel: 0483-2808000, 2742216, Fax:2742572, 2742210
E-mail: mail@aryavaidyasala.com / avsho@sancharnet.in
Web: www.aryavaidyasala.com

## വിവാഹിതരായി



**SOUMYA M.**
D/o Sathyapalan
Sourabhya
Pottammal
Palazhi Road
Calicut

**DIPU**
S/o. Chandrabose
Deepakam
Edappally

at Sree krishna temple, Guruvayoor

## Ist Wedding Anniversary



Rajesh Maneesha
**Pulpally, Wayanad**

*With best compliments from*
**Nakshtra Rajyam Staff & management**

അമ്മ അനിതയെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു;

'നീ തൊടുന്നതൊക്കെ തകരാറിലാവുന്നു്. നിനക്കുമുല്ലോ അനുഭവം. ആലോചിച്ചു നോക്ക്." അനിത ആലോചിക്കാൻ ശ്രമിച്ചതു പോലുമില്ല. വസ്തുക്കൾ നാശപ്പെടുത്തുന്നത് തന്റെ ശ്രദ്ധക്കുറവുകൊാണോ? നിലത്തു നിന്നും വിരലുകൾകൊ് അടിച്ചുകുട്ടി കുറെ ഉമിക്കരി കൈപത്തിയിൽവെച്ചു. പല്ല് തേയ്ക്കാൻ കിണറ്റുകരയിലേക്കു ചെന്നു. അപ്പോഴാണ് മരിച്ചില്ലയിൽ രു ചാണകക്കിളികളെ അനിത കത്തിയത്. ആ കിളികളും അവയുടെ പോയ തലമുറയും ഇതേ മരകൊമ്പിൽത്തന്നെയാണ് താമസിച്ചിരുന്നത്. ഇരുപതു കൊല്ലത്തെ ചരിത്രം അനിതയ്ക്കറിയാം. അതായത് അഞ്ചാം വയസ്സിൽ അച്ഛനമ്മമാരോടൊത്ത് ഈ പുതിയ വീട്ടിൽ വന്നപ്പോളും ആ കിളികളുന്നെ് വ്യക്തം പ്രൈമറി ക്ലാസ്സിൽ പഠിക്കുമ്പോൾ കിണറ്റുകരയിൽ നിന്ന് ഈ കിളികളുടെ മുത്തച്ഛൻമാരെ കൈപിടിയിൽ ഒതുക്കാൻ ആഗ്രഹിച്ചു പോയിട്ട്. അവറ്റയെ പിടിച്ചുതരാൻ വീട്ടുജോലിക്കാരോടും അതിഥികളായി വരുന്ന അമ്മാവന്മാരോടും ആവശ്യപ്പെടുമായിരുന്നു. ഹൈസ്കൂൾ ക്ലാസ്സിലെത്തിയിട്ടും ഒരിക്കൽ പോലും ആ മോഹം സാക്ഷാത്കരിക്കാതായപ്പോൾ അനിതയ്ക്ക് വൈരാഗ്യം തോന്നിത്തുടങ്ങി. കിളികളെ കല്ലെറിഞ്ഞു വിരട്ടലായിരുന്നു അന്നത്തെ വിനോദം. പക്ഷേ, ആ കല്ലുകൾക്ക് കിളികളെ സ്പർശിക്കാൻ കഴിഞ്ഞിട്ടില്ല. അനിത കോളേജിലെത്തിയപ്പോൾ – ആ ഘട്ടം കോളേജ് പഠനം എന്നതല്ല ശരി – ഋതുമതിയായപ്പോൾ ആ കിളികളെ വ്യാഖ്യാനിക്കാനൊരുങ്ങി. അതൊരു സുഖം തന്നെയായിരുന്നു. മുറിവിൽ തണുത്ത വെള്ളംകൊ് ധാരപാരും മാതിരിയുള്ള ആശ്വാസം.

ഒരു കിളി മരക്കൊമ്പിലെ പുതിയകൂട്ടിലേക്ക് ചുള്ളികമ്പുമായി വരുന്നു. ആ കമ്പ് കൂടിനോട് ഘടിപ്പിക്കുമ്പോളാണ് അനിത ചിരിച്ചു പോയത്. അത് അസ്തിവാരത്തിൽ അമർന്നിരിക്കും മുമ്പ് അതിന്റെ കൊക്കുകൾ അകറ്റിക്കഴിഞ്ഞു. ചുള്ളിക്കമ്പ് താഴെ വീണപ്പോൾ കിളിയുടെ ജാള്യതയൊന്ന് കാണണമായിരുന്നു. അനിത ബക്കറ്റ് കിണറ്റിലേക്കിട്ട് മുഖം കഴുകാനൊരുങ്ങി.

ആ കയറിന്റെ അഗ്രം മറ്റെവിടേയും ബന്ധിച്ചിട്ടില്ലായിരുന്നു. അനിതയുടെ കൈകളിൽ കയറും ഇല്ലായിരുന്നു. തെറ്റു തിരുത്താനായി അനിത പകൽവെളിച്ചത്തിൽ നല്ലതു പോലെ കൈവിരലുകളിൽ തുറിച്ചുനോക്കി. ഡസ്റ്ററില്ലാതെ ബോഡ് തുടയ്ക്കാൻ ചെന്ന ഒരദ്ധ്യാപിക പെട്ടെന്ന് വിഡ്ഢിയായപ്പോൾ ക്ലാസ്സിൽ കൂട്ടച്ചിരി മുഴങ്ങിയതും അദ്ധ്യാപിക കോപിച്ചതും ഓർമ്മവന്നു. ഇവിടെ പിന്നിൽ നിന്ന് ചിരിക്കുകയല്ല മുത്തശ്ശി. കോപത്തോടെ മുത്തശ്ശി വിളിച്ചു.

"ഇങ്ങോട്ട് പോന്നോളൂ അനിതേ. ബക്കറ്റ് പാതാളവരികൊ് കിണറ്റിൽ നിന്നെടുക്കാൻ മോഹനനെ വിളിക്കാം".

സത്യത്തിൽ അനിത ധർമ്മ സങ്കടം അനുഭവിക്കുകയായിരുന്നു. ഈ അബദ്ധം ഒരിക്കലും പ്രതീക്ഷിക്കാത്തതാണ്. കിളികളെ കുറിച്ച് ചിന്തിക്കുന്ന അവസരത്തിലാണല്ലോ ബക്കറ്റ് കിണറ്റിലിട്ടത്. തെളിഞ്ഞവെള്ളത്തിൽ ആ ബക്കറ്റ് താണുകിടക്കുന്നു. ഒരു സുന്ദരി പെണ്ണിന്റെ ദീനമായ മുഖത്തിൽനിന്നെന്നപോലെയായിരുന്നു ആ ബക്കറ്റിൽ പ്രകാശരശ്മികൾ തിളങ്ങികൊിരുന്നത്. കിണറ്റിൽ ചാടി ആത്മഹത്യ ചെയ്താലെന്താ എന്നുപോലും തോന്നി.

മോഹനൻ അറിയുമല്ലോ വിഡ്ഢിത്തരം. എം. ഏ. ക്കാരിയായ ചേച്ചിയുടെ ധീരജീവിതം എന്നും പറഞ്ഞ് അവൻ ഭാവിയിൽ ലേഖനമെഴുതാൻ ഉദ്ദേശിക്കുന്നുത്രെ. ഇപ്പോൾ ലേഖനത്തിലൊന്നും ഒതുങ്ങുന്നതല്ല അവന്റെ കഥകൾ. എട്ടോ പത്തോ വോള്യങ്ങളായി പുസ്തകമെഴുതാൻ പാകത്തിൽ അവന്ന് മാറ്ററുകൾ കിട്ടിയിട്ടുാകണം.

കുടത്തിൽ വെള്ളമുന്നെ് അനിത കു. ആ കുടം കൈകൊ് സ്പർശിക്കുന്നത് അബദ്ധമാണെന്നും തോന്നി. മുത്തശ്ശി ശപിക്കുന്നു. "പെണ്ണ്" കുടവും പൊട്ടിക്കാൻ പോണു. ന്റെ കുട്ട്യേ – ഒരു ചരടെഴുതാനോ മന്ത്രവാദം നടത്താനോ നീയ്യ് സമ്മതിക്കില്ല. പറഞ്ഞാൽ ദേഷ്യം. നീയെങ്ങനാ നാളെ കോളേജിൽ പോയി കുട്ട്യോളെ പഠിപ്പിക്ക്യാ".

അനിത ചിരിച്ചുപോയി. ആ മുഖത്തുനിന്നും നിലാവ് പടരുന്നത് അവൾ തന്നെ ഊഹിച്ചറിഞ്ഞു. മുഖത്തെ നിലാവെന്നത് സ്വന്തം സങ്കല്പമല്ല. രാമദാസ് എന്നൊരു സഹപാഠി ക്ലാസ്സിൽ വെച്ച് രഹസ്യമായി പറഞ്ഞതാണ്. രാമദാസൻ എന്നും തന്നെ ഇഷ്ടപ്പെട്ടിരുന്നു. പ്രേമമോ വിവാഹം കഴിക്കാനുള്ള താത്പര്യമോ അല്ല അതെന്ന് രാമദാസൻ പറഞ്ഞിട്ടുമു്. കാരണം അയാൾ കാമിച്ചിരുന്നത് മലയാളം പ്രൊഫസറായ ദീപാങ്കരന്റെ മകൾ രേഷ്മയെയാണ്. രാമദാസനും രേഷ്മയും കൂടി തന്നെ കളിയാക്കും അനിതപ്പൊട്ടത്തി എന്ന്" ഒരിക്കൽ രേഷ്മ പറയുകയാണ് രാമദാസനോട്. "പൊട്ടത്തിയൊന്നുമല്ല കേട്ടോ. എങ്കിൽ പിന്നെ ഈ മാർക്കൊക്കെ എവിടെന്നു കിട്ടുന്നു. പത്താം തരം സർട്ടിഫിക്കറ്റു മുതൽ ഞാൻ നോക്കി. ഒക്കേറ്റിനും ഫസ്റ്റ്. അത്ഭുതം തന്നെ."

'ആ പേനയൊന്നു തരൂ രേഷ്മെ."

രേഷ്മയുടെ ബ്ലൗസിൽ കുത്തിവെച്ചിരുന്ന പേനയെടുത്ത് അനിത എഴുതാനൊരുങ്ങി; നിന്റെ മേൽവിലാസം പറയൂ. നിനക്ക് കോളേജ് പൂട്ടിയശേഷവും കത്തുകളയക്കാനാണ്."

"ഞാൻ മറുപടി അയച്ചില്ലങ്കിലോ?"

"വേ. എനിക്കെഴുതാമല്ലോ. രാമദാസൻ നിന്നെ കല്യാണം കഴിച്ചുവോ അതോ വഞ്ചിച്ചോ എന്നെങ്കിലും അറിയാമല്ലോ."

കടുക് പൊട്ടിത്തെറിക്കുന്ന ശബ്ദത്തിലാണ് രേഷ്മ മേൽവിലാസം പറഞ്ഞത്. അത് കുത്തികുറിക്കാനൊരുങ്ങുമ്പോൾ രാമദാസന്റെ ലൈറ്റിനിംഗ് കോൾ: "എന്റെ രേഷ്മയുടെ പേനയാണ്. നിബ്ബ് ഒടിക്കരുത് കേട്ടോ."

അഡ്രസ്സു പകർത്താനുള്ള മൂഡ് നഷ്ടപ്പെട്ടു. വളരെ ശ്രദ്ധിച്ചാണ് എഴുതിയത്. പേനയ്ക്ക് യാതൊരു തകരാറും വന്നില്ല. കുറച്ചൊക്കെ– കുറച്ചല്ല– നല്ല പരിഭവത്തോടെയാണ് ആ നശിച്ച പേന മടക്കിക്കൊടുത്തത്. "കാമുകനും കാമുകിയും പരിശോധിച്ചു കൊള്ളു. നിബ്ബൊടിഞ്ഞിട്ടുങ്കിൽ വേറെ പത്തെണ്ണം വാങ്ങിത്തരാം."

രാമദാസൻ ഒരു കോമാളിയെപ്പോലെ ആ പേന പരിശോധിച്ചു തുടങ്ങി.

"നിങ്ങളുടെയൊക്കെ പരിഹാസത്തിന്റെ ആ മുനയുല്ലോ. അതൊക്കെ ഇപ്പോൾ തേഞ്ഞു തേഞ്ഞ് ഇല്ലാതായിരിക്കുന്നു

കേട്ടോ രേഷ്മേ."

"ഞാനൊന്നും പറഞ്ഞില്ല അനിതേ, രാമദാസനല്ലേ?" അല്ല. കൂടെ ചേർന്നുള്ള ആ ചിരി. അത് രാമദാസനെ ശരിവെച്ചതാണ് രേഷ്മ. മടങ്ങിപ്പോരുമ്പോൾ രേഷ്മ കൂടെ വന്നു. ഗാന്ധി പ്രതിമയുടെ അടുത്തെത്തിയപ്പോൾ അവൾ ചോദിച്ചു.

''പിണങ്ങിയോടി പെണ്ണേ?'' മിീയില്ല.

രേഷ്മ ഐസ് ഫ്രൂട്ടുകാരന്റെ പിറകേ പായുന്ന കുട്ടിയുടെ ഉത്സാഹത്തോടെ കൂടെ വന്നു. "പിണക്കമില്ലെന്നു പറയടീ. നിന്റെ കത്തുകൾക്ക് മറുപടി അയയ്ക്കില്ല എന്നതുപോട്ടെ. ഞാൻ വായിച്ചു നോക്കുകയെങ്കിലും വേ?"
"വായിക്ക നീ കീറികളഞ്ഞോടി."

അനിത മുത്തശ്ശിയുടെ പരിഭവത്തിലും ഓർത്തുപോയത് രേഷ്മയെയാണ്. മാസങ്ങൾ കഴിഞ്ഞെങ്കിലും ആ ഓർമ്മകളിൽ ഇനിയും തിമിരം വീണിട്ടില്ല. അനിത മുത്തശ്ശിയെ വെല്ലുവിളിച്ചു. കുടം ഞാനുടയ്ക്കുമെന്നല്ലേ മുത്തശ്ശിതള്ളയുടെ പരാതി.

മുത്തശ്ശി പിറുപിറുക്കുന്നു.
നാരായണ.... നാരായണ.....

അനിത നിലത്തു കുന്തിച്ചിരുന്നു. ആ കുടം വളരെപ്പതുക്കെ ചെരിച്ച് കൈകുമ്പിളിലേക്ക് വെള്ളം പാർന്നു. മുഖം കഴുകി. ചൂവിരലിന്റെ നഖംകൊ് പല്ലുകളിലെ ഉമിക്കരിക്കറ ഉരച്ചുകളഞ്ഞു. കുടം പൂർവ്വസ്ഥിതിയിലെത്തിപ്പോൾ ആസ്വാസമായി.

"കുട മുടഞ്ഞോ..?"

മുത്തശ്ശി ചിരിച്ചെങ്കിലും ആ ചിരി അനിതയ്ക്ക് അശേഷം ഇഷ്ടമായില്ല.

തുടർന്നു വന്ന പകലുകളിൽതോന്നി. ഒന്നിനും താനല്ല കുറ്റവാളി. താൻ വെറും നിമിത്തങ്ങൾ മാത്രമേ ആകുന്നുള്ളു. ഒരു രാവിലെ കുളികഴിഞ്ഞ് വസ്ത്രം മാറ്റുവാനായി അലമാറ തുറന്നപ്പോൾ സ്വർണ്ണാക്ഷരങ്ങളുള്ള ക്ഷണക്കത്തുകു. ആ ക്ഷണക്കത്ത് വത്സലയുടേതായിരുന്നു. പഠിക്കുമ്പോൾ ഒരിക്കൽപ്പോലും തന്നോടു സംസാരിച്ചിട്ടില്ലാത്ത വത്സല വിവാഹ സമയത്തു തന്നെ ഓർമ്മിച്ചിരിക്കുന്നല്ലോ എന്ന് അത്ഭുതവും തോന്നി. അതേപ്പറ്റി അമ്മയോടു സംസാരിച്ചപ്പോൾ അമ്മയും അഭിപ്രായപ്പെട്ടു. അനിത ആ വിവാഹചടങ്ങിൽ പങ്കെടുക്കണം. മനസ്സിന്റെ മുഷിപ്പ് അവസാനിച്ചു കിട്ടാനെങ്കിലും അങ്ങനെയൊരു മംഗളകർമ്മത്തിന്റെ ഭാഗമാകണം. പോരാത്തതിന് നിന്റെ പല കൂട്ടുകാരികളേയും അവിടെ വെച്ച് പരിചയം പുതുക്കാൻ പാകത്തിൽ കുമുട്ടുകയും ചെയ്യാം.

അതുവരേയും തന്നെ ബാധിച്ചിട്ടില്ലാത്ത ഒരു ഉത്സാഹം അനിതയിലേക്ക് നുഴഞ്ഞ് കയറി. നല്ല പട്ടുവസ്ത്രങ്ങൾ ചുറ്റി സ്വർണ്ണമാലയണിഞ്ഞ് പുറത്തിറങ്ങുമ്പോൾ അമ്മ കൂടെ വന്നു. "ഈ ആനച്ചന്തമൊക്കെ എവിടെയായിരുന്നു കുട്ടീ ഇതുവരെ?"

''എന്റെ പെട്ടിക്കുള്ളിൽ – അനിത അവളെതന്നെയോർത്ത് സുഖിച്ചു.

"ആ പെട്ടി ഇടക്കൊക്കെ തൊറക്കണം ട്ടൊ കുട്ട്യേ." മുത്തശ്ശിയായിരുന്നു അതു പറഞ്ഞത്. .

അനിത ടാർ നിരത്തിലൂടെ നടന്ന് ബസ്സ്സ്റ്റാന്റിലെത്തി. രുമൂന്നു ബസ്സുകൾ അവളെ ഉപേക്ഷിച്ച് ലക്ഷ്യസ്ഥാനത്തേയ്ക്കു നീങ്ങി. അവൾക്കു വിധിച്ച ബസ്സിൽ അവൾക്കുവേി ഒഴിഞ്ഞുകിടക്കുന്ന സീറ്റിലിരുന്നു യാത്രചെയ്തു. വൃക്ഷങ്ങളും കോൺ ക്രീറ്റു കെട്ടിടങ്ങളും അനിതയെ നോക്കി വിഡ്ഢിച്ചിരി പ്രദർശിപ്പിച്ചു. ബസ്സിൽ നിന്നും താഴെയിറങ്ങി യപ്പോൾ ദഹിപ്പിക്കുന്ന അഗ്നിയായിരുന്നു നിരത്തിൽ കത്തിനിന്നിരുന്നത്. ആദ്യം ക വൃക്ഷശാഖയുടെ തണലിൽ അനിത ഒതുങ്ങികൂടി. ആ തണുപ്പോളം തണുപ്പ് അതിനുമുമ്പൊരിക്കലും അനുഭവിച്ചുായിരുന്നില്ല. ആശ്വാസത്തിന്റെ നിമിഷങ്ങൾ കടന്നുപോയികൊിരിക്കുമ്പോൾ ആ തണുപ്പ് ഒരു സുഖമല്ലാതായി മാറി. ലക്ഷ്യബോധം മനസ്സിൽ നൊമ്പരമാക്കിയപ്പോൾ വെയിലത്ത് നടന്നു. വഴിയിൽ വെച്ച് രാമദാസനെ കപ്പോൾ ആദ്യം ഓർമ്മിച്ചത് തന്റെ ശീലക്കുട ബസ്സിൽ മറന്നിട്ട നിർഭാഗ്യാവസ്ഥയാണ്.

രാമദാസന്റെ മുഖത്ത് വല്ലാത്ത ഒരു അസ്വഥാബോധം കരിമ്പടമിട്ടിരുന്നു. ഒരുമിച്ചു നടക്കുകയെന്ന പ്രക്രിയ രുപേർക്കും ആസഹ്യമായപ്പോൾ രാമദാസൻ ശബ്ദത്തിന്ന് അഗ്നിമുള്ളുകൾ കൊടുക്കുന്നു: അനിത ഞങ്ങളുടെ കല്യാണത്തിന്ന് വന്നില്ല. "രേഷ്മയുടെ കത്തുകൾക്കൊന്നിനും ക്ഷണക്കത്തിനു പോലും മറുപടി അയച്ചില്ല."

എന്താണ് രാമദാസനോട് പറയേതെന്ന് അനിതയ്ക്ക് യാതൊരു നിശ്ചയവും ഉായിരുന്നില്ല. താൻ അത്രയ്ക്ക് കഠിന ഹൃദയയാണോ എന്നും അറിവുായിരന്നില്ല. അയാൾ തുടർന്നു: "വത്സലയുടെ കല്യാണത്തിന്ന് വരുമെന്ന് ഞാൻ കരുതിയില്ല.
"

ഞാനും കരുതിയതല്ല എന്നാണ് അനിത മറുപടി പറഞ്ഞത്. വെയിൽ അത്രയേറെ രൂക്ഷമായിരുന്നതുകൊ് ഉരുകി ക്ഷയിച്ച അനിതയ്ക്ക് പാരവശ്യം അസഹനീയമായി. രാമദാസന്റെ കക്ഷത്തിരിക്കുന്ന കുടയിലേക്ക് നോക്കി അനിത ആശ്രയസ്വരത്തിൽ അപേക്ഷിച്ചു:

"ആ കുട നിവർത്തൂ രാമദാസൻ"

രാമദാസന്റെ മുഖം മാത്രമല്ല സ്വരവും കരുവാളിച്ചിരുന്നു.
"ഇത് കുതിരയില്ലാത്ത കുടയാണ് അനിതേ."

പിന്നെ രാമദാസൻ അകന്ന് നടന്ന് കയറ്റം കയറി നാദസ്വരത്തിന്റെ അലകൾ ശ്രവിക്കാൻ തുടങ്ങി.

●

കവിത

# പരമാനന്ദം!



രാവണപ്രഭു


ഈശ്വരനോടൊത്തു ചേരൽ
അതുമാത്രമാണാനന്ദംപാരിൽ
നാമജപം കൊു തന്നെ
ഒത്തുചേരുവാൻ സാധ്യമാണല്ലോ

ആരാധന, ജപം, ധ്യാനം എന്നീ
പുണ്യകർമ്മങ്ങൾ തുടർന്നാൽ
കാലങ്ങൾ പുണ്യമാക്കീടാം ചീത്തക്കാല
മൊഴിവാക്കി വാഴാം
സങ്കടപ്പെട്ടിരിക്കാതെ സ്വന്തം കർമ്മങ്ങൾ
ചെയ്‌വിനെല്ലാരും.



# നിങ്ങളുടെ അമ്മ





കഥ

– ഇ. വാസു

**കൃ**ത്യം പത്തരമണിയ്ക്കാണ് യോഗം. അത് വിളിച്ചു കൂട്ടിയ ആളെ ഓർമ്മിപ്പിക്കാൻ പി. ഏയുടെയും പ്യൂണിന്റെയും സമ്മതം വാങ്ങി അകത്തെത്തുമ്പോഴാണ് ചോദ്യം.
ഛെ, നിങ്ങൾ എന്തുകൊ് നേരത്തെ അറിയിച്ചില്ല? ഓർമ്മപ്പെടുത്തുക എന്റെ കടമ.

അഥവാ വിളിച്ച് ഓർമ്മിപ്പിക്കാൻ രാവിലെ വീട്ടിലേയ്ക്ക് വിളിയ്ക്കുന്ന പക്ഷം ഏതെങ്കിലും കുട്ടി ഫോണിൽ കുറെ കണകുണ വർത്തമാനം പറഞ്ഞ് അതിന്റെ മമ്മിയെ വിളിച്ചുകൊുവരും.

"ഡാഡി ഈസ് ഇൻ ബാത്ത്റൂം".
മേലുദ്യോഗസ്ഥന്റെ മകളുടെ ശബ്ദം അദ്ദേഹം എവിടെയെന്ന് സ്ഥിരീകരിക്കുന്നു.

അദ്ദേഹം ശരിക്കും ബാത്ത്റൂമിൽത്തന്നെയായിരിയ്ക്കാം. ചെയ്ത പാപങ്ങൾ കഴുകിക്കളയാനാണ് ബാത്ത്റൂം.

ഞാൻ ഉറക്കത്തിൽ കത്തെുന്ന ആശ്വാസം അദ്ദേഹം കുളിമുറിയിൽ കത്തെുകയാവാം.

മേലുദ്യോഗസ്ഥന്റെ ഉറക്കറ ബാത്ത് റൂമിനോട് അറ്റാച്ച് ചെയ്തതാണ് എന്നും വരാം.

ഒഴിച്ചു കൂടാനാവാതെ സാഹചര്യങ്ങളിൽ ഞാൻ അഞ്ചുമിനിട്ട് വൈകി എത്തുകയാണ് എന്നിരിക്കട്ടെ. കൃത്യ സമയത്ത് എല്ലാവരും എത്തിച്ചേർന്ന് ചർച്ചകൾ മുന്നോട്ടു നീങ്ങിക്കഴിഞ്ഞിട്ടുാകും. പ്രാധാനപ്പെട്ട തീരുമാനങ്ങൾ ഞാനറിയാതെ എടുത്തു കഴിഞ്ഞതിന്റെ അപരാധബോധം എന്നെ അലട്ടുകയായി. പിന്നീട് നടക്കുന്ന ചർച്ചകൾ വൈകി വന്ന എന്നെ വളഞ്ഞു പിടിക്കുക എന്ന ലക്ഷ്യത്തോടെയാകും നീങ്ങുക.
മറ്റേതോ വകുപ്പിൽ നിന്ന് വന്നവൻ. ചാരപ്പണിക്കാരൻ!

എല്ലാവരും എന്നെ അങ്ങിനെയാണ് കാണുന്നത്. എനിക്ക് നന്നായി അത് മനസ്സിലായിട്ടു്. അവരുടെ സ്വകാര്യ താല്പര്യങ്ങൾ, കുശുകുശുക്കൽ, കൂട്ടായ അഴിമതി.

എല്ലാം ചോർത്തിയെടുക്കാൻ എത്തിപ്പെട്ടവൻ. നിർഭയം ഒരൊറ്റ ചോദ്യവും അവർ ഇഷ്ടപ്പെടുകയില്ല.

ചുളിയുന്ന നെറ്റി കാണുന്നില്ലെന്നു ഭാവിച്ച് വിഡ്ഢിത്തം നിറഞ്ഞ അവരുടെ തീരുമാനങ്ങളെ തുറന്നുകാട്ടി. ഒരു മുന്നറിയിപ്പിന്റെ അനിവാര്യതയോടെ പറഞ്ഞു.

"തെറ്റായ വഴിയ്ക്ക് നീങ്ങുകയാണ് നാം. ഇതൊന്നും ഇങ്ങനെയല്ല വേത്". കൂട്ടിന്റെ എല്ലാ അഴികളും പൊളിച്ച് പുറത്തുകടക്കുന്ന മൃഗത്തെപ്പോലെ അങ്ങിനെ ധൈര്യം നടിച്ച് നടന്നപ്പോഴാണ് ഡോക്ടറുടെ വിധി വന്നത്.

നിങ്ങളുടെ രക്തത്തിൽ സമ്മർദ്ദം കുറവാണ്.
ലോ ബ്ലഡ് പ്രഷർ. സിരകളിൽ സമ്മർദ്ദം കുറയുന്നതും ഒരു രോഗം!

താഴെ ബർത്തിലേയ്ക്കു നോക്കിയപ്പോൾ തല കറങ്ങുന്നതായി തോന്നി. വി നിർത്തിയിട്ടിരിക്കുന്നത് കുറ്റിപ്പുറം സ്റ്റേഷനിലാണ്.

കുറ്റി ആരുടെയോ പുറത്ത് അടിച്ചു കയറ്റിയതുപോലെ.

"അല്ല; വല്ലതും പറഞ്ഞൊ?"

താഴെ സീറ്റിൽ കാൽ മടക്കിവെച്ച് സിഗരറ്റു വലിച്ചൂതുന്ന കൃശഗാത്രൻ മുകളിലേക്ക് തല കുർപ്പിച്ചു നോക്കി ചോദിച്ചു.

"എവിടെയെത്തിസ്നേഹിതാ?"

ഈ രാത്രിവിയിലെ യാത്ര, ദീർഘദൂരം, കഠിനം തന്നെ. ഞാൻ ഭാര്യയെയും അമ്മയെയും ഓർത്തതാണ്. അതുകൊ് നിഷേധാർത്ഥത്തിൽ തല കുലുക്കി.

എവിടെയും എത്തിയില്ല സുഹൃത്തേ!

എന്നെപ്പോലെ നിങ്ങളും അവരെയൊക്കെ നിരാശപ്പെടുത്തുന്നുാവണം. ഇങ്ങനെ മെലിഞ്ഞ ഈ ശരീര പ്രകൃതം. നിങ്ങളെ ഒരിടത്തും അത് സ്ഥാപിയ്ക്കില്ല.

പുറം വരുമാനമെന്നും കിട്ടത്തില്ല, അല്ല്യോ?

ഭാര്യയുടെ അമ്മ പക്ഷെ ചോദിയ്ക്കുന്നത് മറ്റൊരു ഭാഷയിലാണ്.

മെലിഞ്ഞുകൊുവരുന്നതിൽ ഭാര്യയും പ്രകടിപ്പിയ്ക്കുന്നതു സ്നേത്തിന്റെതായ ആശങ്ക തന്നെയാണ്. നന്നായി വണ്ണംവെച്ച്, തക്കാളിക്കവിളും ഇത്തിരി കുടവയറും ഒക്കെയായി

എങ്കിൽ സിഗരറ്റുവലിച്ച് ചുമയ്ക്കുന്നതിൽ വലിയ തെറ്റില്ല.

സ്നേഹക്കൂടുതൽ കൊ് അമ്മയെക്കാണാൻ പോകുന്നു എന്നാണ് ശാന്ത കരുതുന്നത്. അവളുടെ ആഗ്രഹനിവൃത്തി ഒരു വെറും മുഖംമൂടി.

അമ്മയോടുള്ള സ്നേഹം ഒരു ചൂഷ്ണത്തിന്റെ രൂപം പ്രാപിയ്ക്കുന്നതിൽ ലജ്ജയു്. അച്യുതൻ ഒമാനിൽ നിന്ന് കൊുവന്നു

കൊടുത്ത സ്വർണ്ണച്ചെയ്ൻ കരസ്ഥമാക്കാനാണ് പോകുന്നത്. അവൻ മടങ്ങിപ്പോകുന്നതോടെ അമ്മ ഒറ്റയ്ക്കാവും. ഒറ്റയ്ക്ക് ഒരു വീട്ടിൽ അത്ര വലിയ ചെയിൻ സൂക്ഷിക്കുന്നത് പന്തിയല്ല. അതുകൊ് ഞാൻ സൂക്ഷിക്കാം.

മകന്റെ വില കൂടിയ ഉടുപ്പും സ്വർണ്ണച്ചെയ്ൻ കഴുത്തിലണിഞ്ഞ് നിവർന്ന നടപ്പും ക് അമ്മയുടെ മനസ്സ് കുളിർക്കും. ടൈ കെട്ടിയ മക്കൾ സ്കൂൾ ബസ്സിൽ ഓടിക്കയറുന്നത് ശാന്ത എത്ര അഭിമാനത്തോടെയാണ് നോക്കി നിൽക്കാറുള്ളത്!

അവൾ പക്ഷെ പട്ടുസാരിയുടുത്താണ് മക്കളെ യാത്രയയ്ക്കാൻ റോഡുവക്കിൽച്ചെന്ന് നിൽക്കുന്നത്.

അമ്മയുടെ രീതി അതല്ല.

നല്ല ഉടുപ്പണിഞ്ഞ് നടന്നാലെന്താണ് അമ്മയ്ക്ക്? അച്യുതൻ ലീവിൽ വരുമ്പോഴൊക്കെ പലതും കൊുപോയി കൊടുക്കുന്നു്. തിളക്കമാർന്ന ലുങ്കി, പുതപ്പ് അതൊക്കെ ഒന്ന് തിരിച്ചും മറിച്ചും നോക്കി പെട്ടിയിലോ പത്തായത്തിലോ ചുരുട്ടിവെയ്ക്കും; അത്രതന്നെ.

"ലപ്പോൾപ്പറയുന്നു കുഞ്ഞുണ്ണൂലി..."

ചെറുമിപ്പെണ്ണുങ്ങൾ ഞാറ് നടുമ്പോൾ പാടുന്ന പാട്ട് മൂളിക്കൊ് ചൂടി പിരിയാനിനിരിക്കുകയാണമ്മ. കമ്പനിപ്പണിക്കാരുടെതുപോലെ മുഷിഞ്ഞ തോർത്തുമുും പുതച്ച്

ചകിരി തല്ലിക്കീറി തുപ്പെടുത്ത് പവൻ നിറമുാക്കുന്നു. ചകിരിനാരു കൊ് നേർത്ത് തിളങ്ങുന്ന മാലയുാക്കാനും അമ്മയ്ക്കറിയാം.

പത്തരമാറ്റിന്റെ സ്വർണ്ണം കൊുാക്കിയതാണെന്നു തോന്നും.

അമ്മയ്ക്ക് അങ്ങിനെയൊക്കെ ചെയ്യേതായ ആവശ്യമില്ല. വിളക്കു കത്തിയ്ക്കാൻ മണ്ണെണ്ണ വാങ്ങാൻ അമ്മ കഠിനമായി അദ്ധ്വാനിയ്ക്കേിവന്ന ഒരു കാലം ഉായിരുന്നു. അതിന്റെയൊക്കെ ഗുണം അനുഭവിച്ച ആളെന്ന നിലയ്ക്ക് ഗുണദോഷങ്ങൾ പറയാനെന്നും ധൈര്യം എനിയ്ക്കില്ല. എന്തെങ്കിലും പറഞ്ഞാൽ അമ്മ തിരിഞ്ഞു നില്ക്കും.

എന്റെ ചെലവിന് പിന്നെ നീയ്യ് തരുമോ?

എന്തു ചെലവ് എന്നു ചോദിച്ചാൽ മറുപടിയു്.

ങ്ആ, അതൊക്കെയു്.

എത്ര കിട്ടിയാലാണ് അമ്മയ്ക്ക് മതിയാവുക?

ഞാൻ കൈയയച്ച് കൊടുക്കുന്നില്ലായിരിക്കാം. അച്യുതൻ അങ്ങിനെയല്ലല്ലൊ. അവനാണെങ്കിൽ കല്യാണം കഴിച്ചിട്ടും ഇല്ല.

വല്ല ആവശ്യവുമുായിട്ടാണോ അമ്മ ഇതെല്ലാം കാണിയ്ക്കുന്നത്? ശാന്ത അങ്ങിനെ ചോദിക്കുന്നത് വെറുതെയല്ല. ഓല ചീന്തി അവർക്കാദർകുട്ടിമാപ്പിളയുടെ കുിൽകൊിട്ട് ആഴ്ത്തുന്നതും ചീഞ്ഞ് പാകമാവുമ്പോൾ വലിച്ച് പുറത്തിട്ട് തെങ്ങിൻ ചോട്ടിൽത്തന്നെയിരുന്ന് മെടയുന്നതും അമ്മ തന്നെ. മതിലിന്റെ പുറത്തു നിരത്തി ഉണക്കലാണ് പിന്നെ.

വീട് ഓടിട്ടിട്ടും അതിന്റെ ആവശ്യമെന്ത്?

അവുക്കാദർകുട്ടി മാപ്പിളയുടെ പാടത്ത് ഞാറ് പറിച്ചുനടുന്ന പെണ്ണുങ്ങളുടെ പാട്ട് അമ്മ ചെകിടോർത്തിരിക്കും.

"തച്ചോളി വീട്ടിലെ ചേകവന്മാർ"

ഒരാൾ ഈണത്തിൽ പാടിക്കൊടുക്കുകയും പലർ ഏറ്റുപാടുകയുമാണ്. അമ്മയുടെ വടക്കൻ പാട്ടിലെ വാക്കുകൾ തപ്പിയെടുത്ത് നിവർക്കാൻ ശാന്ത പാടുപെടുകയാണ്. ഇതൊക്കെ ഏതു നാട്ടിലെ എപ്പോഴത്തെ ഭാഷാ?

എന്താണിവറ്റ പറയുന്നത്?

അതെ, അതു തന്നെ. തച്ചോളിയോ, കൊന്നോളിയോ, കൊായി കുഴിച്ചിട്ടോളിയോ!

മഴയത്ത് ചെറുമിപ്പെണ്ണുങ്ങൾ പനയോലയ്ക്കുടയ്ക്കു പകരം നീല പ്ലാസ്റ്റിക്കിന്റെ പുതപ്പണിഞ്ഞാണ് ഇപ്പോൾ പാടുന്നത്. 'ബാബാ ബ്ലാക്ക്ഷിപ്പ് ' പാടുന്ന കുട്ടികൾക്ക് ശാന്ത വിശദീകരിച്ചു കൊടുക്കുന്നു്.

"ലുക്ക്, ദാറ്റീസ് റെയിൻ ഗാഡ്!"

ചിമ്മീണി വിളക്കത്ത് ഇത്തിരി വെളിച്ചത്തിൽ കാൽ രും നീട്ടിയിരുന്ന് ആരോമൽ വീട്ടിലെ ചേകവന്മാരുടെ സങ്കീർത്തനം ഉരുവിട്ട് ചൂടിപിരിയുന്ന അമ്മയാണ് ഉറക്കൊഴിഞ്ഞ് പുസ്തകം വായ്ക്കാൻ എനിക്കുായിരുന്ന പ്രേരണ.

രാവേറെ ച്ചെല്ലുമ്പോൾ അമ്മ പറയുകയായി. "മതി മോനേ! ഇനി പോയി കിടന്നൊ!"

എന്റെ കണ്ണുകളിലെ ഉറക്കമൊഴിപ്പിന്റെ കലക്കം ക് അസ്വസ്ഥയാകുന്ന അമ്മയുടെ നേരെ ആശങ്കയോടെയാണ് നോക്കുന്നത്.

അപ്പോൾ അമ്മ

ഉറക്കം അമ്മയ്ക്ക് വേ?

ഉറക്കം വരാത്തതുകൊാാണ്. പ്രായം കുടുമ്പോൾ ഉറക്കം കുറഞ്ഞു കൊുവരും.

അമ്മ രാത്രി നേർത്ത ഉറങ്ങാൻ തുടങ്ങിയാൽ പിറ്റേന്ന് വീട്ടിൽ ഉപ്പും മുളകും മാത്രമല്ല ഇല്ലാതെ വരുന്നത്. മൂട്ടവിളക്കിലൊഴിയ്ക്കാൻ ചിമ്മിണിയെണ്ണയും കന്നെുവരില്ല.

ഞരമ്പ് എടുത്തു പിടിച്ച കാലിൽ കടച്ചിൽ മാറ്റാൻ അമ്മ തേച്ചുപിടിയ്ക്കുന്ന എണ്ണയും അതുതന്നെ.

അങ്ങിനെയൊക്കെ അമ്മ ഉറക്കൊഴിയുമ്പോൾ ഞാൻ എങ്ങിനെ കിടന്നുറങ്ങും?

കടമ. ആരും ഓർമ്മിപ്പിയ്ക്കാത്ത വികാരം.

(ശേഷം പേജ് 24ൽ)






# ലോകഫുട്ബോൾ : 2011ന്റെ അടയാളങ്ങൾ



ഭാസിമലാപറമ്പ്

**ലോ**കഫുട്ബോളിൽ ഒരു വർഷം എന്നാൽ സീസൺ എന്നർത്ഥം-; കലർ വർഷമല്ല. ഇന്ത്യയിൽ ജൂൺ മുതൽ അടുത്ത മെയ് വരെ, യൂറോപ്പിൽ ജൂലൈ മുതൽ അടുത്ത ജൂൺവരെ എന്നിങ്ങനെ കളിക്കാലത്തിന്ന് കൊച്ചു മാറ്റമുങ്കിലും കളിക്കാരുടെ ഭാവിക്ക് മുൻഗണന നൽകുന്ന രാജ്യാന്തര ഫുട്ബോൾ സംഘടന ഫിഫ എല്ലാ കോൺഫെഡ റേഷനുകളിലും വർഷം സ്ഥിരമാക്കിനിർത്തുന്നു.



ഡിയേഗോ ഫോർലാൻ

ചരിത്രരേഖകളിൽ പക്ഷെ, സമയപരിധി കലർ വർഷം തന്നെയാണല്ലൊ. അതുകൊ് യവനികയിൽ മറയുന്ന 2011ലെ ചില അടയാളങ്ങളിലേക്ക് ഒരു പിൻനോട്ടമാവാം.

<u>**ഒന്ന് : കളിക്കാരുടെ റിക്കാർഡ് നേട്ടങ്ങൾ.**</u>


**1. റൌൾ ഗോൺസാലെസ് (സ്പെയിൻ) :** 35 കാരനായ വെറ്ററൻ സൈറ്റക്കർ റൌൾ ജന്മനിയിലെ ഷാൾക്കെ ക്ലബ്ബിന്റെ ജർസിയിൽ ജർമ്മൻ കപ്പു നേടി; യുവേഫാ ചാമ്പ്യൻസ് ലീഗിൽ സെമിബർത്ത് കിട്ടുന്നതിൽ മുഖ്യപങ്കു വഹിക്കുകയും ചെയ്തു. ക്വാ. ഫൈനലിൽ ഇന്റർമിലാനെതിരെ ഒരു ജോഡി ഗോളുകൾ നെറ്റിലെത്തിച്ചപ്പോൾ അത് റൌളിനെ "യുവേഫാ ടൂർണ്ണമെന്റുകളിൽ ആകെ ഗോൾ 72" എന്ന പുതിയ റിക്കാർഡിന്നുടമയാക്കി.

2. **ഡിയേഗോ ഫോർലാൻ** (യുറുഗ്വായ്) : സൌത്തമേരിക്കൻ വൻകരാ ടൂർണ്ണമെന്റ് 'കോപാ അമേരിക്ക'യിലെ യുറുഗ്വായ് വിജയം വഴി 1967ൽ പിതാവ് പാബ്ലോഫോർലാന്റെ നേട്ടം ഡിയേഗോ ഫോർലാൻ ആവർത്തിക്കുകയായിരുന്നു. 1967ൽ യുറുഗ്വായ് കോച്ചാകട്ടെ ഡിയേഗോയുടെ മുത്തച്ഛൻ! (അമ്മയുടെ അച്ഛൻ) പേര് ഇവാൻ കാർലോസ് കൊറാസോ. അങ്ങിനെ ഡിയേഗോയുടെ കോപാ അമേരിക്കാ നേട്ടം മൂന്നു തലമുറകളുടെ നേട്ടമായി റിക്കാർഡ് കുറിക്കപ്പെട്ടു. മാത്രമല്ല കോപാ കപ്പ് നേട്ടം പതിനഞ്ചിലേക്കുയർത്തി പതിനാല് കപ്പ് എന്ന അർജന്റിനാ റിക്കാർഡ് ഭേദിക്കുകയും ചെയ്തു. (1959 ലും യുറുഗ്വായ്ക്ക് കപ്പ് നേടിയ കോച്ച് കൊറാസോ തന്നെ).

"എന്റെ മുത്തച്ഛൻ കപ്പു നേടി; അച്ഛനും, ഇപ്പോൾ ദൈവം എനിയ്ക്കും ആ വരം തന്നു" എന്നായിരുന്നു 2011ലെ വിജയത്തെപ്പറ്റി ഡിയേഗോയുടെ വാക്കുകൾ.

**3.ക്രിസറ്റ്യാനോ റൊണാൾഡോ (പോർച്ചുഗൽ) :** 2010 - 11 ലെ സ്പാനിഷ് ലീഗിൽ റിയാൽ മാഡ്രിസ് ക്ലബിന്നുവേി നല്പതു ഗോൾ സ്കോർ ചെയ്ത ക്രിസ്റ്റ്യാനോ റൊണാൾഡോ യൂറോപ്യൻ ലിഗുകളിൽ ടോപ്സ്കോറർക്കുള്ള ഗോൾഡൻ ഷൂ സ്വന്തമാക്കി. റിയാലിന്നുവേി നൂറു ഗോൾ എന്ന നേട്ടവും അതോടെ റൊണാൾഡോക്കുതന്നെ!

4. അഹമ്മദ് ഹാസൻ (ഈജിപ്ത്) : കഴിഞ്ഞ നവംബറിൽ ബ്രസീലിനോട് ഒരു ജോഡി ഗോളിന്ന് പരാജയം വാങ്ങിയ ഈജിപ്തിന്റെ ടീമിൽ ജർസിയണിഞ്ഞ അഹമ്മദ് ഹാസൻ ഒരു ദേശീയടീമിന്ന് 178 തവണ കളിക്കുന്ന റിക്കാർഡു നേട്ടത്തിന്നുടമ



ക്ലിസ്റ്റിനോ റൊണാൾഡോ

യായി. മെക്സിക്കോയുടെ ക്ലോഡിയോ സോറസ്, സൌദി അറേബിയയുടെ മുഹമ്മദ് അൽദായി എന്നിവരുടെ റിക്കാർഡിനൊപ്പമായി ഹാസൻ.

5. ജാവിയർ സനേറ്റി (ഇറ്റലി) : ഇന്റർമിലാന്നു വേി നൊവാറക്കെതിരെ 'അവേ' മാച്ചിൽ ജർസിയണിഞ്ഞ ദേശീയ താരം ജാവിയർ സനേറ്റി ഒരു ക്ലബ്ബിന്ന് 756 എഴുനൂറ്റി ഒമ്പത്തിയാറ് തവണ കളിക്കുക എന്ന ബെർഗോമിയുടെ മുൻറിക്കാർഡ് തിരുത്തിയതും 2011ൽ തന്നെ!

## ര്: പരിശീലകരുടെ നേട്ടങ്ങൾ; നിർഭാഗ്യങ്ങൾ:

**1. അലെക്സ് ഫെർഗുസൺ (മാഞ്ചസ്റ്റർ യുണൈറ്റഡ്) :** 2011 ൽ സ്വന്തം സപ്തതി വർഷത്തിലെ ലീഗു കിരീടം താൻ ക്ലബ്ബിനു നൽകുന്ന വ്യാഴവട്ട നേട്ടമാക്കി കോച്ച് ഫെർഗുസൺ. അതോടെ മാഞ്ചസ്റ്ററിന്ന് പത്തൊമ്പതാമത്തെ ലീഗ് കിരീടം എന്ന ഇംഗ്ലീഷ് ലീഗ് റിക്കാർഡും! കൂട്ടത്തിൽ ഒരു ക്ലബ്ബിന്റെ ഏറ്റവും ദീർഘകാലത്തെ കോച്ച് എന്ന മറ്റൊരു നേട്ടവും ഫെർഗുസൺ പുസ്തകത്തിലെഴുതി - രരപതിറ്റാ് എന്ന്!

**2. ജൂർഗൻ ക്ലോപ്പ് (ബെറൂസിയ ഡോർട്ട്മ്് ) :** കളിയിൽ ആധുനിക സമീപനവും പ്ലാനിങ്ങും വഴി ഏറ്റവും കുറഞ്ഞ ശരാശരി വയസ്സുള്ള ഒരു ടീമിനെ, ബൊറൂസിയ ഡോർട്ട്മു് ക്ലബ്ബിനെ, 'ബുസ്ലിഗ' എന്ന ജർമ്മൻ ദേശീയ ലീഗിൽ ചാമ്പ്യന്മാരായി ഉയർത്തിയ കോച്ചായി 2011 ൽ ജർഗൻ ക്ലോപ്പ്!

**3. സെർജിയോ ബാപ്റ്റിസ്റ്റ (അർജന്റീന) :** മറഡോണയുടെ നേതൃത്വത്തിൽ മെക്സിക്കോ 86 ലോകകപ്പ് കിരീടം നേടിയ ബാപ്റ്റിസ്റ്റ, മറഡോണക്കുശേഷം അർജന്റീനയുടെ കോച്ചായപ്പോൾ, അതിഥേയരാണെങ്കിൽ കൂടി കോപാ അമേരിക്കയിൽ അർജന്റീന ക്വാർട്ടർഫൈനലിൽ യുറുഗ്വായ്ക്കെതിരെ പെനൽറ്റി ഷൂട്ടൗട്ടിൽ പരാജയം വാങ്ങി. കോച്ചു പദമേറ്റെടുത്ത് ഒരു വർഷം തികയുന്നതിനു മുമ്പുതന്നെ ബാപ്റ്റിസ്റ്റ പുറത്തേക്കുള്ള വഴികാണുകയും ചെയ്തു!

4. റൂഡ് ഗുള്ളിറ്റ് (ഹോള്യ്) : ഹോളിനെ 1988ലെ യൂറോ ചാമ്പ്യൻഷിപ്പിലേക്ക് നയിക്കുകയും ഇറ്റാലിയ 90 ലോകകപ്പിൽ മിന്നിത്തിളങ്ങുകയും ചെയ്തു മുൻ യൂറോപ്യൻ - ലോക ഫുട്ബോളർ റൂഡ്. ഗുള്ളിറ്റ് റഷ്യൻ ലീഗിൽ ടെറിക് ഗ്രോസ്നി ക്ലബ്ബിന്റെ കോച്ചായി എത്തിയെങ്കിലും ആകെ സേവനമനുഷ്ടിച്ചത് അഞ്ചുമാസം മാത്രം! റഷ്യൻ ലീഗിൽ ഈ ചെച്നിയൻ ക്ലബ്ബിന്റെ സ്ഥാനം അവസാനത്തേതായി എന്നതായിരുന്നു കാരണം. ക്ലബ്ബുടമ റംസാൻ കാദിറോവിന്റെ വാക്കുകൾ : "ഗുള്ളിറ്റിന്ന് ഫുട്ബോളിനേക്കാൾ പ്രിയം ബാറുകളും ഡാൻസ് ക്ലബ്ബുകളുമാണ്!"

## മൂന്ന് : 2011 ബൂട്ടഴിച്ചവർ

**1. മാർട്ടിൻ പാലെർമോ (ബോക്ക ജൂനിയേർസ്, അർജന്റീന) :** 'തീവി' എന്ന വിളിപ്പേരുള്ള പരിചയമേറെയുള്ള സൈസ്ട്രക്കർ സൌത്താഫ്രിക്കാ ലോകകപ്പുകളിച്ചു. ഒരു വർഷം തികയുമ്പോൾ തന്നെ ബൂട്ടഴിച്ചു! കോപാ അമേരിക്ക 99ൽ ഒരൊറ്റ മൽസരത്തിൽ മൂന്നു പെനൽറ്റികിക്കുകൾ നഷ്ടപ്പെടുത്തിയതിനെ തുടർന്ന് ഒരു പതിറ്റാുകാലം രാജ്യാന്തര മത്സരങ്ങളിൽനിന്ന് വിട്ടുനിന്ന പാലെർമോയെ കോച്ചു മറഡോണ സൌത്താഫ്രിക്ക 2010 ലോകകപ്പിനുള്ള ടീമിലേക്ക് തിരിച്ചു വിളിക്കുകയായിരുന്നു. പക്ഷെ 2011ൽ തന്നെ പാലെർമോ കളി നിർത്തി.

2. **റൊണാൾഡോ (കോറിന്ത്യൻസ്, ബ്രസീൽ) :** ബ്രസീലിനു വേി ലോകകപ്പ് നേടിയ മുൻലോകഫുട്ബോളർ റൊണാൾഡോ ബൂട്ടഴിച്ചതും കഴിഞ്ഞ വർഷം ഫെബ്രുവരിയിൽ- 34ാം വയസ്സിൽ. "എന്റെ ശരീരം എന്നെ തോല്പിക്കുന്നു; ഇനി വയ്യ" എന്നാണ് റൊണാൾഡോയുടെ വാക്കുകൾ.

3. ഫാബിയോ കന്നവാരോ (അൽ അഹ്ലി, ഇറ്റലി) : ഇറ്റലിക്കു വേി ലോകകപ്പ് കിരീടം സ്വന്തമാക്കിയ ക്യാപ്റ്റൻ കന്നവാരോ യു. എ. ഇ. യിലെ അൽ അഹ്ലി ക്ലബ്ബിന്നുവേി രു വർഷത്തെ കരാർ നൽകി. പക്ഷെ ഒരു കൊല്ലം കളിച്ചു. പിന്നെ ബൂട്ടഴിച്ചു. വയസ്സ് 37 ആണ്. കന്നവാരയുടെ വാക്കുകൾ എനിക്ക് ഖേദമു് എന്നു മാത്രമമയിരുന്നു.

**<u>ഒടുവിൽ 2011ലെ ഇന്ത്യൻ ഫുട്ബോൾ നേട്ടങ്ങൾ കൂടിയാവാമല്ലൊ.:</u>**

ന്യൂഡൽഹിയിൽ കളിച്ച സൌത്ത് ഏഷ്യ ഫുട്ബോൾ ഫെഡറേഷൻ ചാമ്പ്യൻഷിപ്പിൽ ഇന്ത്യക്ക് മുൻ മുൻവിജയത്തിന്റെ ആവർത്തനം. എതിർടീമുകൾക്കെതിരെ വിജയങ്ങൾ ഇങ്ങിനെയായിരുന്നു- ഗ്രൂപ്പ് ലീഗ് : VS അഫ്ഗാനിസ്ഥാൻ 1-1, VS ഭൂട്ടാൻ 5-0; VS ശ്രീലങ്ക 3-0; സെ. ഫൈ: VS മാലദ്വീപ് 3-1, ഫൈനൽ: VS അഫ്ഗാനിസ്ഥാൻ 4-0; ആകെ അഞ്ചു കളികൾ, ഗോൾ: അടിച്ചത് 16, വഴങ്ങിയത് 2.

206 അംഗ ലോകസംഘടനയിൽ സാഫ് രാഷ്ട്രങ്ങളുടെ ലോകറാങ്കിങ്ങ് ഇങ്ങിനെയാണ്:

നേപ്പാൾ - 153, ബംഗ്ലാദേശ് -157, ഇന്ത്യ -162, മാലിദ്വീപ് - 173, അഫ്ഗാനിസ്ഥാൻ -177, പാക്കിസ്ഥാൻ - 179, ശ്രീലങ്ക - 180, ഭൂട്ടാൻ - 202.


അടികുറിപ്പ് : എല്ലാ കൊല്ലങ്ങളിലേയും പോലെ ലോകഫുട്ബോളിലും അഴിമതിയുടെ റിക്കാർഡു റിക്കാർഡുകൾ കൂടിയു്. പക്ഷെ കൽമാഡിയുടെ നാട്ടിൽ അതിന്ന് പ്രസക്തിയില്ലല്ലോ! ■


സാംസ്ക്കാരികം:

ജോബിഷ് തലക്കുളത്തൂർ

# ആക്ഷേപം - അഭിപ്രായം

kmwkvlm-cnl cwK-s¯-aq-ey-





പഴയ കാലഘട്ടങ്ങളിൽ ഒക്കെ ധാരാളം ക്ലബ്ബുകളും സാമൂഹ്യ, സാംസ്കാരിക സംഘടനകളും, സംഘാടകരും മലയാളി സമൂഹത്തിൽസജീവമായി നിലനിന്നിരുന്നു. ഇവരുടെയൊക്കെ നിരന്തരപ്രവർത്തനങ്ങൾ പ്രത്യേകിച്ച് ഗ്രാമങ്ങളിൽ കൂട്ടായ്മകൾക്ക് വഴിയൊരുക്കി. കലാരംഗത്തും, സംസ്കാരിക രംഗത്തും പ്രഗൽഭരായവരെ കത്തെുവാനും, വളർത്തുന്നതിനും ഒരു പരിധിവരെ ഇത്തരം ക്ലബ്ബുകൾക്കും, സംഘടനകൾക്കും കഴിഞ്ഞിരുന്നു. ഇപ്പോൾ ഇത്തരം കൂട്ടായ്മയിൽ നിന്നകന്ന് ടി.വി. ചാനൽ റിയാൽറ്റി ഷോയിലേക്കും, അനുബന്ധപരിപാടികളിലേക്കും ജനത്തിന്റെ ശ്രദ്ധ ആകർഷിച്ചതോടെ, സാമൂഹിക, സാംസ്കാരിക സംഘടനകൾക്ക് ഗ്രാമങ്ങളിൽ വേരോട്ടം കുറയാൻ തുടങ്ങി. ഫലമോ യുവാക്കൾ ഉൾപ്പെടെയുള്ളവർ, ഒഴിവു സമയങ്ങൾ ആഘോഷിക്കുന്നതിനായി ലഹരി പദാർത്ഥങ്ങളിലേയ്ക്കും മറ്റും വഴുതി വീഴുന്നതിനു കാരണമായി. ഇന്നാണെങ്കിൽ കൊച്ചു കുട്ടികൾപോലും, LKG മുതൽ ഡാൻസും പാട്ടും ഒക്കെ അഭ്യസിക്കാൻ തുടങ്ങുകയാണ്. കുട്ടികളുടെ അഭിരുചി മനസ്സിലാക്കിയാണോ രക്ഷിതാക്കൾ ഇവരുടെ പാഠ്യവിഷയങ്ങൾ തെരഞ്ഞെടുക്കുന്നത് എന്ന് ചിന്തിക്കേിയിരിക്കുന്നു. പണത്തിനേയോ പ്രസക്തിയേയോ, പ്രശസ്തിയേയോ ലാക്കാക്കി ഇന്നിപ്പോൾ കുട്ടികളല്ലാത്തവരും അവർക്കു പറ്റാവുന്ന രീതിയിൽ "അഭ്യാസത്തിന് പോവുന്നു്." അവരെയും കുറ്റം പറയാതിരിക്കാം. കാരണം ടെലിവിഷൻ റിയാലിറ്റി ഷോ ഇപ്പോൾ പ്രായമായവർക്കും പ്രായപൂർത്തിയായവർക്കും ഉള്ളതാണല്ലോ. ഇത്തരത്തിലുള്ള പ്രഹസനങ്ങൾ പൊതുവേ "അണു കുടുംബമായി കൊിരിക്കുന്ന" സമൂഹത്തെ പലതരം തെറ്റായ പ്രവണതയിലേക്കും മറ്റും നയിക്കുന്നു്. പക്ഷേ ഇത്തരക്കാർ കാരണം സമൂഹത്തിൽ ഛിദ്രശക്തികൾ വളരുന്നില്ലെന്നും നിർദ്ദോഷികളെന്നും നമുക്കാശ്വാസിക്കാം.

സമൂഹം നല്ലവരാവുമ്പോഴേ സമൂഹത്തിൽ നല്ല മനുഷ്യമനസ്സുള്ളവരുടെ ഉൾത്തിരുവുാവൂ. കാലാ കാലങ്ങളിലും അനുകരണീയമല്ലാത്ത സ്വാഭാവമുള്ളവൻ സാമ്പത്തിക സുഖലോലുപനും സമൂഹജീവിതത്തിൽ ദരിദ്രരുടെ കാണാമാറയത്തെ ദൈവം ആയവനായി വാഴുകയും-നല്ലവൻ കാലാകാലങ്ങളിലും ജീവിത കഷ്ടപ്പാടുകൾ അനുഭവിക്കുകയും ചെയ്യുന്നത് സാമൂഹിക ധർമ്മ നീതിയിൽ അധിഷ്ടിതമല്ല. അതുകൊു തന്നെ സാമൂഹിക ധർമ്മ നീതിയിൽ കൂടി ഒരുവന് നല്ല മനസ്സ് ഉൾത്തിരിയണമെങ്കിൽ സമൂഹത്തിലുള്ള മറ്റുള്ളവർ അനുകരണീയ സ്വാഭാവമുള്ളവരും നല്ലവരായി ഉൾത്തിരിഞ്ഞ് മനസ്സു പ്രവർത്തിക്കുന്നവരുടെ രക്ഷകരുമായിരുന്നിരിക്കണം. എഴുതപ്പെട്ട ലിഖിതമല്ലെന്നിരിക്കിലും ഇതിനെ യാണല്ലോ സാമൂഹിക നീതി യെന്നും ധർമ്മമെന്നുംമെല്ലാം പറയുന്നത്."

ദൃശ്യമാധ്യമങ്ങളും വാർത്താമാധ്യമങ്ങളും സമൂഹത്തിൽ ജനനന്മയുടെ പക്ഷം പിടിച്ചു പറയുന്നതിനെ മറന്നുകൊു പറയുകയല്ല. ദൃശ്യമാധ്യമങ്ങളായാലും, വാർത്താമാധ്യമങ്ങളായാലും രാഷ്ട്ര നിർമ്മാണത്തിനും രാഷ്ട്ര നന്മയ്ക്കും, ജനനന്മക്കും വേിയുള്ള വാർത്തകളാണ് പ്രചരിപ്പിക്കേത്. നമുക്ക് ഓർക്കാം. പഴയകാല മലയാള സിനിമയിലെ സീനിൽ ഒരിക്കല്ലെങ്കിലും നായകനായാലും വില്ലനായാലും മറ്റ് ഏത് കഥാപാത്രമായിരുന്നാലും നിയമവിരുദ്ധമായാണ് പ്രവർത്തിക്കുന്നതെങ്കിൽ അന്നത്തെ തിരകഥാകൃത്തും സംവിധായകനും നിർമ്മാതാവും കൂടി എടുക്കുന്ന തീരുമാനത്തിൽ അവസാനം അയാൾ മരിക്കുന്നതോ നിയമത്തിനു വിധേയനാകുന്നതോ ആയ സീനുകളായിരിക്കും ഉൾപ്പെടുത്തുക. അത് ജനമനസ്സിനെ മാനസികമായി തെറ്റുകളിൽ നിന്ന് ദൂരി

കരിച്ചു നിർത്താനുള്ള ഒരു സാമൂഹിക നന്മാബോധം കൊായിരുന്നു. ഇന്നത്തെ സിനിമകളിലെ നായകൻ വടിവാളുമായി നൂറ് പേരെയെങ്കിലും വെട്ടിനിരത്തിയും കൊലചെയ്തും അവസാനം കാമുകിയുമായി കല്യാണം കഴിച്ചു ജീവിക്കുന്ന ശുഭ രംഗപാട്ടു സീനോടു കൂടി സിനിമ തീരുന്ന വ്യത്യസ്ഥതയുടെ സാംസ്ക്കാരമാണ് നാം കാണുന്നത്.



സാധാരണ ജനങ്ങൾക്ക് കുറ്റവാസനയുാകുന്ന ഇത്തരത്തിള്ള സിനിമകൾക്കും വാർത്തകൾക്കും ബദലായി നല്ലപരിപാടികൾ ടെലിവിഷനിലും മറ്റും വന്നാൽ ഭാവി തലമുറയെങ്കിലും ക്രീമിനൽ മൈന്റ് ഇല്ലാതേയും കുറ്റങ്ങൾ ചെയ്യാതേയും ജീവിക്കുന്നതിനുള്ള അവസരം ഒരുങ്ങുമെന്ന് നമുക്ക് പ്രത്യാശിക്കാം. യുവജനങ്ങളിലെ ആത്മഹത്യാ പ്രവണതയും, മദ്യപാനവും ഒക്കെ വർദ്ധിക്കാൻ കാരണം ഇന്നു നമുക്കുള്ള കൂട്ടായ്മകളുടെ അഭാവമാണ്. ഒത്തു കിട്ടിയാൽ ലഹരി പാനീയങ്ങൾ വാങ്ങാൻ "കട്ട" വെക്കാനുള്ള "കട്ട പിരിവുമായി" ഒത്തു ചേരുന്ന ആൾകൂട്ടത്തെ വൈകുന്നേരങ്ങളിൽ എല്ലാ പ്രദേശളിലും നമുക്കുകാണാൻ സാധിക്കും. വെറുതെ നേരം മ്പോക്കിന് മദ്യപിക്കുന്ന ഇത്തരത്തിലുള്ള ആളുകൾക്ക് അണിചേരാനോ, പ്രവർത്തിക്കാനോ "ക്ലബ്ബുകളോ" "സംസ്കാരികസംഘടനകളോ" പരിമിതമായേ ഇന്നുള്ളൂ എന്നതാണ് വാസ്തവം. കലാപരമായി കഴിവുള്ള പല ചെറുപ്പകാരും അത് ഉയോഗപ്പെടുത്താതെ(അതുപയോഗപ്പെടാതെ) മദ്യത്തിനും മയക്കുമരുന്നിനും അടിമകളായി കൊിരിക്കുന്ന സ്ഥിരം കാഴ്ചയാണ് ഇന്നു കാണുന്നത്. ഇതിനൊക്കെ ഒരു പ്രതിവിധി മലയാളി സമൂഹം കേ പറ്റൂ.

മുല്ലപെരിയാർ വിവാദം കേരളത്തിലും തമിഴ്നാട്ടിലും ജനങ്ങളുടെ മനസ്സിൽ അഗ്നിയായി എരിയുകയാണ് ഇന്ന്. അക്രമവും, സമരവും, ബന്ദും കൊ് ജനജീവിതം കലുഷിതമായി അക്രമ പരമ്പരകളും അരങ്ങേറുന്നു് ഈ രു സംസ്ഥാനങ്ങളിലും, ഇന്ത്യൻ വിപണിയിൽ പെട്രോൾ വില നാൾക്കുനാൾ കുത്തനെ ഉയരുകയാണ്. ഇതെല്ലാം അനുഭവിക്കുമ്പോഴും കാണുമ്പോഴും കേൾക്കുമ്പോഴും "നക്ഷത്ര രാജ്യം" മാസിക മേനേജിങ്ങ് എഡിറ്റർ ഇ. രാധാകൃഷ്ണന്റെ "സജ്ജയൻ (എം.ആർ. നായർ) = കാലിക പ്രസക്തിയുള്ള മലയാള സാഹിത്യം" എന്ന ലേഖനത്തെ കുറിച്ചാണ് ഓർമ്മവരുന്നത്. പഴയകാല ലക്കത്തിൽ നക്ഷത്രരാജ്യം മാസികയിൽ വന്ന ലേഖനം എത്ര ദീർഘവീക്ഷണത്തോടു കൂടി എഴുതിയ ലേഖനമാണെന്ന് നമുക്കിവിടെ മുല്ലപെരിയാർ അണക്കെട്ടു വിവാദവുമായി കൂട്ടിയോജിപ്പിച്ചു പഠിക്കാം. കവേരി നദീ ജല തർക്കത്തെ കുറിച്ച് പ്രതിപാദിക്കുന്ന കുറഞ്ഞ ഭാഗം ലേഖനത്തിൽ നിന്ന്: ഒരു ഫെഡറൽ റിപ്പബ്ലിക്കായ ഭാരതത്തിലെ നദീ ജലത്തിനുവേി സംസ്ഥാനങ്ങൾ തമ്മിലാണിന്ന് ചോരപ്പുഴ ഒഴുകുന്നത്. തമിഴ്നാടിന്റേയും കർണ്ണാടകത്തിന്റേയും, ആന്ധ്രയുടേയും, കേരളത്തിന്റേയും ചക്രവാളങ്ങൾ ചുകന്നുകൊിരിക്കുകയാണ് കാലിക കാലത്ത്. ഇടയ്ക്കിടക്ക് കാട്ടിലേക്ക് അപ്രത്യക്ഷരാകുന്ന രാഷ്ട്രീയ നേതാക്കളും സിനിമാ താരങ്ങളും പത്രങ്ങൾക്കിന്നൊരു ചൂടുള്ള വാർത്തയാണ്. അപ്രത്യക്ഷരായവരെ തട്ടികൊുപോയത് വന്യജീവിയായ കാട്ടിലെ പുലിയാണെന്നും അതല്ല കാട്ടുകള്ളൻ വീരപ്പനാണെന്നും വാദിച്ചു കശപിശകൂട്ടി സമയം കൊല്ലുന്ന ഗ്രാമീണർ. നഗരവാസികൾക്കും ഗ്രാമീണർക്കും ഗിരിവർഗ്ഗക്കാർക്കും വരുമാനമോ, ചെലവോ ഇല്ലാത്ത ഒരു തമാശമാത്രമാണിന്ന് അപ്രത്യക്ഷരായികൊിരിക്കുന്ന രാഷ്ട്രീയ നേതാക്കളും സിനിമാതാരങ്ങളും. സിനിമാതാരങ്ങളുടേയും രാഷ്ട്രീയ നേതാക്കളുടേയും കാട്ടിലെ ദൈന്യത ഓർത്ത് ഇടക്കിടെ ഫോട്ടോസഹിതം പത്രങ്ങളിലൂടെ ഞെട്ടുവാൻ സംസ്ഥാന ഭരണാധികാരികൾ. രംഗം കൊടുക്കുന്നതുനോക്കി നോക്കു കുത്തികളായി ഇരിക്കുകയാണ് നിയമനിർമ്മാണ സഭകൾ. പതിറ്റാുകളായി നിലവിലുള്ള ഒരു നദീജല തർക്കം പോലും പരിഹരിക്കുവാൻ പ്രയോജനപ്പെടുവാൻ ത്രാണിയില്ലാത്ത ഭാരതത്തിലെ ഫെഡറൽ സംവിധാന ഭരണത്തിന്നുതെന്നിമാറി നാട്ടുരാജ്യങ്ങളായി രാജ്യം ഭരിക്കാൻ സംസ്ഥാന ഭരണകൂടങ്ങൾക്ക് തോന്നാതിരുന്നത് ആരു ചെയ്ത പുണ്യമോ? ദേശകൂറുള്ള കാലികമനുഷ്യൻ വിലയിരുത്തുന്ന ഭാരതമാണിത്.

സർവ്വ മംഗളങ്ങളും പരിശുദ്ധിയും ഉാകുവാൻ സ്നാനം ചെയ്യുന്ന കബനിയും ഭാരതപ്പുഴയും പമ്പയും രോഗാണുദായകമായ വിഷജലമാണിന്ന് കേരളത്തിന് നൽകുന്നത്. നദികളേയും മലകളേയും കാടുകളേയും നിയമനിർമ്മാണത്തിലൂടെ സംരക്ഷിക്കുവാൻ നദികളുടേയും മലകളുടേയും കാടുകളുടേയും പുണ്യദേശമായി കേരളത്തെ വാഴ്ത്തപ്പെടുന്ന പുരാതനയിലേക്ക് മടങ്ങുവാൻ പാടുന്ന കവികളുടെ പാട്ട് കേട്ട് ചൂളാത്തവർ, ചൂളുന്നവരെ നോക്കി ആടുകയാണിന്ന് കേരളത്തിൽ. കുടിക്കുവാൻ നല്ല വെള്ളമില്ല കേരളത്തിൽ. വെളിച്ചത്തിനു കറന്റില്ല ഉള്ളവരുടെ കറന്റ് എപ്പോഴൊക്കെ ഉാകുമെന്നുമറിയില്ല.

ശേഷം പേജ് 36ൽ

ലേഖനം:

ബിജു പണിക്കശ്ശേരി

# നാളികേര ഉൽപന്നങ്ങളുടെ നന്മ അറിയൂ ജീവിതം ആസ്വദിക്കൂ





**ഭാ**രതത്തിന്റെ അമൂല്യമായസമ്പത്തായ നാളികേരത്തെപ്പറ്റി വർഷങ്ങളായി ഗവേഷണം നടന്നു വരുന്നു. ഇവ പൊതുജനങ്ങളുടെ ശ്രദ്ധയിൽപെടുത്തേത് എന്റെ കർത്തവ്യമായി കരുതിയതുകൊാണ് ഞാൻ ഈ ലേഖനം എഴുതുന്നത്. നാളികേരത്തിന്റെ മഹത്വം ഉല്പാദകനോ ഉപഭോക്താക്കളോ ഇനിയും വേത്ര മനസ്സിലാക്കിയിട്ടില്ല. നാളികേരത്തിന് ആയുർവേദത്തിൽ മഹനീയ സ്ഥാനമാണുള്ളത്. പ്രകൃതി ചികിത്സയ്ക്കും നാളികേരം മുഖ്യ പങ്ക് വഹിക്കുന്നു. ഹൃദ്രോ ഗത്തെ ഭയന്ന് നാളികേരത്തെ നമ്മുടെ ദിനചര്യങ്ങളിൽ നിന്നുപോലും അകറ്റി നിർത്തുന്നത് സർവ്വസാധാരണമായിരിക്കുകയാണ്. കൊക്കോസ്, ന്യൂസിഫറ എന്ന ശാസ്ത്ര നാമമുള്ള ഒറ്റത്തടി വൃക്ഷമാണ് തെങ്ങ്..

ഡോക്ടർമാരോ, പോഷകാഹാര വിദഗ്ധരോ, വിദ്യസമ്പന്നരെന്നു പരിഗണിക്കപ്പെടുന്ന നമ്മുടെ സമൂഹത്തിലെ ചില ആളുകൾ നാളികേരത്തിന് അയിത്തം കല്പിച്ചു വരികയാണ്. എന്നാൽ ഇന്ന് സമ്പന്ന രാഷ്ട്രമായി അംഗീകരിച്ചിരിക്കുന്ന അമേരിക്കയിൽനിന്നു തന്നെ ഇപ്പോൾ പുതിയ ഒരു വാർത്ത വന്നിരിക്കുന്നു. ഡോക്ടർ ബ്രൂസ്ഫൈഫ് രചിച്ച നാളികേരത്തിന്റെ ദിവ്യാത്ഭുതങ്ങൾ എന്ന പുസ്തകത്തിൽ നാളികേരത്തിന്റെ വിശിഷ്ട ഗുണങ്ങളെപ്പറ്റി ശാസ്ത്രീയമായി പ്രതിപാദിച്ചിട്ടു്. ആരോഗ്യത്തിന് ഇത്രയും ഉത്തമമായ ഫലം ലോകത്തിൽ ഒരിടത്തും ഇല്ല എന്നാണ് ഈ പുസ്തകത്തിൽ അദ്ദേഹം കാര്യകാരണസഹിതം സമർത്ഥിച്ചിരിക്കുന്നു.

നാളികേരം ശരിയായ ആരോഗ്യത്തിന്റെ ഉറവിടം, ഇത് ദഹനപോഷകാഗിരണപ്രശ്നങ്ങളിൽ നിന്ന ശരീരത്തിന് പ്രതിരോധം നൽകുന്നു. മാത്രമല്ല ശരീരത്തിനെ ക്ഷയിപ്പിക്കുന്ന രോഗങ്ങളെ ചെറുക്കുകയും ചെയ്യുന്നു. പയറുവർഗ്ഗങ്ങളിലും, കാരറ്റിലും പച്ചക്കറികളിലും അടങ്ങിയിരിക്കുന്ന അത്രയും പോഷകങ്ങൾ നാളികേരത്തിലുമു്. ആരോഗ്യസമ്പൂർണ്ണ ജീവിതത്തിന് നാളികേരം ഭക്ഷണക്രമത്തിന്റെ ഭാഗമാക്കുന്നത് കേരളീയർ വളരെ പ്രധാന്യം കൽപ്പിക്കേതാണ്. കേരളീയ ഭക്ഷണത്തിലെ അവിഭാജ്യഘടകമായിരുന്നു നാളികേരവും വെളിച്ചെണ്ണയും, ഉരുക്കുവെളിച്ചെണ്ണയും. നൂറ്റാുകളുടെ അംഗീകാരം ഇവ നേടിയിട്ടു്. അത്രയും പ്രിയങ്കരമാണ് നമുക്ക് ഈ ഘടകങ്ങൾ എന്നാൽ ഇന്ന് ഇവ വിവാഹങ്ങളുടെ നടുവിലാണെന്ന് നാം ചിന്തിക്കേിയിരിയ്ക്കുന്നു. ഇവ രക്തത്തിലെ കൊളസ്ട്രോൾ വർദ്ധിപ്പിക്കും എന്ന ധാരണ ഇന്ന് സർവ്വസാധാരണമായി നിലവിലു്. കേരളീയരുടെ രക്തത്തിലെ കൊളസ്ട്രോൾ വർദ്ധിപ്പിക്കാനും ഹൃദ്രോഗസാധ്യത ഏറുവാനും നാളികേരവും വെളിച്ചെണ്ണയും കാരണമാകില്ലെന്നുള്ള വസ്തുത നമ്മുടെ പരംപൂർവ്വകരുടെ ജീവിതചര്യകളിൽ നിന്ന് നാം മനസ്സിലാക്കേതാണ്. ചില ക്ഷുദ്രശക്തികളുടെ താല്പര്യത്താൽ നമ്മുടെ സമൂഹം ഇന്ന് മറ്റ് എണ്ണകളിലെ ഉപയോഗത്തിലേക്ക് മാറിയിരിക്കുകയാണ്. ഇന്ന് വെളിച്ചെണ്ണ നാം തലയിലും ശരീരത്തിലുപയോഗിക്കുന്നതുപോലെ മറ്റേത് എണ്ണയാണ് അനായാസം തേച്ചു കുളിക്കാൻ സാധിക്കുന്നത്. നമ്മുടെ വെളിച്ചെണ്ണയുടെ ഉല്പാദനപ്രക്രിയ കേരളീയർക്കിടയിൽ സർവ്വസാധാരണമാണ്.

1995 ജൂലായിൽ കൊച്ചിയിൽ നടന്ന ഏഷ്യൻ ആന്റ് പസഫിക്ക് കോക്കനറ്റ് കമ്മിറ്റിയുടെ 32-ാമത് കോക്കോടെക്ക് സമ്മേളനത്തിൽ വെളിച്ചെണ്ണയുടെ ആരോഗ്യപരവും പോഷകാംശപരമായ നേട്ടങ്ങളെക്കുറിച്ചായിരുന്നൂ പ്രബന്ധം. അമ്മയുടെ മുലപ്പാലിൽ നിന്നും ലഭിക്കുന്ന ലാറിക്ക് ആസിഡിൽ നിന്ന് കുട്ടികളുടെ ശരീരം നിർമ്മിക്കുന്ന ഉല്പാദനമാണ് മോണോലാറിൻ. അണുക്കൾക്കെതിരെയുള്ള ചെറുത്തുനിൽപ്പിന് കുട്ടികളുടെ ശരീരം ഉപയോഗിക്കുന്നത് മോണോലാറിനാണ്. നാളികേരത്തിലുള്ള ലാറിക് ആസിഡിൽനിന്ന് മനുഷ്യശരീരവും മോണോലാറിൻ നിർമ്മിക്കുന്നു. ഇതുവഴി ശരീരം അണുബാധയെ ചെറുക്കുവാനുള്ള പ്രതിരോധശക്തി നേടുന്നു. ഫിലിപ്പൈൻസിലെ ഡോക്ടർ കോർണാഡോ ഡോയിറിറ്റിന്റെ പരീക്ഷണത്തിൽ 15 എച്ച്. ഐ. വി. രോഗികളിൽ 14 പേർക്കും സുഖം പ്രാപിച്ചു. ഒരാൾ പരീക്ഷണമദ്ധ്യേ മരണപ്പെട്ടു. പരീക്ഷണവസ്തുക്കളായി ഉപയോഗിച്ചത് 50 ml വെളിച്ചെണ്ണ, അരമുറി നാളികേരം, 15 ml മുതൽ 30ml വരെ ഉരുക്കുവെളിച്ചെണ്ണ എന്നിങ്ങനെയാണ്. ആറുമാസത്തെപരീക്ഷണം വിജയകരമായി നടന്നു. ഇത് നാളിക്കേരത്തിന്റെ ചരിത്രനേട്ടങ്ങളെയാണ് നാം വിലയിരുത്തേത്. ലോകപ്രശസ്തനായ

ബാസ്ക്കറ്റ്ബോൾ കളിക്കാരൻ 'മാജിക് ജോൺസൺ' പോലും നാളികേര ഡയറ്റിലൂടെയാണ് തന്റെ എച്ച്. ഐ. വി. വൈറൽ കുറഞ്ഞതായി ടിവി ചാനൽ ഇന്റർവ്യൂവിൽ പ്രസ്താവിച്ചിരുന്നു. നാളികേരത്തിന്റെ ഈ കഴിവ് കേരളത്തിലും പരീക്ഷണം നടത്താൻ നാളികേരവികസന ബോർഡിനോടും കേരള സർക്കാറിനോടും ആവശ്യപ്പെടേതു്. ലാറിക് ആസിഡ് കലർന്ന ഭക്ഷ്യഎണ്ണകൾക്ക് വരും വർഷങ്ങളിൽ പ്രാധാന്യം വർദ്ധിക്കും ഇത് നാളികേര കൃഷിക്ക് പ്രതീക്ഷക്ക് വകയാണ്.

നാളികേരത്തിന്റെ പ്രയോഗമില്ലാത്ത ഒരു ഹിന്ദു ധർമ്മവും കാണുവാൻ പ്രയാസമാണ്. നാളികേരം 'നാരികേല' എന്ന നാമത്തിലാണ് സംസ്കൃതത്തിലറിയപ്പെടുന്നത്. നാരികേ, നാരികേലി, നാഡികേര, നാലികേര, നാലികേലി എന്നിങ്ങനെയാണ് സംസ്കൃതപര്യായപദങ്ങൾ. നാരികേല സമാകാരദൃശ്യതേ സുഹൃജ്ജനഃ സുഹൃജ്ജനങ്ങളെ നാളികേരത്തിന്റെ ഹൃഷ്ടവും പുഷ്ടവുമായ ആകൃതിയോടാണ് ഹിതോപദേശം സാദൃശ്യപ്പെടുത്തിയിരിക്കുന്നത്.

പ്രഥമ വയസീപീതം തോയമൽപം സ്മരന്തിഃ
ശിരസിനിഹിതഭാരാ നാലികേര നരാണാം!
സലിലാമമൃതകൽപം ദദ്യുരാജീവനാന്തം
നഹികൃതമുപകാരം സാധവേ വിസ്മരന്തി!

പ്രഥമ വയസ്സിൽ കുടിച്ച സ്വൽപം ജലത്തെ സ്മരിച്ചുകൊ് ശിരസ്സിൽ വലിയഭാരവും പേറിക്കൊുനിൽക്കുകയാണ് കേരങ്ങൾ. അവ മനുഷ്യന് ആ ജീവനാന്തം അമൃത് തുല്യമായ വെള്ളവും സമ്മാനിക്കുന്നു.

കേരളത്തിലെ സാമ്പത്തിക ഘടന നിലനിർത്താൻ നാളികേരത്തിന്റെ വില ഒരടിസ്ഥാനഘടകമാണ്. കഴിഞ്ഞ വർഷം 7000 മില്യൻ നാളികേരം ഉൽപാദിപ്പിച്ചെന്നതാണ് നാളികേര വികസന ബോർഡ് കണക്കാകിയിട്ടുള്ളത്. ഈ കണക്കനുസരിച്ച് നമ്മൾ ശരാശരി 1000 മില്യൻ ലിറ്ററോളം നാളീകേര വെള്ളം പാഴാക്കുകയാണ്

1. ഈ വെള്ളത്തിൽ നിന്ന് മാത്രം കോടികണക്കിന് രൂപയുടെ ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കാം ഉദാഹരണത്തിന് സുർക്കാ, സർബത്ത്, ജാംമം മുതലായവ.

2. 7000 മില്യൻ നാളികേര തൊ് അഥവാ ചികരിയിൽ നിന്നും ജൈവ ഡീസൽ ഉല്പാദിപ്പിക്കാനും കയർ, മറ്റ് ഇതര കയർ ഉൽപന്നങ്ങൾ ഉല്പാദിപ്പിക്കാം.

3. 7000 മില്യൻ ചിരട്ടയിൽ നിന്നും ആക്ടിറ്റിവേറ്റഡ് കാർബൺ, ഷെൽ ഓയൽ, ഷെൽ പൗഡർ, എന്നിവ ഉൽപാദിപ്പിക്കാം.

ഈ മൂന്ന് വകയിലും സുമാർ 33 പൈസ ഒരു ഇനത്തിൽ സർക്കാരിലേക്ക് വരുമാനം ഉാവുകയാണെങ്കിൽ 7000 മില്യൻ നാളികേരത്തിന് രൂപ ഒന്ന് വെച്ച് 7000 മില്യൻ രൂപ പ്രതിവർഷം പാഴായി പോകുന്നത് തടയാം. ഇത്രയും രൂപയുടെ വരവ് മറ്റ് ഏതെങ്കിലും കൃഷിയിൽ നിന്ന് കിട്ടുമോ,

ഇനിയും നാളികേര കാമ്പിൽ നിന്ന് ഒട്ടനവധി ഉൽപന്നങ്ങൾ ഉാകുമ്പോൾ കർഷകന് വരുമാനം ഇതിലു കൂടുതൽ ഉാകുന്നു. ഉദാഹരണത്തിന് നാളീകേര കാമ്പിൽ നിന്ന് നാളികേര പൊടി, വെന്ത വെളിച്ചെണ്ണ, കൊപ്ര വെളിച്ചെണ്ണ, തേങ്ങാപാൽ, അച്ചാറുകൾ, ചമന്തിപൊടികൾ, ബർഫി, കുക്കീസ് മുതലായവ. ഇങ്ങനെ വൈവിധ്യമാർന്ന പ്രൊടക്ടുകൾ ഉല്പാദിപ്പിക്കുമ്പോൾ കേരളത്തിലെ കർഷകർക്ക് ഇപ്പോൾ നിലവിലുള്ള നാളികേര വിലയിൽ നിന്നും മൂല്യവർദ്ധനവും സാമ്പത്തിക ലാഭവും ഉാക്കാൻ കഴിയും.

നാളികേരവൃക്ഷം ഒരു കല്പവൃക്ഷം എന്നതിന്റെ പൂർണ്ണ ഗവേഷണം നടത്തണം. ഇതിലെല്ലാപരി നടത്തുന്ന ഗവേഷണത്തിന്റെ ഫലം വരും തലമുറക്ക് ഉതകുന്നരീതിയിൽ നാളികേരത്തിന്റെ പഠനത്തിനുമാത്രം ഒരു സർവ്വകലാശാലതന്നെ തുടങ്ങേത് ു്. എല്ലാ ഹൈസ്കൂളുകളിലും കുട്ടികളുടെ നേതൃത്വത്തിൽ തെങ്ങ് നട്ട് വളർത്തുന്ന പദ്ധതി 2014 മാർച്ചിനുള്ളിൽ 5000 നാളികേര ഉൽപന്ന സംഘങ്ങൾ ആരംഭിക്കും ഈ പദ്ധതിക്ക് 475 കോടി രൂപ കേന്ദ്രസർക്കാർ അനുവദിച്ചിട്ടു്. ഇത് ഫലപ്രദമായി കർഷകന്റെ ഉന്നമനത്തിനും മുൻതൂക്കം കൊടുക്കേതാണ്.

നാളികേരത്തിന്റെ ഔഷധ ഗുണങ്ങളെക്കുറിച്ചുള്ള അറിവുകൾ നമ്മൾ കേരളീയർ മുൻകൈയെടുത്ത് നടത്തേത് നമ്മുടെ സമൂഹത്തിന്റെ നിലനില്പിന് അത്യന്ത്യാപേക്ഷിതമാണ്. കേരങ്ങൾ ഇല്ലാതെ കേരളം നമ്മുക്ക് ചിന്തിക്കാൻ പറ്റുകയില്ല.

■

കവിത

# വേർപാട്:

ജി.കെ. മേനോൻ, കൊയിലാി

അമ്പല മുറ്റത്തെ നീലവെളിച്ചത്തിൽ-
അന്നു ഞാൻ നിന്നെ കതല്ലേ:
അത്തച്ചമയ തലേന്നു രാത്രിയിൽ-
ആദ്യമായ് നിന്നെ പുണർന്ന നേരം:
ആകെ കോരിത്തരിച്ചു നീ നിന്നപ്പോൾ-
ഈ വിധം വന്ന ഭവിച്ചുപോയി:
ആയതിന്റെ ഓർമ്മയാണ് ഇന്നു മീമുറ്റത്ത്-
ഓടിക്കളിച്ചു നടന്നീടുന്നു:
ആരോരു മില്ലാത്ത ഞങ്ങളെ വിട്ടുനീ -
എവിടേയ്ക്കൊ പോയി മറഞ്ഞു നിന്നു:
എല്ലാം മറക്കുവാനായി നീ നല്കിയ-
സമ്മാനമാണൊ ഈ പിഞ്ചുമുഖം:
എത്രശ്രമിച്ചാലും മായാതെ നില്ക്കുന്ന- നിൻ
മുഖമാണെന്റെ മനസ്സിലിന്നും:
വേദന നല്കുവാനാണൊ നീ അന്ന്- പേ മാരി
യിൽ വിണുപോയതെന്നൊ:
എങ്കിലും നീ തന്ന സമ്മാനം ഞാനിന്നും-
പൊന്നുപോൽ നോക്കി വളർത്തീടുന്നു:
പോയ് പോയ നാളുകൾ ഓരോന്നോരോന്നായ്-
പായ് ക്കപ്പൽ പോലെ ഓടിടുന്നു:
ഈ വിധം ചിന്തിച്ചു, ചിന്തിച്ചു ഞാൻ-
നിന്റെ വേർപാടിലെല്ലാം നനഞ്ഞുപോയി:
കണ്ണുതുടച്ചു ഞാൻ നീ തന്ന സമ്മാനം-
മാറോടണച്ചു കിടന്നീടട്ടെ!

കഥ


# തുരുമ്പ്



രാജൻ ചിന്നങ്ങത്ത്

ടാക്സിയിൽ പോകാന്മാത്രം സമ്പന്നനായിക്കഴിഞ്ഞിട്ടില്ലാത്തതുകൊ് മുനിസ്സിപ്പാലിറ്റി വക ബസ്സിലാണ് പുറപ്പെട്ടത്.

വൃത്തിയും ഭംഗിയുമുള്ള എയർകീഷൻ ചെയ്ത ബസ്സ്. കൃത്രിമമായി നിർമ്മിച്ച വീതിയേറിയ പാതയിലൂടെ പായുമ്പോൾ ആ മുഖത്ത് നങ്കൂരമിട്ടു കിടക്കുന്ന കപ്പലുകളും, കരയ്ക്ക് ചുവപ്പും മഞ്ഞയുമായ ഈന്തപ്പഴക്കുലകൾ തുടുത്തു നിൽക്കുന്ന പനകളും മുകുന്ദൻ കു.



സ്വല്പം മുമ്പ് വളരെ ദൂരെ എന്നു തോന്നിച്ചിരുന്ന കെട്ടിട നിരകളിലേക്കും നഗരഭംഗികളിലേക്കും എത്ര വേഗത്തിലാണ് ബസ്സ് പാഞ്ഞെത്തിയിരിക്കുന്നത് എന്നയാൾ അത്ഭുതപ്പെട്ടു.

കാൽടെക്സ് പെട്രോൾ പമ്പിനു സമീപമുള്ള സ്റ്റോപ്പിൽ ബസ്സ് നിന്നപ്പോൾ മുകുന്ദൻ ഇറങ്ങി.

മുമ്പൊരിക്കൽ ആരോ ചൂിക്കാണിച്ചു തന്നിട്ടുള്ള മഞ്ഞയും തവിട്ടും ചായം തേച്ച കെട്ടിടം നോക്കി ഇടത്തോട്ടു പോകുന്ന കൈവഴിയിലൂടെ നടന്നു.

മഞ്ഞുകാലത്തിനു തൊട്ടുമുമ്പുള്ള സൗമ്യമായ കാലാവസ്ഥയായിരുന്നു. കഠിനോഷ്ണത്താലും തീഷ്ണ ശൈത്യത്താലും ഞെരുങ്ങുന്ന ദീപസമൂഹങ്ങളുടെ ആശ്വാസമായ കാലം. കടൽ തൊട്ടടുത്ത് ചേർന്നുകിടന്നു ചിരിക്കുന്നതുകൊ് സുഖകരമായ ഇളം കാറ്റ് വീശിക്കൊിരുന്നു.

എന്നിട്ടും താനെന്താണ് വിയർക്കുന്നത് എന്ന് മുകുന്ദൻ ആശ്ചര്യത്തോടെ ഓർത്തു.

ഒടുവിൽ അന്വേഷിക്കുന്ന കെട്ടിടം കുപിടിച്ച്, നാലാമത്തെ ഫ്ളോറിലേക്കു പോകാൻ ലിഫ്റ്റിനുവേി കാത്തു നിൽക്കുമ്പോൾ അയാൾക്ക് കരയണമെന്ന് തോന്നി.

ഇന്നേവരെ അടുത്തണച്ചുപിടിച്ചിരുന്ന പ്രതികാരവാഞ്ഛ... ഇന്നേവരെ തടുത്തു നിർത്തിയിരുന്ന പ്രലോഭനം. എല്ലാം ഇതാ തകരാൻപോകുന്നു എന്നയാൾ സങ്കടത്തോടെ ഓർത്തുകൊിരുന്നു.

ദീനവും കഠിനവുമായ തോൽവി. ആത്മാഭിമാനത്തിനേല്ക്കുന്ന മാരകമായ ക്ഷതം. സ്വയം ന്യായീകരിക്കാനും ആശ്വാസിക്കാനും അയാൾ തിരക്കിട്ടു. കരുക്കളന്വോഷിച്ചു.

തിരിച്ചുപോയാലോ എന്നുപോലും ഒരു നിമിഷം സംശയിച്ചു.

എങ്ങിനെ ഉഷയുടെ മുഖത്തു നോകും? എങ്ങിനെ അവളുടെ ഭർത്താവിനോടാക്കാര്യം സൂചിപ്പിക്കും? ഭിക്ഷ യാചിക്കുന്നതിനു തുല്യമാവില്ലേ തന്റെ അപേക്ഷ?

ദുരഭിമാനംകൊും മേധാവിത്വത്തിന്റെ അഹന്തകൊും തുടുക്കുന്ന ഉഷയുടെ മുഖവും മനസ്സും പെട്ടെന്നൊരു പേടിസ്വപ്നമായി.

ലഭിക്കുന്ന അവസരം അവൾ പാഴാക്കാതിരിക്കുമോ?

ലിഫ്റ്റിൽ നാലാമത്തെ ഫ്ളോറിലെത്തി. ഇരുപത്തൊന്ന് എന്ന അക്കമുള്ള ഫ്ളാറ്റിന്റെ കതകിനരികെയുള്ള കോളിംഗ് ബെല്ലിൽ വിരലമർത്തുമ്പോൾ സ്വന്തം കൈ നന്നായി വിറയ്ക്കുന്നത് കാണാമായിരുന്നു.

ഡോർ തുറക്കാൻ താമസമുായപ്പോൾ അസമയത്താണോ താൻ എത്തിച്ചേർന്നിരിക്കുന്നതെന്ന് മുകുന്ദൻ ഭയപ്പെട്ടു.

ഭക്ഷണം കഴിക്കുകയായിരിക്കുമോ? ഉറങ്ങാൻ കിടന്നിരിക്കുമോ?

വാതിൽ തുറന്നപ്പോൾ ളോഹപോലുള്ള അറബിക്കുപ്പായമണിഞ്ഞു നിൽക്കുന്ന ആളെ തിരിച്ചറിയാൻ പ്രയാസം തോന്നി. വല്ലായ്മയോടെ ചോദിച്ചു: ''ഉഷയുടെ വീട് ഇതല്ലേ?."

"ഉഷയുടെയല്ല, ഉഷയുടെ ഭർത്താവിന്റെ" എന്നു തിരുത്തിയശേഷം ഒരു ഫലിതം പറഞ്ഞ മട്ടിൽ അയാൾ ചിരിച്ചപ്പോൾ മുകുന്ദന്റെ ജാള്യത ഏറി. ഇതിനുമുമ്പൊരിക്കൽ കിട്ടുള്ള ആളായിരുന്നിട്ടും തനിക്ക് തിരിച്ചറിയാൻ കഴിഞ്ഞില്ലല്ലോ.

"ഉഷയുടെ ആരാണാവോ"

"അമ്മായിയുടെ മകനാണ്."

“വാ, അകത്തേക്ക് വാ.” കയ്യിലിരുന്ന ഗ്ലാസ്സിലെ അവശേഷിച്ച മദ്യം ഒറ്റവലിക്ക് അകത്താക്കിക്കൊ് ഉഷയുടെ ഭർത്താവ് വിളിച്ചു.

“ഉഷേ, എന്തെടുക്കുയാണവിടെ? ഇങ്ങോട്ടൊന്ന് വാ.”

പച്ചസാരികൊു പൊതിഞ്ഞ, വാതിൽ നിറഞ്ഞു നിൽക്കുന്ന ഒരു രൂപം. മാംസം തൂങ്ങുന്നുവെന്നു തോന്നിക്കുന്ന കവികളിൽ ഞൊടിയിടയിൽ പരന്ന പരിഭ്രമം. കണ്ണുകളിലെ അവിശ്വസനീയത.

തന്റെ പ്രേമഭാജനമായിരുന്ന കാലത്തെ ചടച്ചെല്ലിച്ചിരുന്ന ആ പെൺകുട്ടിയാണോ ഇത്? ആ നീളൻ മുഖം, കണ്ണുകൾക്കു ചുറ്റുമുായിരുന്ന ആഴം. നീല ഞരമ്പുകൾ തെളിഞ്ഞു കാണാമായിരുന്ന കൈകൾ..... അതൊക്കെ എവിടെപ്പോയി?

അപ്രതീക്ഷിതമായ സമാഗമം സൃഷ്ടിച്ച നിമിഷങ്ങളുടെ സ്തബ്ധതയ്ക്കുശേഷം, പൊടുന്നനെ മുഖത്ത് കൃത്രിമമായ പ്രസന്നത പ്രകടിപ്പിച്ചുകൊ് അവൾ ചോദിക്കുന്നത് മുകുന്ദൻ ശ്രദ്ധിച്ചു:

“മുകുന്ദേട്ടൻ ഇങ്ങട്ട് വരാൻ എങ്ങനെ വഴികുപിടിച്ചു?” അവൾ ചേട്ടൻ എന്നു  വിളിച്ചതിലെ ഔചിത്യക്കേട് മനസ്സിലായപ്പോൾ അസ്വസ്ഥതതോന്നി.

സമപ്രായമായിരുന്നിട്ടും പുമുതല്ക്കേ ചേട്ടനെന്നാണ് ഉഷ വിളിച്ചിരുന്നത്. പക്ഷേ കഴിഞ്ഞ മൂന്നുനാലു വർഷംകൊ് അവൾ തന്നെക്കാൾ അഞ്ചെട്ടു വയസ്സിന് മുന്നോട്ടു കുതിച്ചിരിക്കുന്നു!

ഒന്നും പറയാതെ നിന്നു ചിരിക്കുമ്പോൾ അവൾ തുടർന്നു: “മുകുന്ദേട്ടനെപ്പറ്റി അമ്മ എഴുതിയിരുന്നു ഒരിക്കൽ. ജോലി ഒന്നും ആയിട്ടില്ലെന്നും പ്രയാസത്തിലാണെന്നും ഒക്കെ. ഞാനപ്പോഴൊക്കെ വിചാരിച്ചു ഒന്നിതിലേ വന്നേങ്കിലെന്ന്. വാസ്വേട്ടന്റെ ബാങ്കിൽ എത്ര വേക്കൻസിയാണെന്നോ ഫില്ലായിപ്പോയത്.”

എല്ലാം അവളറിഞ്ഞിരിക്കുന്നു. ഇനി ഒന്നും പറയേതായിട്ടില്ലല്ലോ. മുകുന്ദൻ സമാധാനിച്ചു. “എന്താ ഒന്നും മിാത്തേ?” ‘ഉഷ വീും ചോദിച്ചു: ജോലിവല്ലതും ആയോ.?”

മുകുന്ദൻ നിഷേധാർത്ഥത്തിൽ തലയാട്ടിക്കൊുപറഞ്ഞു:

“ഇല്ല. പരിശ്രമിച്ചുകൊിരിക്കുകയാണ്.”

ഒരു ജോലിക്കുവേിയുള്ള പരക്കം പാച്ചിലിന്റെ അന്ത്യത്തിലാണ് ഇവിടെ എത്തിച്ചേർന്നത് എന്നു പറയാൻ സ്വരം കിട്ടാത്തതിൽ മുകുന്ദൻ വിഷമിച്ചു.

ഉഷയുടെ ഭർത്താവ് ര് ഗ്ലാസ്സുകളിൽ മദ്യം പകർന്നു. “ഒരു പെഗ്ഗാവാം” എന്നു പറഞ്ഞ് നീട്ടിയപ്പോൾ നന്ദിപൂർവ്വം നിരസിച്ചു. “വേ, ഞാൻ കഴിക്കാറില്ല.”

ഓഹോ! സൽസ്വഭാവിയാണല്ലേ? അയാളുടെ വാക്കുകളിൽ പുച്ഛരസം തെളിഞ്ഞു നിന്നിരുന്നു.

എങ്കിൽ ജ്യൂസു കൊടുക്കു ഉഷേ.

മധുരമുള്ള ഓറഞ്ച് ജ്യൂസുമായി ഉഷ വീും വന്നു. അതുകുടിക്കുമ്പോൾ കയ്പായിരുന്നു നാവിലും തൊയിലും പടർന്ന രുചി.

മുകുന്ദൻ പെട്ടെന്ന് ഭൂതകാലത്തിലേയ്ക്ക്ക്കൊഴുകിപ്പോയി.

കുട്ടിക്കാലം മുതല്ക്കേ തനിയ്ക്കായി ഉഴിഞ്ഞിട്ടിരുന്ന പെണ്ണ്. ഒരേ പ്രായമായിരുന്നെങ്കിലും തന്നേക്കാൾ വളർച്ച നേടിയ ശരീരപ്രകൃതി. കുഞ്ഞിലേതൊട്ട് ഇരുവരേയും ചേർത്ത് മറ്റുള്ളവർപറയുമായിരുന്ന തമാശകൾ.

ഓരോ അവധിക്കാലങ്ങളിലും ഉഷയ്ക്കു വേി വാങ്ങിയ സമ്മാനങ്ങളുമായി വിരുന്നു പോകുമായിരുന്നു. പച്ചമാങ്ങ എറിഞ്ഞു വീഴ്ത്തിയും അമ്പഴങ്ങാ പറിച്ചും ചെത്തിപ്പഴം അടർത്തിത്തിന്നും കാടൻ പറമ്പുകളിൽ തുള്ളിച്ചാടി നടന്ന ബാല്യകൗമാരങ്ങൾ.

ഭാവിയെക്കുറിച്ച് ഉള്ളിൽ താലോലിച്ചുകൊു നടന്ന സ്വപ്നങ്ങൾ. അവധിക്കാലത്തെ ഏതാനും ആഴ്ചകളിലെ ജീവിതത്തിനിടയിലെ സ്നേഹപ്രകടനങ്ങൾ, കൊച്ചു കൊച്ചു പിണക്കങ്ങൾ, ഇണക്കങ്ങൾ, പരിഭവങ്ങൾ....

അങ്ങിനെയിരിക്കേയാണ് വിദേശസുഗന്ധത്തിൽ മുങ്ങിക്കുളിച്ച് വലിയ സൺഗ്ലാസ്സും ഫ്രഞ്ച് ഷൂസുമണിഞ്ഞ തടിച്ചു കൊഴുത്ത ശരീരമുള്ള പുതിയ  കഥാനായകന്റെ രംഗപ്രവേശം.

മകളുടെ ഭാവി, ബാങ്ക് ബാലൻസ്, സമൃദ്ധമായ ഭൂസ്വത്ത്. അമ്മാവൻ ധൃതിപ്പെട്ട് വിവാഹമുറപ്പിച്ചു.

“സ്ത്രീധനമെന്നും വേ. പെണ്ണിനെ ഇറക്കിത്തരാൻ തയ്യാറുോ എന്ന് തന്തയോട് ചോദിക്ക്.” വിവാഹാർത്ഥി അത്രയേ ആരാഞ്ഞുള്ളുവത്രെ.

കല്യാണ ക്ഷണത്തിന് കാർഡുമായി ആൾ വന്നപ്പോഴാണ് എല്ലാം അറിയുന്നത്.

കോപം നിയന്ത്രിയ്ക്കാനാവാതെ, ഉമിത്തീപോലെ എരിയുന്ന മനസ്സോടെ അന്നു തന്നെ അവിടെ എത്തി.

ഉഷ ഒരിക്കലും ആ വിവാഹത്തിന് സമ്മതിക്കില്ലെന്നറിയാമായിരുന്നു. വിദേശനാണ്യസമ്പാദ്യത്തിന്റെ പകിട്ടിൽ അമ്മാവൻ ഭ്രമിച്ചു പോയതാണെന്നും ഊഹിക്കാമായിരുന്നു.

അന്ന് സൗകര്യത്തിനു ഒത്തുകിട്ടിയപ്പോൾ ഉഷയോടു പറഞ്ഞു:

“നമുക്കെങ്ങോട്ടെങ്കിലും ഒളിച്ചോടാം.”

“ഒളിച്ചോടാനോ? എങ്ങോട്ട്?”

“എങ്ങോട്ടെങ്കിലും.. ഏത് നരകത്തിലേക്കായാലും വേില്ല.” “പറയാനെന്തെളുപ്പാ? അവൾ ചോദിച്ചു പോയാൽ മത്യോ, ജീവിക്കേ?”

നമുക്ക് ഭിക്ഷതെിയിട്ടായാലും സന്തോഷത്തോടെ കഴിയാമല്ലോ ഉഷേ?

ഭിക്ഷതെുക ആ രു വാക്കുകൾ ഒരിക്കൽകൂടി ആവർത്തിച്ച് അവൾ നിർവ്വികാരമായി ചിരിച്ചു.

“നടക്കാത്ത കാര്യങ്ങളെപ്പറ്റി ചുമ്മാ പറഞ്ഞ് സമയം കളയണോ മുകുന്ദേട്ടാ?”

“അപ്പോൾ നീ കൂടി സമ്മതിച്ചിട്ടാണ് ഇതൊക്കെ എന്നു ചുരുക്കം?”

“സമ്മതിയ്ക്കാതെ? അച്ഛന്റെ തീരുമാനമല്ലേ? അച്ഛനെ അറിയാലോ മുകുന്ദേട്ടന്?”

അച്ഛന്റെ നിശ്ചയം. അവളുടെ മൗനാനുവാദം.


അമർഷത്തിന്റെ അലകളിരമ്പുന്ന ഹൃദയത്തോടെതിരിഞ്ഞു നടക്കുമ്പോൾ വഞ്ചനയേല്പിച്ച മുറിവുകളിൽനിന്നും ചോരവാർന്നു

(ശേഷം പേജ് 38ൽ)

Short Story

# THE COLOURED FACTS

C.K. Raghavan Puthoor



Now it is the fourth day since I boarded on this land Zimbabwe. I was roaming around a suburb of Harare city, the capital of Zimbabwe in an evening. Here most people are black or white. Only a very few appeared to be brown as Indians. It is not an easy job to get a visa to enter this country; At last I succeeded in securing an entry visa. After arriving here most people regarded me a native one. I had never tried to reveal my true identity when it was not essential, since there always exist some benefits over this .This is a Nation now facing various economical sanctions imposed by European countries over Zimbabwe's certain land reform policies Zimbabwe rulers claim that they have only distributed lands to ordinary people which were grabbed from white land lords-But E.U. nations accuse that Zimbabwean rulers are applying "reverse apartheid". Any way it seems that food prices and inflation in this country are sky rocketing time by time.

Now I am walking along a narrow street. My eyes happened to strike with a shop signboard "SANKARAI Dry cleaners". Inside the shop a middle aged man who resembled an Indian was standing. I had strong wish to know whether he was an Indian .So I stopped for a while and turned towards the shop, Then walked in the direction of the shop since the shop was situated on an higher level than the street, I climbed up the steps Now I am standing at threshold of the shop facing the shop keeper. He was also watching me with expected eyes, may be as he thought I was a consumer. I enquired politely.

"Sir are you an Indian"

He responded with another question as if he did not expect such question from me. " so what?"

I revealed my whereabouts "I am an Indian"


He also disclosed his identity "Oh, even though my native land is India now I am a Zimbabwean citizen"

Then I said. "I am from Kerala".

I noticed that my words have created some amazement in him.

Offering a seat inside the shop, he uncovered his identity further. "I am from Palghat"

While I was seated there, some people were seen coming and seen engaged in some money transactions with the shop owner. Now my mind started coming down the memory lane. When I was in primary school, I have had a longing for turn out to be the driver of a wooden oil mill in future. In every village there would have at least one such oil mill in that period. The energy required for running a wooden oil mill was being given by a single bull. Usually there would have minimum two bulls for running the machine so that each may work for about 5 hours daily. Driving a bull around the machine is appeared as an easy job. More over I had imagined that I could eat plenty of oil rich tasty coconut cake which was a favorite food stuff among the children at that time. But by the passage of time, that type of oil mills were turned as obsolete. Modern type electrically driven oil mills have been come in to use. So my child hood dreams did not materialize.




We know about coconut cake, which is now being used as a food for animals and birds. We know that coconut oil has been serving us as a cooking medium for over many centuries. At the same time we reserve the coconut cake for animals. Instead coconut cake may well be used as human food stuff. We now prepare various types of food items with so called soya chunks, the de-oiled soya bean cake. So why should we carry a coconut cake prejudice. The discrimination against a food which is the part of fruit, what it really appears as to be the genesis of our land's name. I infer that there is an edge for coconut cake over soya bean cake, since former is a part of fruit, it can be consumed even without cooking.

Another similar fact also now coming into my mind. We all drink lemon juice during summer time if not in winter. Our cities, towns as well as villages, all are now provided with lots of cool-drink shops. We throw away the pulp and rinds of lemon fruits after squeezing out the juice from them. Many quintals of such pulp and rinds have been taken away to garbage bins daily in our state. All these may be used to make any food stuff like pickle, instead wasting them all.

Even though my mind was traveling away from this shop in Harare City, my eyes were fixed at the dealings going on here. Now I am in a bit of confusion as I was not able to watch any one bringing in clothes or anyone taking away washed clothes from here. After for a while, his entire clients had been left the shop. I was brave enough to ask the question "what are you doing here?"

Hearing my question, first he had a good laugh. Then he related me his business profile."Even though we have our own currency, most prefer to do dealings in U.S. Dollar as a bid to ease the effects of high inflation and soaring food prices. Ordinary people especially farm workers and industrial workers folding the dollars many times to make suitable for their tiny pockets. So the notes get soiled or covered with various types of dirt's. Besides there exists a common belief that these notes would carry disease spreading micro organisms. So most people do not like to accept these uncleaned notes. Then people want to get the notes cleaned. That I am doing here. I do charge a small amount of money for washing these U.S. Dollar notes. "There are many similar shops have been operating right across the city". Since I was carefully listening his words, which left me with some wonder. Then I made a comment as a joke.

"Really you are doing money laundering." Without giving any answer to me he presented a broad smile.

A few minutes later a young man is coming there. He addressed the shop-keeper calling him "Leader", then both had seen engaged in a low voiced conversation for some moments. I surmised from the young man's body language that he was trying to get some help, presumably financial from the shop-owner. At last the shop owner directed the young man, saying "come tomorrow, I shall give you the money", to leave for now .So the young man went away.

I enquired about the young man's addressing He replied "Oh I am not a leader"-My name is SANKAR. A. I. "Name of our one important political leader is T SVANGIRAI". "You know my shop's name is SHANKARAI dry cleaners." Saying so he took hold a white paper and wrote the name TSVANGIRAI on t. Then he showed it to me and said "This name is pronounced as SANKARAI so some people call me leader in fun". Only now I am aware the fact that so far I did not divulge my name. So I did it now. We continued our conversation for about an hour. We had discussed various social economical and political situations right across the world as well hour personal matters during that one hour. So I knew that he had come here from India 20 years ago and settled here. His wife is a native woman and they have 2 children The family owned a big farm land in the village where they are now residing.

I said good bye to him and continued my wandering along the city street.

The structure of all these things was in depth of mind for some years but only now. I succeeded in bringing them out and have been able to apply colours to them.

## കാർട്ടൂൺ ഗിരീഷ് മൂഴിപ്പാടം




## ഒരുമ


dkn-Uâvkv Atkm-kn-tb-j$^3$

കൊമ്മേരി, കോഴിക്കട് – 7

ഒരുമ റസിഡന്റ്സ് അസോസിയേഷൻ ഒന്നാം വാർഷികാഘോഷം 2012 ജനുവരി 22 ഞായറാഴ്ച വൈകീട്ട് 3 മണിക്ക് പ്രശസ്ത കവി പി. കെ. ഗോപി ഉദ്ഘാടനം ചെയ്തു മുഖ്യാതിഥിയായി അബൂബക്കർ (മലയാള മനോരമ റസിഡന്റ് എഡിറ്ററും) കൗൺസിലർമാർ കവിതഅരുൺ, ടി.പി. കോയമൊയ്തീൻ എന്നിവരും പങ്കെടുത്തു

ലേഖനം

# ശ്രദ്ധിയ്ക്കാതെ പോകുന്ന കടൽത്തീരമണലൂറ്റൽ ഭീഷണി



വിനോദ്കുമാർ ദാമോദർ



ഇല്ലാതാകുന്ന കടൽത്തീരങ്ങൾ

പരിസ്ഥിതി നാശത്തിന്റെ കഥകൾ എന്നും പുറത്തുവരുമ്പോൾ ഇതിൽ വന നാശത്തിന്റെയും ജലനശീകരണത്തിന്റെയും ജലലഭ്യതയുടെ കുറവിന്റെയും പലതരത്തിലുള്ള വിശദമായ റിപ്പോർട്ടുകൾ നാം എന്നും പത്രമാദ്ധ്യമങ്ങളിൽ കൂടെയും മറ്റും ചർച്ചചെയ്യപ്പെടുന്നതു കാണുന്നുങ്കിലും ഇതിൽ അധികം ശ്രദ്ധികാതെ പോകുന്ന ഒരു സംഭവവികാസമാണ് കടൽ തീരത്തെ മണൽ വാരൽ.

പുഴകളിലേ ജലവുമായുള്ള ബന്ധം കാരണം പുഴയിലേ മണൽ വാരലിനേകുറിച്ചു, ഓരോ പുഴയിൽ നിന്നും വാരിയ കൃത്ത്യമായ മണലിന്റെ അളവിനെക്കുറിച്ച് തുടങ്ങിയ കാര്യങ്ങൾ വിശദമായ രീതിയിൽ പഠനം നടത്തി അതുമായി ബന്ധപ്പെട്ട കേന്ദ്രങ്ങൾക്ക് കണക്കുകൾ നിരത്തുവാൻ കഴിയുന്നു്. ഇവ തടയാനുള്ള നടപടികൾ ഇന്നും കടലാസിൽ ഒതുങ്ങുന്നതായിട്ടുള്ള കാര്യം പല സ്ഥലങ്ങളിലും നാം കാണുന്നുങ്കിലും ഇത് തടയുവാനുള്ള ആലോചനയോഗം, വിശകലന യോഗം , സെമിനാറുകൾ, വർക്ക്ഷോപ്പുകൾ തുടങ്ങിയവയ്ക്കുയാതൊരു കുറവും കാണാറില്ല. ഈ കാര്യത്തിൽ നടപടി എടുക്കേതായിട്ടുള്ള ഓഫീസുകൾ, സർക്കാർ വകുപ്പുകൾ മണൽ വാരൽ നിയന്ത്രിക്കുന്നതിനുള്ള പാസ് കൊടുക്കൽ എന്നിവയൊക്കെ തന്നെ പ്രവർത്തിച്ചു വരുന്നു്. ഇതിനുള്ള ഉദാഹരണമാണ് ഇയടുത്തദിവസം ബഹു: മുഖ്യ മന്ത്രി പ്രഖ്യാപിച്ച റിവർ മാനേജ്മെന്റ് അതോറിറ്റിയുടെ രൂപീകരണം (River Management Authority). കുറ്റ്യാടി പുഴയിൽ നിന്നും ഓരോ വർഷവും വാരുന്ന മണലിന്റെ ശരിയായ കണക്കുകൾ ഈയടുത്ത ദിവസം പുറത്തുവിടുക്കയുായി. ഇതു കൂടാതെ നിർത്തടങ്ങളുടെ നാശം, ഭൂഗർഭജലവിതാനത്തിന്റെ താഴ്ച, ജലാശയങ്ങളുടെ അതിരുകൾ കുറഞ്ഞു വരുന്നതിന്റെ കണക്കുകൾ, ചെറുതടാകങ്ങളിൽ ബോട്ടുകൾ ഉപയോഗിക്കുന്നതിന്റെ അപകടങ്ങൾ, കനാലുകളിൽ മണൽവന്നുചേരുന്നതിന്റെ അപകടങ്ങൾ തുടങ്ങിയവയെല്ലാം തന്നെ പഠനങ്ങൾക്ക് വിധേയമായിട്ടു്. ഈ തരത്തിലുള്ള പരിസ്ഥിതിനാശം മുറക്കു തുടരുന്നുങ്കിലും സംരക്ഷിയ്ക്കേവർക്ക് കണക്കുകൾക്കോ വിവരങ്ങൾക്കോ കുറവില്ല. എന്നാൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്ന ഒരു പരിസ്ഥിതി പ്രശ്നം, അതായത് കടൽത്തീരത്തുനിന്നും മണൽ വാരുന്നതു മൂല്യ പ്രാധാന്യമില്ലാതെ, പഠനങ്ങൾക്ക് വിധേയമാകാതേ കിടക്കുന്നു.

അതേ സമയം കടൽ തീരത്തേ പറ്റിയുള്ള മറ്റു പഠനങ്ങൾ വളരെ കൃത്യമായ രീതിയിൽ നടക്കുന്നു്. ഈയടുത്തു പുറത്തുവന്ന ചില കണക്കുകളനുസരിച്ച് കാലാവസ്ഥാ വ്യതിയാനം മൂലം കൊച്ചി കടപുറങ്ങളിലുള്ള ജലനിരപ്പിന്റെ അളവ് 1.75 മില്ലി മീറ്റർ കുറയുന്നതായിട്ടാണ് കണക്കുകൾ. കാലാവസ്ഥ വ്യതിയാനം ഉാക്കുന്ന കടൽ തീര പ്രശ്നങ്ങൾ പോലെ തന്നെ അപകടകരമാണ് കടൽ തീരങ്ങളിലേ മണൽവാരൽ പ്രശ്നങ്ങൾ. എന്നാൽ പലപ്പോഴും തീരെ ചർച്ചചെയ്യപ്പെടാത്ത ഒരു വിഷയമാണ് തീരപ്രദേശത്തെ മണലെടുക്കൽ. അവിടങ്ങളിൽ എത്രയെടുത്താലും അവസാനിയ്ക്കാത്ത തരത്തിൽ മണൽ വന്നടിഞ്ഞു കൊിരിയ്ക്കുമെന്നുള്ള ധാരണയാണിതിന് പ്രധാനകാരണം. എന്നാൽ ഒറീസ്സ പോലുള്ള പിന്നോക്ക സംസ്ഥാനങ്ങൾ കടൽ തീരത്തേ സംരക്ഷിയ്ക്കുവാൻ പ്രത്യേകം ശ്രദ്ധയെടുക്കുന്നു.

കേന്ദ്രവനം പരിസ്ഥിതി മന്താലയം 2011ൽ ഇറക്കിയ പുതിയ തീര സംരക്ഷണ നിയമം വ്യക്തമായി നിയമങ്ങൾ നടപ്പാക്കുവാൻ ഉത്തരവാദിത്ത്വം ഏൽപ്പിച്ച (മണൽ വാരൽ കേരളാ സ്റ്റേറ്റ് കോസ്റ്റൽ സോൺമാനേജ്മെന്റ് അതോറിട്ടി (KSCZMA) ജൂലൈ 22-ാം തീയ്യതി കാലാവധി അവസാനിച്ച നിലയിൽ തുടരുകയാണെന്നുള്ളതാണ് ഈ കാര്യത്തിൽ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. തീരദേശങ്ങളിൽ പലയിടങ്ങളിലും നടയ്ക്കുന്ന വൻ രീതിയിലുള്ള മണൽ വാരൽ പല സ്ഥലങ്ങളിലും തീരം തന്നെ ഇല്ലാതാക്കുന്ന സാഹചര്യമുായതായി പറയപ്പെടുന്നു. എന്നാൽ സംസ്ഥാന സയൻസ് ആന്റ് ടെക്നോളജി ഡിപാർട്ട്മെന്റ് എക്സ് ഓഫീഷിയോ പ്രിൻസിപ്പിൽ സെക്രട്ടറിയായ വ്യക്തി ചെയർമാനായി കൊ് തുടർന്നിരുന്ന അതോറിറ്റിയുടെ കാലാവധി കഴിഞ്ഞ നിലയ്ക്ക് കടൽ തീരമണൽ വാരൽ വർദ്ധിക്കുന്നതായിട്ടാണ് റിപ്പോർട്ട്. കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിനെ ഈ വിവരം രു പ്രാവശ്യം അറിയിച്ചിട്ടും പരിസ്ഥിതി മന്ത്രാ

ലയത്തിൽ നിന്നും മറുപടി ലഭിച്ചിട്ടില്ലയെന്നതാണ് കോസ്റ്റൽ അതോറിറ്റിയെ നിയന്ത്രിക്കുന്ന വകുപ്പുപറയുന്നത്. (സെറ്റക്ക്). എന്നാൽ കോടതി ഉത്തരവ് ഉള്ളിടത്ത് പോലും മണൽ വാരൽ നിർത്തിവെയ്ക്കൽ പദ്ധതി പോലും നടപ്പിലാവാത്ത ഇടങ്ങൾ വൻ പരിസ്ഥിതി നാശത്തിനിടവരുത്തുന്നതായിട്ടാണ് ഇപ്പോൾ കുവരുന്നത്. ഇതിനൊരു ഉദാഹരണമാണ് കോഴിക്കോട് ജില്ലയിലെ പയ്യോളിക്കടുത്ത കോട്ടക്കൽ കടപുറത്തേ കൊവാളിപ്പാലത്തിലേ സ്ഥിതി. ഇവിടെ എല്ലാവർഷവും ആയിരകണക്കിന് കിലോ മീറ്റർ സഞ്ചരിച്ചെത്തുന്ന കടലാമകളുടെ സാന്നിദ്ധ്യം കാരണം ഇവിടത്തേ മണലെടുപ്പു പ്രത്യേകം ശ്രദ്ധ ആകർഷിച്ചിരുന്നു. മുട്ടയിടാൻ എത്തുന്ന ഈ തീരത്തേ 'ഒലിവ് റിഡ്‌ലേ' ആമകൾ ഇന്ന് ഭീഷണിയിലാണ്. ഇവിടെ നടയ്ക്കുന്ന വൻ രീതിയിലുള്ള മണലെടുപ്പാണ് ഇവയ്ക്കു വൻ ഭീഷണിയായി കൊിരിക്കുന്നത്. തീരം തന്നെ ഇല്ലാതായി കൊിരിക്കുകയാണിവിടെ. ഈ തരത്തിൽ തീരങ്ങൾ ശ്രദ്ധിക്കപ്പെടാതെ പോകുന്ന മറ്റനവധി കടപ്പുറങ്ങൾ വേറെയ്യും സംസ്ഥാനത്തു്. കോഴിക്കോട് ജില്ലയിലേതന്നെ പ്രസിദ്ധ ടൂറിസ്റ്റ് കേന്ദ്രമെന്നറിയപ്പെടുന്ന കാപ്പാട് മറ്റൊരുദ്ദാഹരണമാണ്. എന്നാൽ കേരളത്തിനേക്കാളും പിന്നോക്കം നിൽക്കുന്ന മറ്റനവധി സംസ്ഥാനങ്ങളിൽ തീരദ്ദേശം സംരക്ഷിയ്ക്കുവാൻ ശക്തമായ വ്യവസ്ഥകൾ ഇന്ന് നിലവിലു്. ഉദാഹരണത്തിന് ഒറീസ്സയിലേ ഗാർഹിമാതയിൽ മറൈൻ സാഞ്ചറി ഉാക്കുവാനുള്ള തീരുമാനം ഇതിലൊന്നുമാത്രമാണ്. ഈ മേഖലയിൽ 20,000 മുക്കുവർക്കിടയിൽ നടത്തിയ പഠനം തെളിയിച്ചത് ശ്രദ്ധ അർഹിക്കുന്നതാണ്. കടൽ തീരത്തുനിന്നും അഞ്ചു കിലോമീറ്റർ വരെയുള്ള മേഖലയിൽ മത്സ്യം പിടിക്കാൻ അവർക്ക് അനുവദനീയമില്ലാതെ ഇരുന്നിട്ടും ഇത് മുക്കുവരുടെ ജീവിതത്തേബാധിയ്ക്കുന്ന പ്രശ്നമായിരുന്നിട്ടും സംരക്ഷിതമേഖല കടൽ തീരം അഞ്ചു കിലോ മീറ്റർ വരെ വേണമെന്നതുതന്നെയാണവരുടെ അഭിപ്രായം. ഈ സംരംഭം വന്നത് ഇപ്പോൾ മുക്കുവരുടെ ജീവിതത്തെ ബാധിച്ചിട്ടുങ്കെിലും അത് കണക്കിലെടുയ്ക്കാതെ ഇവിടെ എത്തുന്ന ഒലിവ് റിഡ്‌ലേ കടലാമകളുടെ സംരക്ഷണത്തിനു പ്രാധാന്യം നൽകണമെന്നാണ് മുക്കുവർ പറയുന്നത്.


ടൂറിസം ആവശ്യങ്ങൾക്കും മറ്റു തരത്തിലുള്ള ആവശ്യങ്ങൾക്കും മണലെടുക്കൽ, തീര പ്രദേശത്തെ നിർമ്മാണം തുടങ്ങിയവകാരണം നശീകരണം നേരിട്ടു ഇന്ന് ഭീതിയിൽ കഴിയുന്ന ഒരു ദ്വീപാണ് മാല ദ്വീപ്. വർഷങ്ങളായി അവിടെ കാലാവസ്ഥ വ്യതിയാനത്തിന്റെ ആനന്തരിക ഫലങ്ങൾ മനസ്സിലാക്കിയ അവർ വളരെ ശ്രദ്ധാലുക്കൾ ആണെങ്കിലും മാല ദ്വീപ് ഏത് സമയവും കടലിൽ മുങ്ങുവാൻ സാധ്യതയുള്ളതുകൊ് അവിടം വസിക്കുന്നവരും ഭരണകുടവും ഇന്നു വളരെ ഭയത്തിലാണ് കഴിയുന്നത്. ടൂറിസം മാർഗ്ഗത്തിലൂടെ മാത്രം വരുമാനം നേടുന്ന മാലദ്വീപ് മറ്റൊരു ദ്വീപു തന്നെ വിലയെടുക്കാൻ തയ്യാറായികൊിരിക്കുകയാണ്. മൊത്തമായി അങ്ങോട്ടുമാറുവാനുള്ള ശ്രമം നടന്നുകൊിരിക്കുന്നു. കൂടാതെ കടൽ തീരത്തെ ഏറ്റവും നശിപ്പിക്കപ്പെട്ട പ്രദേശങ്ങളിലാണ് വർഷങ്ങൾക്ക് മുമ്പ് സുനാമി ആഞ്ഞടിച്ചതെന്നാണ് റിപ്പോർട്ടുകൾ പറയുന്നത്. ഇത് ലോകം മുഴുവൻ കാരു കാഴ്ചയാണ്. അന്തമാൻ നിക്കോ ബാർ ഇതിനുള്ള ഒരു പ്രധാന ഉദാഹരണവുമാണ്. ഈ ഭയവും മാലദ്വീപിനേ ബാധിയ്ക്കുന്നു്. ലോകത്തിൽ നടയ്ക്കുന്ന ഈ തരത്തിലുള്ള എല്ലാതരം കടൽ തീര ഭീഷണിയേയും അതിനൊപ്പം തന്നെ കടൽ സംരക്ഷണവും ലക്ഷ്യം വെച്ചുകൊ് ആസ്റ്റേലിയൻ സർക്കാർ ഇപ്പോൾ നടപ്പാക്കാനുദ്ദേശിയ്ക്കുന്ന ഏറ്റവും വലിയ മറൈൻ റിസർവ്വ് ലോകം തന്നെ ഉറ്റിനോക്കി കൊിരിക്കുകയാണ്. ഇത് കടൽ തീരത്തേയ്യും അവിടെ മുട്ടയിടാൻ വരുന്ന കടലാമകളേയും നല്ല ഒരു പരിധിവരെ മത്സ്യ സമ്പത്തിനേയും സംരക്ഷിയ്ക്കും. ഫ്രാൻസിന്റെ മൊത്തം വലിപ്പത്തിന്റെ ഒന്നര ഇരട്ടിവരുന്ന ഈ കടൽ – കടൽ തീരസംരക്ഷണം, കടൽ തീരത്തെത്തുന്ന സ്രാവുകളുടെ സംരക്ഷണവും ലക്ഷ്യമാക്കിയുള്ള പദ്ധതി വിജയകരമാക്കുകയാണ് ആ സ്ത്രേലിയയുടെ ഇപ്പോഴത്തേ ലക്ഷ്യം.

ഈ പദ്ധതി മാതൃകയാക്കണമെന്നാണ് വൻ രീതിയിൽ കടൽ തീര ചൂഷണവും ദുരുപയോഗവും നടക്കുന്ന പല രാജ്യങ്ങളും സ്വപ്നം കാണുന്നത്. പ്രത്യേകിച്ചും വികസിത രാജ്യങ്ങൾ കൂടാതെ കടൽ തീര പ്രദേശങ്ങളിലേ പുരാവസ്തു സംബന്ധിച്ചു കൂടുതൽ പഠനങ്ങൾ നടത്തുവാനും പ്രശസ്ത സംഘടനയായ ഇൻടാക്ക് ശ്രമിയ്ക്കുന്നു.




കടപ്പുറത്തെ അവസാന കടലാമകൾ തീരം ഇല്ലാതാകുന്ന ഇവിടെ കടലാമകളുടെ വരവിനി സ്വപ്നം മാത്രം

ഒറീസയിലേ ഗാഹിർമാത മറൈൻ സാഞ്ചറി മേഖയിൽ 1.8 ലക്ഷം ഒലിവ് ടർടൽ ആമകൾ മുട്ടയിടാൻ വന്ന നിലയ്ക്ക് അവിടത്തേ മുക്കുവർ തങ്ങളുടെ ഒരേയൊരു മാർഗ്ഗമായ മീൻ പിടുത്തം ഇവയ്ക്കു വേി കുറയ്ക്കാനും തയ്യാറെടുത്തിരിയ്ക്കുകയാണ്. കടൽ തീരത്തു നിന്നും അഞ്ചുകിലോമീറ്റർ വരെയാണിവിടെ സംരക്ഷിത മേഖല.



മറൈൻ സാഞ്ചറിയിലൂടെ ആസതേലിയ സംരക്ഷിക്കുവാൻ ശ്രമിക്കുന്ന വന്യപക്ഷികൾ

അനുസ്മരണം



# പ്രേംനസീർ ഒരു സ്നേഹ സാഗരം



റഹിം പൂവാട്ടുപറമ്പ്

## ജനുവരി 16

മലയാള സിനിമയിലെ നിത്യവസന്തമായിരുന്ന പ്രേംനസീർ വിടപറഞ്ഞ ദിവസമാണന്ന്. 23 വർഷങ്ങൾ എത്രപെട്ടെന്നാണ് കടന്നുപോയത്. 38 വർഷമാണ് നസീർ സാർ മലയാള സിനിമയിൽ നിത്യവസന്തനായകനായി നിറഞ്ഞുനിന്നത്.

1929 ഡിസംബർ 26ന് തിരുവന്തപുരം ജില്ലയിലെ ചിറയിൻ കീഴിലെ എ. ഷാഹുൽ ഹമീദിന്റേയും അസ്മാബീവിയുടെയും മകനായി ജനിച്ച അബ്ദുൾഖാദർ, പ്രേംനസീർ എന്ന സുന്ദരനാമത്തിൽ മലയാളികളുടെ ഹൃദയം കീഴടക്കിയത് എത്ര പെട്ടെന്നായിരുന്നു.

1951ൽ സത്യന്റെ കൂടെ 'ത്യാഗസീമ' എന്ന ചിത്രത്തിലാണ് നസീർ സാർ ആദ്യമായി അഭിനയിക്കുന്നത്. ചിത്രം പാതി വഴിയിൽ നിന്നു പോയി. പിന്നീട് 'മരുമകൾ' നസീർ സാറിന്റെ ആദ്യ റിലീസ് ചിത്രമായി മാറി.

1989 ജനുവരി 16ന് മദ്രാസിൽ നമ്മളെ ഒന്നടങ്കം സങ്കടപ്പെടുത്തിക്കൊ് അദ്ദേഹം വിടപറയുമ്പോഴും നസീർ സാർ അവസാനമായി അഭിനയിച്ച 'ധ്വനി' എന്ന ചിത്രം തിയേറ്ററുകളിൽ നിറഞ്ഞോടുകയായിരുന്നു.

ലോകത്ത് ഏറ്റവും കൂടുതൽ ചിത്രങ്ങളിൽ നായകനായി അഭിനയിച്ച റിക്കാർഡ് നസീർസാറിനു മാത്രമേയുള്ളു. ഒരു നായികയോടൊപ്പം 107 ചിത്രങ്ങളിൽ ജോഡിയായി അഭിനയിച്ച ചരിത്രം സൃഷ്ടിച്ചതും അദ്ദേഹം തന്നെ. ഷീലയാണ് ആ ഭാഗ്യ നടി. അറുനൂറിൽപരം ചിത്രങ്ങൾ. ഇതിൽ എൺപതോളം ചിത്രങ്ങളിലും ഒരേ സംവിധായകൻ. ശശികുമാർ - നസീർ കൂട്ടുകെട്ടിൽ പിറന്ന ചിത്രങ്ങളെല്ലാം സൂപ്പർ ഹിറ്റുകൾ. ഉദയായുടെ 50 ചിത്രങ്ങളിലും നായകൻ നസീർ സാറാണ്. ഇരട്ടവേഷങ്ങൾ ചെയ്തത് ഇരുപത്തിയഞ്ചോളം ചിത്രങ്ങൾ. ഗാനഗന്ധർവ്വൻ യേശുദാസ് ഏറ്റവും കൂടുതൽ സിനിമയിൽ പാടിയതും നസീർ എന്ന അനുഗ്രഹിത നടനുവേിയാണ്. ഈ അതുല്യകലാകാരന് പകരം വെയ്ക്കാൻ മലയാളത്തിൽ മറ്റൊരു നടനുമുായിട്ടില്ല.

1985ൽ പത്മഭൂഷൺ നല്കിയാണ് ഭാരതം അദ്ദേഹത്തെ ബഹുമാനിച്ചത്. മനുഷ്യസ്നേഹത്തിന്റെ, സമാധാനത്തിന്റെ, ജീവകാരുണ്യത്തിന്റെ, നന്മയുടെ, മത സൗഹാർദ്ദത്തിന്റെയെല്ലാം ഒരു മഹാനഗരമായിരുന്നു നസീർ സാർ. കടലും ആനയും എത്ര നോക്കിയാലും നമുക്ക് മതിവരില്ല. അതുപോലെയാണ് അദ്ദേഹവും. ആ രൂപം എത്ര സുന്ദരമാണ്. ആ മനസ്സ് എത്ര ദിവ്യമാണ്. ആ പെരുമാറ്റം എത്ര വിനയമുള്ളതാണ്. ആ മനുഷ്യൻ എത്ര മഹാനാണ്.

1985ലാണ് ഞാൻ നസീർ സാറിനെ ആദമായി പരിചയപ്പെടുന്നത് ചന്ദ്രിക പത്രത്തിന്റെ എഡിറ്റർ നവാസ് പൂനൂരാണ് അതിന് സഹായിച്ചത്. കോഴിക്കോട് പറയഞ്ചേരിയിലുള്ള നസീർ സാറിന്റെ മകൾ ലൈലാത്തയുടെ വീട്ടിൽ വെച്ചായിരുന്നു കൂടിക്കാഴ്ച. (നസീർസാറിനെ പോലെ തന്നെ ലൈലാത്തയും ഭർത്താവ് എഞ്ചിനീയർ ഇ. എ. റഷീദിക്കയും സ്നേഹത്തിന്റെ നിറകുടങ്ങളാണ്.) ആ ദിവസം എനിക്ക് മറക്കാനാവില്ല. നവാസ്ക്കയും ഞാനും എന്റെ സുഹൃത്ത് ശിവദാസൻ പൂവാട്ടുപറമ്പും ഒരു ഓട്ടോറിക്ഷയിൽ അവിടെ ചെന്നിറങ്ങി. പത്രപ്രവർത്തന രംഗത്തെ എന്റെ തുടക്ക കാലമാണ്. വയസ് 22. നസീർ സാറിനെ ആരാധിച്ചു നടക്കുന്ന കാലം. ഇതിന് മുമ്പ് ഒന്നു രുതവണ ചില ചടങ്ങുകളിൽ അകലെ നിന്ന് കിട്ടേയുള്ളു. ആദ്യമായിട്ടാണ് നേരിൽ പരിചയപ്പെടാൻ പോകുന്നത്. ഞങ്ങളെ അത്ഭുതപ്പെടുത്തിക്കൊ് നസീർ സാർ വാതിൽക്കൽ തന്നെ നിൽക്കുന്നു. വളരെ കാലത്തെ സുഹൃത്തുക്കളോടെന്ന പോലെ വളരെ ഹൃദ്യമായാണ് ഞങ്ങളെ സ്വീകരിച്ചത്. (നവാസ്ക്കയുമായുള്ള അടുപ്പമാണതിനുകാരണം. നവാസ്ക്ക നസീർ സാറിന്റെ വലിയ അടുത്ത സുഹൃത്താണ്). വെറും പത്തുമിനുട്ടുമാത്രമാണ് കൂടിക്കാഴ്ചയ്ക്ക് സമയം അനുവദിച്ചത്. പക്ഷേ അദ്ദേഹം ഒരു മണിക്കൂറോളം ഞങ്ങളോടൊപ്പം ചിലവഴിച്ചു. മകൾ കൊുവന്ന ചായ അദ്ദേഹം തന്നെ ഞങ്ങൾക്ക് എടുത്തുതന്നു. പലഹാരങ്ങൾ പലവിധമായിരുന്നു. നിർബന്ധിച്ച് കഴിപ്പിച്ചു. ഒരിക്കലും മറക്കാത്ത ദിവസമാണന്ന്. അന്നു തുടങ്ങിയ സ്നേഹം മരണം വരെ നിലനിന്നു.

കോഴിക്കോട് വരുമ്പോഴൊക്കെ നസീർ സാറിനെ കാണാൻ അവസരം കിട്ടി. ലൈലാത്തയും റഷീദിക്കയും അതിന് വഴിയൊരുക്കി. യു. ഡി. എഫിനു വേി കോഴിക്കോട് പ്രചരണം നടത്താൻ നസീർ എത്തിയപ്പോൾ അദ്ദേഹത്തിന്റെ പരിപാടികൾ റിപ്പോർട്ട് ചെയ്യാൻ പത്രപ്രവർത്തകൻ എന്ന നിലയിൽ ര് ദിവസം എനിക്ക് കിട്ടി. അന്ന് ഒരു ചെറിയ മാസികയും ഞാൻ നടത്തിയിരുന്നു. വാർഷിക വരിസംഖ്യ വെറും പത്ത് രൂപമാത്രം. വല്ലപ്പോഴും മാത്രം പുറത്തിറങ്ങിയിരുന്ന ഒരു പ്രസിദ്ധീകരണം. ഒരു ദിവസം 250 രൂപ ഒരു കവറിലാക്കി എന്റെ പോക്കറ്റിലിട്ടശേഷം അദ്ദേഹം പറഞ്ഞു. ഇനി മുതൽ ഞാൻ ഈ മാസികയുടെ ആയുഷ്കാല വരിക്കാരനാണ്. ഇന്നത്തെ ഇരുപത്തയ്യായിരം രൂപയുടെ വിലയുതിന്. പക്ഷേ എന്റെ പട്ടിണിക്കാലമായിരുന്ന അന്ന് അതെന്റെ ജീവൻ രക്ഷിച്ച അമൃതായാണ് ഞാൻ കാണുന്നത്. 1988ൽ

ധ്വനിയിൽ അഭിനയിക്കാൻ വന്നപ്പോഴാണ് സാറുമായി കൂടുതൽ അടുക്കുന്നത്. കോഴിക്കോട്ടായിരുന്നു ഷൂട്ടിംഗ്. 'ധ്വനി' യുടെ P.R.O- (വാർത്താ പ്രചാരകൻ) ഞാനായിരുന്നു. പ്രൊഡക്ഷൻ മാനേജരുടെ കുപ്പായവും ഇടയ്ക്കിടയ്ക്ക് അണിയേി വന്നിട്ടു്. മകളുടെ വീട്ടിലായിരുന്നു നസീർ സാർ താമസിച്ചിരുന്നത്. മിക്ക ദിവസങ്ങളിലും അദ്ദേഹത്തെ സെറ്റിലേക്ക് കൊുവരാൻ ഞാനായിരുന്നു പോയിരുന്നത്. എ.ടി. അബു എന്ന അനുഗ്രഹീത സംവിധായകന്റെ ചിത്രമാണ് ധ്വനി. അദ്ദേഹവും ഇന്ന് നമ്മളോടൊപ്പമില്ല. അബുക്കയാണ് എനിക്ക് ഈ ചിത്രത്തിൽ അവസരം തരുന്നത്. എന്റെ ആദ്യ ചിത്രം നസീർ സാറിന്റെ ചിത്രമായത് എന്റെ മഹാഭാഗ്യം.18 ദിവസം നസീർ സാർ കോഴിക്കോട്ടുായിരുന്നു. ഇതിനിടെയായിരുന്നു എന്റെ വിവാഹം. ഹിന്ദുമതത്തിൽ പെട്ട റീനയെന്ന പെൺകുട്ടിയെ സ്നേഹിക്കുന്ന കാലം. ഞങ്ങൾ വിവാഹിതരാകാൻ തീരുമാനിച്ച കാര്യം അദ്ദേഹത്തോട് പറഞ്ഞപ്പോൾ പ്രതികരണം ഇങ്ങനെയായിരുന്നു. നല്ല കാര്യമാണ്. പക്ഷേ അനിയൻ സൂക്ഷിക്കണം. എല്ലാ ആശംസകളും. പിന്നെ ഇത് വെറും ഒരു ആവേശമാകരുത്. സ്നേഹിച്ച പെണ്ണിനെ കൈവിടരുത്; മരണം വരെ". (ഞാൻ ആ ഉറപ്പ് ഇന്നും പാലിക്കുന്നു. മകൾ പ്രിയങ്ക ഇന്ന് എം. എ. വിദ്യാർത്ഥിനിയാണ്. മകൻ രാഹുൽ ബി. എ. വിദ്യാർത്ഥിയും) വിവാഹത്തിന് നസീർ സാറിന് വരാൻ പറ്റിയില്ല. ഷൂട്ടിംഗ് കഴിഞ്ഞ് മദ്രാസിലേക്ക് തിരിച്ചു പോയിരുന്നു. ഞങ്ങളോട് മദ്രാസിലേക്ക് വരണമെന്ന് പ്രത്യേകം പറഞ്ഞിരുന്നു. കോഴിക്കോട് വരുമ്പോൾ വീട്ടിൽ വരാമെന്നും വാക്ക് തന്നു. പക്ഷേ 4 മാസങ്ങൾക്ക് ശേഷം നമ്മളെയെല്ലാം കണ്ണീരിലാഴ്ത്തി ആ സ്നേഹസാഗരം സ്വർഗലോകത്തേക്ക് പോയി.




മലയാള സിനിമയിൽ നസീർ സാറിനെ പോലെ ഹൃദയശുദ്ധിയുള്ളവർ വളരെ വിരളമാണ്. മമ്മൂട്ടി, ബാലചന്ദ്രമേനോൻ, സംവിധായകൻ രഞ്ജിത്ത്, നടൻ ക്യാപ്റ്റൻ രാജു തുടങ്ങിവളരെ ചുരുക്കം പേരിലെ നസീർ സാറിന്റെ മനുഷ്യ സ്നേഹവും മാന്യതയും ഞാൻ കിട്ടുള്ളൂ. സിനിമയിൽ അഞ്ഞൂറിലേറെ സുഹൃത്തുക്കൾ എനിക്കു്. അവർ പിണങ്ങിയാലും വേില്ല ഞാൻ ധൈര്യപൂർവ്വം പറയട്ടെ മമ്മൂക്കയും മേനോൻ സാറും രഞ്ജിത്തേട്ടനും രാജുവേട്ടനും പ്രേംനസീറിന്റെ മനസ്സുള്ള ചലച്ചിത്രകാരൻമാരാണ്. പിന്നെ നിർമ്മാതാവ് രഞ്ജിത്തും (രജപുത്ര ഫിലിംസ്).



കഴിഞ്ഞ ര് വർഷമായി ഞാൻ മുൻകൈയെടുത്ത് നസീർസാറിന്റെ വീട്ടുകാരുടെ അനുഗ്രഹാശിസ്സുകളോടെ പ്രേംനസീർ പുരസ്കാരം കോഴിക്കോട്ട് നൽകി വരുന്നു്. കഴിഞ്ഞ വർഷം സംവിധായകനും തിരക്കഥാകൃത്തും നിർമ്മാതാവും നടനുമൊക്കെയായ രഞ്ജിത്തിനാണ് പുരസ്കാരം സമ്മാനിച്ചത്. മനുഷ്യസ്നേഹത്തിന്റെ കാര്യത്തിൽ നസീർ സാറിന്റെ പിന്തുടർച്ചക്കാരനാണ് രഞ്ജിത്ത്. അദ്ദേഹത്തിന്റെ ശ്രമഫലമായാണ് ഗിരീഷ്പുത്തഞ്ചേരിയുടെ കുടുംബത്തിന് 50 ലക്ഷം രൂപ കിട്ടിയത്. എം.എസ്. ബാബുരാജ്, ശാന്താദേവി, മച്ചാട്ട് വാസന്തി, അഗസ്റ്റിൻ, ശരത്ചന്ദ്ര മറാഠേ എന്നിവർക്കും ര് ലക്ഷം രൂപ സഹായിച്ചു. ര് കോടിയുടെ വിലയു് അവർക്ക് ര്ര ലക്ഷം. മലയാളസിനിമയിലെ ശ്രീബുദ്ധനാണദ്ദേഹം.

ഈ വർഷം പ്രേംനസീർ പുരസ്കാരം സമ്മാനിച്ചത് നടനും സംവിധായകനുമായ ക്യാപ്റ്റൻ രാജുവിനാണ്. പ്രേംനസീറിന്റെ മനസ്സുള്ള അതുല്യകലാകാരനാണ് രാജുവേട്ടൻ. ജീവകാരുണ്യ പ്രവർത്തകൻ കൂടിയാണദ്ദേഹം. അദ്ദേഹത്തിന്റെ സമ്പാദ്യത്തിലേറെയും സമയവും പാവങ്ങളെയും രോഗികളേയും സഹായിക്കാനാണ് നീക്കിവെച്ചിരിക്കുന്നത്. ആലുവയിലെ ജന സേവ ശിശുഭവൻ ചെയർമാൻ ജോസ് മാവേലിക്കും ഇത്തവണ പുരസ്കാരം നൽകിയിരുന്നു.

(നവാഗത ചലച്ചിത്ര സംഗീത സംവിധായകനുള്ള അവാർഡ് കണ്ണൂർ സ്വദേശി ഡോക്ടർ സി.വി. രഞ്ജിത്തിനും പുതുമുഖ നടനുള്ള അവാർഡ് രതിനിർവ്വേദം നായകൻ ശ്രീജിത്ത് വിജയിനും ഫിലിം ക്ലബ്ബിനുള്ള അവാർഡ് മലബാർ കൃസ്ത്യൻ കോളേജിനും ഇതോടൊപ്പം സമ്മാനിച്ചിട്ടു്)

ഒരു കാര്യം കൂടി പറഞ്ഞ് ഈ അനുസ്മരണം അവസാനിപ്പിക്കാം. നസീർസാറിന്റെ അനുസ്മരണ ചടങ്ങിൽ പങ്കെടുക്കാൻ കോഴിക്കോട്ടെ ചലച്ചിത്ര താരങ്ങളെയും പ്രവർത്തകരേയും വിളിച്ചാൽ വരാൻ വലിയ പ്രയാസമാണ്. ഇനി നസീർ സാറിനെകൊ് അവർക്ക് പ്രയോജനമില്ലല്ലൊ. വല്ലതും തടഞ്ഞാൽ വരാമെന്നാണ് പലരുടേയും ഉള്ളിലിരിപ്പ്. കഴിഞ്ഞ തവണ സംവിധായകൻ രഞ്ജിത്തിന് അവാർഡ് സമ്മാനിച്ച ചടങ്ങിൽ പങ്കെടുത്ത കോഴിക്കോട്ടുകാരനായ ഒരു നടൻ യാത്രക്കൂലി ഇനത്തിൽ വാങ്ങിയത് അഞ്ഞൂറുരൂപയാണ്. നഗരത്തിൽ സ്വന്തം കാര്യത്തിന് ഓട്ടോറിക്ഷയിലും സ്കൂട്ടറിലും യാത്രചെയ്യുന്ന ഇയാൾ നസീർ സാറിന്റെ അനുസ്മരണത്തിൽ, സംവിധായകൻ രഞ്ജിത്തിന് അവാർഡ് കൊടുക്കുന്ന ചടങ്ങിൽ പങ്കെടുക്കാൻ വന്നത് ടാക്സിപിടിച്ച്! 500 രൂപയും വാങ്ങി നസീർ സാറിന്റെ മഹത്വം മാലോകരോട് വിളമ്പി. ഇതാണ് ലോകം. ഇവിടെയാണ് പ്രേംനസീർ എന്ന മഹാപ്രതിഭയുടെ തിളക്കം.

■

**നിങ്ങളുടെ അമ്മ** (പേജി 9ൽ നിന്നും തുടർച്ച)

എനിയ്ക്കുവേിയായിരുന്നല്ലൊ അമ്മ അധ്വാനിച്ചത്. അച്ഛന്റെ മരണം ഞാൻ ഓർക്കാതിരിയ്ക്കാൻ...

ഒരിക്കൽ വീടു വിട്ടുപോയ ഞാൻ വീും ഓടിപ്പോകാതിരിയ്ക്കാൻ

പുസ്തകം തുറന്ന് കണ്ണിനടുത്തേയ്ക്ക് അടുപ്പിയ്ക്കുന്നു. ഉറക്കത്തെ ഓടിയ്ക്കാൻ ഉറക്കെയാണ് വായന. ധാരാളം ഞാൻ പഠിച്ചു. എന്റെ തലയ്ക്കകത്ത് ഉൾക്കൊള്ളാനാവുന്നതും അതിനപ്പുറവും...

ജോലി കിട്ടിയതും, ഞാൻ വായന നിർത്തി.

ഇനി ഉൾക്കൊള്ളാൻ ഒന്നുമില്ല. അകം പൊള്ളയായിട്ടു്. കണ്ണ് വേദനിച്ചുതുടങ്ങി. കണ്ണടയുടെ ലെൻസ് പലതവണ മാറ്റി.

അമ്മ എന്നിട്ടും ജോലി തന്നെ. കൈവെള്ളയ്ക്ക് നല്ല ഉരമാണ്. അമ്മ സ്വാവലംബത്തിന്റെ വഴിയിലാണ്. പഴയ പാട്ടുകളെക്കെ അമ്മയുടെ നാവിൻതുമ്പിൽത്തന്നെയു്.

ഒരു പക്ഷെ ശാന്ത പയുന്നതുതന്നെയാവാം ശരി.

ആളുകളെക്കൊ് ചിരിപ്പിയ്ക്കാൻ!

ചിരിപ്പിയ്ക്കുക മാത്രമല്ല. ഒരുക്കുകല്ലിനരികെ ചൂടിക്കെട്ടു കൊുപോയി കൈമാറ്റം നടത്തി മുക്കോത്തിയോട് ഉണക്കസ്രാവ് വാങ്ങും. മുക്കോത്തി അതിരിലെ കവുങ്ങിലിടിച്ചാണ് കയറിന് ഒതുക്കം വരുത്തുക. ചോറ് പൊതിഞ്ഞെടുത്ത് കൊുപോകുന്ന ലതർ ബാഗിലിട്ടാണ് ഞാൻ ശാന്തയ്ക്ക് മീൻ എത്തിക്കുന്നത്. ബാഗിന്റെ പുറത്ത് 'ഓഫീസേഴ്സ് അസോസിയേഷൻ, സംസ്ഥാന കൺവെൻഷൻ' എന്ന് ചുവന്ന അക്ഷരങ്ങളു്.

പച്ചമീൻ പൊതിഞ്ഞ കടലാസ്കവറിന്റെ പുറത്ത് രേഖപ്പെടുത്തിയത് ഉയർത്തിപ്പിടിച്ച് മകൾ ഒരിയ്ക്കൽ ഉറക്കെ വായിയ്ക്കുകയുായി.

വിത്ത് ബെസ്റ്റ് കോംപ്ലിമെൻട്സ് ഫ്രം ഗവൺമെന്റ് ഓഫ് കേരളാ.

ആശംസകൾകൊ് എളുപ്പത്തിൽ സന്തോഷിപ്പിക്കാൻ ശാന്തയെക്കിട്ടില്ല. അവൾ ആഗ്രഹങ്ങളുടെ സമുദ്രമാകുന്നു.

ആഗ്രഹങ്ങൾ എന്നല്ല, ആവശ്യങ്ങൾ എന്നുവേണം പറയാൻ. വർഷങ്ങൾക്കുശേഷമാണ് സ്വന്തമായി ഒരു വീടിനുള്ള തിരച്ചിൽ തുടങ്ങിയത്.

തുളസിത്തറയുള്ള വീടായിരുന്നു ആവശ്യം. കിട്ടിയത് ഗാരേജുള്ളത്.

ഗാറേജ് വെറുതെയിടേതായി വന്നത് ശാന്തയുടെ രക്തസമ്മർദ്ദത്തിനിടയാക്കി. അവൾക്ക് ഹൈ ബിപിയാണ് കിട്ടിയത്.

അവസാനം തുളസിത്തറയുള്ള വീട് തന്നെ കത്തെി. അപ്പോഴേക്കും എന്റെ ഈശ്വരവിശ്വാസം നഷ്ടപ്പെട്ടിരുന്നു.

പഴമ തളം കെട്ടിനില്ക്കുന്ന വീട്ടിലേയ്ക്ക് ഒരിക്കൽ അമ്മയെ ക്ഷണിച്ചതാണ്. അവശനിലയിലാണെന്നറിഞ്ഞ് ഭാര്യയെയും കൂട്ടി ച്ചെന്ന് ക്ഷണിച്ചു.

ശാന്തയ്ക്ക് തുടക്കത്തിലൊക്കെ സന്തോഷമായിരുന്നു. ഇത്തവണ കാര്യം അപകടത്തിലാകുന്ന സാധ്യതയാണുള്ളത്. 'മദർ സീരിയസ്' എന്നു മാത്രമാണ് കമ്പിയിലെങ്കിലും പരിഭ്രമിപ്പിയ്ക്കരുത് എന്നു കരുതി വാക്കുകൾ മയപ്പെടുത്തിയതാകണം.

സ്നേഹം പ്രകടിപ്പിക്കാനറിയില്ലെങ്കിലും പ്രഭാകരേട്ടന് വകതിരിവു്. കമ്പിയിലും സ്വതവെയുള്ള മിതത്വം പ്രകടമാണ് 'സ്റ്റാർട്ട് ഇമ്മീഡിയറ്റ്ലി' എന്നൊന്നും ഇല്ല.

ഓടിക്കിതച്ച് വീട്ടിലെത്തിയപ്പോൾ അമ്മ മുറുക്കാൻ ചതച്ചെടുക്കുന്നു.

ശാന്ത എന്നെ നിരാശയോടെ നോക്കി.

ഒറ്റയ്ക്ക് ഇനിയും തറവാട്ടുവീട്ടിൽ താമസിയ്ക്കുന്നത് ശരിയല്ല. വല്ലതും സംഭവിച്ചാൽ മക്കൾക്ക് ചീത്തപ്പേരുാകും.

അതുകൊ് വിവാഹിതരായ രിൽ ഒരാളുടെ കൂടെ തീർച്ചയായും പോകണം.

മക്കളുടെ നിർബന്ധത്തിന്റെ മുന്നിൽ അമ്മ സമ്മതം മൂളി.

പ്രഭാകരേട്ടന്റെ കൂടെ ഏതായാലും ഇല്ല. ബറോഡ ദൂരെയാണ് എന്നതുകൊു മാത്രമല്ല. നൃത്തം പഠിച്ച ഭാര്യയാണ് പ്രഭാകരേടന്റേത്. മരുമകൾ കണ്ണെഴുതുന്നതും പൊട്ടു തൊടുന്നതും എത്ര നേരം കുകൊിരിക്കും!

അമ്മ കൂടെ വരും എന്ന സാധ്യത തെളിഞ്ഞതോടെ ശാന്തയുടെ മുഖത്ത് അശാന്തി വ്യാപിച്ചു. വീടിന് അറ്റാച്ച്ഡ് തുളസിത്തറയു് എന്നത് ശരി തന്നെ. പക്ഷെ അമ്മ എവിടെ കിടക്കും?

അടുക്കളയിലൊ? അഥിതിയായി വരുന്ന ആൾക്ക് ഒഴിഞ്ഞുകൊടുക്കാനായി ഒരു മുറിയില്ലല്ലൊ. പിന്നെ എവിടെ കുടിയിരുത്തും?

തുളസിത്തറയിലാവട്ടെ എന്ന് ഞാൻ പറഞ്ഞില്ല.

"വേലക്കാരിയാക്കി എന്നൊക്കെ പറയുമോന്നാ പേടി! നിങ്ങളുടേതാണമ്മ."

അങ്ങിനെയൊക്കെ തടസ്സങ്ങൾ നിരത്തിയ ശാന്തയ്ക്ക് പിന്നെ ഉത്സാഹമായി. അമ്മയെ ക്കൊു പോയി അവസാനകാലത്ത് സംരക്ഷിച്ചാൽ തറവാടുവീട് സ്വന്തമാക്കാമെന്ന അതിബുദ്ധി പ്രഭാകരേട്ടന്റെ ഭാര്യയിൽ നിന്ന് കരസ്ഥമാക്കി. യാത്ര പുറപ്പെടുന്നതിന്റെ തലേദിവസമാണ് അമ്മ അഭിപ്രായം മാറ്റിയത്.

"അല്ലെങ്കിൽ ഞാനിപ്പൊ വരുന്നില്ല."

തുളസിത്തറയുള്ള വീട് അമ്മയ്ക്കിഷ്ടമില്ലെന്ന് ഉറപ്പിച്ച് പറയാൻ വയ്യ. പക്ഷെ ചില ദൈവങ്ങളെ തീരെ ഇഷ്ടമല്ല.

ശാന്തയുടെ അപ്പോഴത്തെ മുഖഭാവംകു ഞാനപ്പോൾ മനസ്സാൽ ഊറിചിരിച്ചു.


■

# കവി


**ടി.വി.ആർ. ചെറുവത്തൂർ**

മണ്ണിൽ വിണ്ണുതീർക്കുന്നവർ കവികൾ
ശാശ്വത സമാധാന സന്ദേശവാഹകർ
വിണ്ണിലെയിറ്റു നക്ഷത്രപ്പൊൻ കിരണം-
കിരണാവലികൾ തീർക്കാനീ മണ്ണിൽ.

ഗാമാവികിരണം പോൽ
അനന്തകോടി പടവാൾ തുല്യം
അവർതൻ ഭാഷയ നീതിതൻ-
കരാള ഹസ്തം തകർക്കാൻ
കാവ്യം കാലാതിവർത്തിയെങ്കിൽ
കഥിക്കാം കവിചിരഞ്ജീവി വാസ്തവം



# നന്മപ്പൂവ്



രാജേഷ് തൊയാട്

ലളിത മധുരമായ വരികളും ജീവിതവും കൊ് മലയാളിമനസ്സുകളിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച മുല്ലനേഴി എന്ന മേലേ മുല്ലനേഴി മനയ്ക്കൽ നീലകണ്ഠൻ നമ്പൂതിരി അരങ്ങൊഴിഞ്ഞു. ശാന്തിയും കൃഷിപ്പണിയും കൊു ജീവിതം കഴിച്ചുപോന്ന സാധാരണ നമ്പൂതിരി കുടുംബത്തിൽ ജനിച്ച മുല്ലനേഴി ബാല്യത്തിൽത്തന്നെ കവിതയെഴുതിത്തുടങ്ങി.

ചലചിത്രഗാനങ്ങളും നാടകവും ബാലസാഹിത്യവും നാടോടിഗാനങ്ങളും ഗ്രാമീണഗാനങ്ങളും അനായാസം എഴുതുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു.

അതിനു പുറമേ നടൻ, രാഷ്ട്രീയ -സാമൂഹിക പ്രവർത്തകൻ, അധ്യാപകൻ എന്നീ നിലകളിലെല്ലാം തിളങ്ങി.

1948 മെയ് 16ന് ഒല്ലൂർ അവിണിശ്ശേരിയിൽ തുടങ്ങിയ ആ ധന്യജീവിതം 2011 ഒക്ടോബർ 22ന്, തന്റെ 63-ാം വയസ്സിൽ അവസാനിച്ചു. അദ്ദേഹത്തിന്റെ പ്രതിഭയെ പൂർണ്ണമായും വിനിയോഗിക്കുവാൻ ചലചിത്രഗാനശാഖയ്ക്കും കഴിഞ്ഞിട്ടില്ലെങ്കിലും സ്നേഹവും നൻമയും കൊു സമ്പുഷ്ടമായ മുല്ലനേഴിയുടെ തൂലിക നൻമയും കൊും സമ്പുഷ്ടമായ മുല്ലനേഴിയുടെ തൂലിക നമുക്കു സമ്മാനിച്ച മുത്തുകൾ വിലമതിക്കാനാവാത്തതാണ്.

മുല്ലനേഴിയെ എഴുത്തിലേക്കു കൈപിടിച്ചു നടത്തിയത് പ്രശസ്തകവി വൈലോപ്പിള്ളിയായിരുന്നു. വൈലോപ്പിള്ളി പ്രധാന അധ്യാപകനായിരുന്ന ഒല്ലൂർ ഗവ. സ്കൂളിലായിരുന്നു മുല്ലനേഴിയുടെ പഠനം. ശിഷ്യന്റെ കഴിവു തിരിച്ചറിഞ്ഞ ഗുരു മുൻകൈയ്യെടുത്ത് നീലകണ്ഠനെ മലയാളം വിദ്വാനുചേർത്തു. പഠനം കഴിഞ്ഞു മുല്ലനേഴി രാമവർമ്മപുരം ഗവ. സ്കൂളിൽ അധ്യാപകനായി. തൃശ്ശൂർ മോഡൽ ബോയ്സ് സ്കൂളിൽ നിന്നു 2001ൽ മുല്ലനേഴിമാഷ് സ്വമേധയാ വിരമിക്കുകയായിരുന്നു. കവിയും കലാപകാരിയുമായിരുന്ന ആ കുറിയ മനുഷ്യൻ ഒരു മികച്ച അധ്യാപകനായിരുന്നുവെന്ന് ശിഷ്യഗണം സ്മരിക്കുന്നു. അധ്യാപകജോലിയിൽ പ്രവേശിക്കുന്നതിനു മുമ്പ് മുല്ലനേഴി സി.പി. എമ്മിന്റെ ലോക്കൽ കമ്മിറ്റി അംഗവും ആയിട്ടു്.

1976ൽ അസീസ് സംവിധാനം ചെയ്ത ഞാവൽപ്പഴങ്ങളിലെ 'കറുകറുത്തൊരു പെണ്ണാണ്' എന്ന ഹിറ്റ് ഗാനത്തിലൂടെയാണ് മുല്ലനേഴി ചലചിത്ര ഗാനരചനാ രംഗത്തുചുവടുറപ്പിക്കുന്നത്. പിന്നീട് എണ്ണത്തിൽ കുറവെങ്കിലും നൻമയുടെ സുഗന്ധവും, ലാളിത്യത്തിന്റെ ഭംഗിയുമുള്ള, മുല്ലനേഴിക്കുമാത്രം എഴുതുവാൻ കഴിയുന്ന ഗാനങ്ങൾ പിറന്നു. നടനെന്ന നിലയിൽ മമ്മൂട്ടി ശ്രദ്ധിക്കപ്പെട്ട 'മേള'യിലെ മനസ്സൊരു മാന്ത്രികക്കുതിരയായ് പായുന്നു എന്ന ഗാനം സത്യൻ അന്തിക്കാടിന്റെ എക്കാലത്തേയും ഹിറ്റ് സിനിമയായ സൻമനസ്സുള്ളവർക്കു സമാധാനത്തിൽ ശ്രീനിവാസൻ അതിമനോഹരമായി അവതരിപ്പിച്ച 'പവിഴമല്ലി പൂത്തുലഞ്ഞ നീലമാനം' 'നരേന്ദ്രൻ മകൻ ജയകാന്തൻ വക'യിലെ 'കറുത്ത രാവിന്റെ കന്നിക്കിടാവൊരു വെളുത്തമുത്ത്' അവസാനം 'ഇന്ത്യൻ റുപ്പി'യിൽ ഷഹബാസ് അമൻ സംഗീത സംവിധാനം നിർവ്വഹിച്ച 'ഈ പുഴയും സന്ധ്യകളും' വരെ.

അഗ്രഗാമി തിയറ്റേഴ്സിന്റെ സെക്രട്ടറിയായിരുന്ന മുല്ലനേഴി നിരവധി നാടകങ്ങൾ രചിക്കുകയും അഭിനയിക്കുകയും ചെയ്തിട്ടു്. സമതലം എന്ന നാടക സമാഹാരത്തിന് 1995ൽ അദ്ദേഹത്തിന് സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. 1977 ലെ ഉള്ളൂർ കവിമുദ്ര, എൻ.വി. കൃഷ്ണവാരിയർ പുരസ്കാരം, കെ.ബി. മേനോൻ അവാർഡ്, എസ്.ബി.ടി. സാഹിത്യ അവാർഡ്, കവിതയ്ക്കുള്ള 2010ലെ സാഹിത്യ അക്കാദമി അവാർഡ് എന്നിവയും മുല്ലനേഴിയും ലഭിച്ചിട്ടു്. പവിത്രന്റെ ഉപ്പ് എന്ന സിനിമയിലാണ് ആദ്യം അഭിനയിക്കുന്നത്. പിറവി, ഈ പുഴയും കടന്ന്, കഴകം, നീലത്താമര, ഭക്തജനങ്ങളുടെ ശ്രദ്ധയ്ക്ക് തുടങ്ങി ഏതാ് ഇരുപതോളം ചിത്രങ്ങളിൽ വേഷമിട്ടു. സത്യൻ അന്തിക്കാടിന്റെ 'സ്നേഹവീട്' ആണ് അവസാന സിനിമ.

കേരളത്തിലെ സാക്ഷരതാ പ്രസ്ഥാനത്തിനുവേി

'നേരമൊട്ടും വൈകിയില്ല
കൂട്ടുകാരേ പോരൂ
പേരെഴുതാം വായിക്കാം
ലോക വിവരം നേടാം'

എന്നെഴുതിയ മുല്ലനേഴി, സത്യൻ അന്തിക്കാടിന്റെ 'നരേന്ദ്രൻ മകൻ ജയകാന്തൻ വക'യിലേക്ക് തിരഞ്ഞെടുത്ത അമ്മയും നൻമയും ഒന്നാണ്

ഞങ്ങളും നിങ്ങളും ഒന്നാണ്

എന്നു തുടങ്ങുന്ന ഗാനത്തിന്റേയും സ്രഷ്ടാവാണ്. മരിക്കുന്നതിന് ഒരു ദിവസം മുമ്പും അദ്ദേഹം കവിതയെഴുതി. 'നന്മപ്പൂവ്' എന്ന കവിത, 'ഗമയ' ദ്വൈമാസികക്കുവേി. അതിന്റെ അവസാന ഈരടികൾ ഇങ്ങനെയായിരുന്നു.

'അല്പനേരം നിൽക്കുവാനേ
കെല്പു നമ്മൾക്കുള്ളു, വെന്നാൽ
അമ്മ തന്നൊരു ജീവിതത്തെ
നൻമ കൊു പുലർത്തണം നാം'

ആ മഹാ പ്രതിഭയ്ക്ക് ആദരാഞ്ജലികൾ അർപ്പിച്ചു കൊ്, ഇനിയൊരിക്കലും ഉാവില്ലെന്നുറപ്പുള്ള മറ്റൊരു മുല്ലനേഴിക്കായി നമുക്ക് വെറുതേ കാത്തിരിക്കാം.

## GLAMOUR

**GENTS & BOYS**
**NALUPARAMBIL COMPLEX**
**MANAKAVE - CALICUT-7**
**Pants, Jeans, Shirt, T-Shirts etc....**

## P.V. ENTERPRISES

**DEALERS IN ELECTRICAL & PLUMBING MATERIALS**
17/1894/A6, Abba Arcade Building,
East Kottaparamba,
G.H. Road, Kozhikdoe-1.
**Ph:0495 4025101, 3042762 Mob: 9387338100**

## Highness Cool Refrigeration & Air Conditions

**NEAR POST OFFICE, MANKAVE, CALICUT - 7**
*(Service for Airconditioner, Refrigerator, Washing Machine, Spray Painting,etc.)*
***Mob: 9349810003***

## MANMKULAM ENTERPRISES

Chalappuram P.O., Calicut-673 002, Kerala
**Ph: Off: 2302884, Res: 2301916 Mohammed Ashraf: 9847755130**
**ANCHOR PLYWOOD**
Dealers: Plywoods, Laminated Sheets, Black Boards, Aluminium Items, Hardware, Timbers etc.

## Universal College

**MANKAVE, CALICUT - 7**
*Classer for: Spoken English, Computer & Accountancy*
**Contact No: 9387524341, 9895647906**

## SM AUTO GARRAGE

**Puthiyapalam**
**Mooriyad Road**
**Mob: 9947411868, 9947339446**

## SURPRISE AQUARIUM

**ബൈപ്പാസ് റോഡ്, പുതിയറ, കോഴിക്കോട്– 4**
നിങ്ങളുടെ സൗകര്യാർത്ഥം അക്വേറിയം വീടുകളിൽ വന്ന് സർവ്വീസ് ചെയ്യുകയും നിർമ്മിച്ചു നൽകുകയും ചെയ്യുന്നു.
**മുജീബ്: 9544558822, 9744615436**

## SREELAKSHMI ENTERPRISES

**MANKAVE, CALICUT**
Ph: 9847005566, 9847140046
Dealers of: Jhonson & Jhonson Dabour India Ltd
**Bramin's Marketing**

**എല്ലാവിധ ഇൻഡസ്ട്രീയൽ ജോലികൾക്കും സമീപിക്കുക**




## ശാരദ
## ഇൻഡസ്ട്രീയൽസ്

**കാളൂർ റോഡ്, മാങ്കാവ്**
**കോഴിക്കോട് – 673 007**
**Mob: 9846412070**





# സൃഷ്ടി



യു. ഗണേശൻ കാളാത്ത്

ഗ്രാമത്തിലേക്കുളള പാത ആരംഭിക്കുകയും അവസാനിക്കുകയും ചെയ്യുന്നിടത്ത്, ചെമ്മണൽ നിറഞ്ഞ കന്നിന്റെ താഴ്വാരത്തിൽ അയാളിരുന്നു. പടിഞ്ഞാറ് അസ്തമയത്തിന്റെ വീരാളിപ്പട്ടുടുത്ത സൂര്യൻ മരങ്ങൾക്കിടയിലൂടെ, മൊട്ടക്കുന്നുകളുടെ നിറുകയിലൂടെ താഴ്ന്നുകൊിരുന്നു. മായാൻ തുടങ്ങുന്ന പകലിന്റെ മുഖത്തേക്കുനോക്കിയിരുന്നപ്പോൾ അയാൾക്കെന്തോ ദുഃഖം തോന്നി.

ശാലീനസുന്ദരിയായൊരു പെൺകുട്ടിയുടെ കുലീനത്വവും ഏറ്റുവാങ്ങികിടക്കുന്ന ആ ഗ്രാമത്തിലേക്കു അയാൾ കടന്നുവന്നപ്പോൾ, കുട്ടികളും പ്രായമായവരും ഒരു അത്ഭുതവസ്തുവിനെ നോക്കുന്നപോലെ അയാളെ നോക്കിനിന്നു. അയാളുടെ നീളൻ ജൂബ്ബയിലേക്കും പരുക്കൻ മുിലേക്കും നോക്കി കുട്ടികൾ അടക്കംപിടിച്ചു ചിരിച്ചു. അകലേക്കു നോക്കിയിരുന്നപ്പോൾ അയാൾ എന്തോ ചിന്തയിലേക്കു വഴുതിവീണു. വർങ്ങൾക്ക് മുമ്പ് തൂലികവും കടലാസ്സുകളും മാത്രംകൈമുതലാക്കിക്കൊ് വീട്ടുപടി ഇറങ്ങിപോന്ന ആ രംഗം അയാളുടെ മനസ്സിലേക്കുയർന്നുവന്നു. അപ്പോൾ അമ്മ വിതുമ്പികരഞ്ഞുകൊ് കോലായിൽ ഒരു കൽപ്രതിമകണക്കെ ഇരിക്കുകയായിരുന്നു. അന്ന് കണ്ണുനീർ ഒലിച്ചിറങ്ങുന്ന ആ മുഖത്തോക്കു നോക്കി യാത്ര ചോദിച്ചു.

"അമ്മേ.... ഞാൻ പോവുന്നു." പടിയിറങ്ങുമ്പോൾ പിന്നീടു തിരിഞ്ഞുനോക്കണം എന്നു കരുതി. പക്ഷെ പറ്റിയില്ല. ആത്മാവുനിറയെ തീയായിരുന്നു.

ഓർമ്മകൾക്കു മരണമില്ലാത്തതിനാൽ മറക്കാൻ ശ്രമിച്ചിരുന്ന കാര്യങ്ങൾ വീും മനസ്സിൽ തലപൊക്കി. സ്കൂൾ ജീവിതം കഴിഞ്ഞു കലാലയത്തിലേക്കു കടക്കുമ്പോൾ ഒരുപാടു ലക്ഷ്യങ്ങളുായിരുന്നു. അതിനെ മുൻനിർത്തി ഒഴിവുകിട്ടുമ്പോഴെല്ലാം പഠിച്ചു. സാഹിത്യത്തെമാത്രം സഹചാരിയാക്കി പക്ഷെ റിസൾട്ടുവന്നപ്പോൾ താൻ തോറ്റിരുന്നു. അന്ന് ജീവിതത്തിൽ ആദ്യമായി പരാജയമാകുന്ന കറുപ്പടയാളം മുന്നിൽ കു. അതോടെ തന്റെ സ്വാതന്ത്ര്യവും നഷ്ടപ്പെട്ടു. അന്നു വൈകുന്നേരമാണെന്ന് തോന്നുന്നു ചെറിയച്ഛൻ പറഞ്ഞത്. "ഇനി നീ പഠിക്കേ... നിന്റെ ഈ സാഹിത്യംമാണ് നിന്നെ പരാജയപ്പെടുത്തിയത്. ഇനി മുതൽ നീ എന്റെകൂടെ ബിസ്സിനസ്സിന്നുപോരു!" രുമാസം ഒരുവിധം തളളിനീക്കി. ആ ജോലിയോടു വിരക്തി തോന്നിതുടങ്ങി. പുലർച്ചയ്ക്കുപോയാൽ രാത്രി പതിനൊന്നു കഴിഞ്ഞെ തിരിച്ചുവരാൻ പറ്റൂ. ഒന്നിന്നും നേരമില്ല. സ്ഥലത്തെ വായനശാലയുടെ വാർഷികത്തോടനുബന്ധിച്ചു നടത്തിയിരുന്ന ചെറുകഥാമൽസരത്തിൽ കഥയെഴുതാൻപോയ ദിവസം ലീവെടുത്തു.

അന്നുരാത്രി ചെറിയച്ഛൻ ഒരു ഭ്രാന്തനെ പ്പോലെ അലറി. എന്നിട്ടുപറഞ്ഞു. "എഴുത്തും വായനയുമായി നടന്നാൽ ജീവിക്കാനൊക്കുകില്ല. അതിനുമാത്രം നിന്റെ അച്ഛൻ ഇവിടെ സമ്പാദിച്ചിട്ടില്ല. തന്റെ നിശ്ശബ്ദത കപ്പോൾ ചെറിയച്ഛനു കോപം ഇരട്ടിച്ചു. തന്റെ പേനയും കടലാസ്സുകെട്ടുകളും വലിച്ചെറിഞ്ഞു. അതു കപ്പോൾ മനസ്സിൽ ഒരായിരം കടന്നലുകൾ ഒന്നിച്ചാർത്തു നടന്നു.

അപ്പോൾ വേദനയോടെ ഓർത്തു തന്നിലെ സാഹിത്യകാരനു ചങ്ങലകൾ വീഴാൻ പോവുന്നു. ഇത് എന്റെ കാരാഗൃഹമാണ്. ഇവിടെ നിന്നും എങ്ങിനെയെങ്കിലും രക്ഷപ്പെടണം. തന്നിലെ സാഹിത്യവാസന അതിനു പ്രേരണ നൽകി. പഴയ തോൽബാഗും തൂക്കിപിടിച്ചു വഴിയിലെത്തിയപ്പോഴാണ് ശാരദയെ കത്. അവൾ വേലിക്കരികിൽ നില്ക്കുന്നു. അവളുടെ ചോദ്യം കേട്ട് ഞെട്ടിപോയി. "മോഹനേട്ടൻ പോവുകയാണോ?" അതേ കുട്ടി....... നീ എന്നെ മറന്നേക്കൂ...

എല്ലാം ഓർമ്മകളാണ്. ഇപ്പോൾ എന്തിനായി ഇതെല്ലാം ഓർമ്മിച്ചുവെന്നു അയാൾ ആലോചിച്ചു. നീ ഏഴു വർഷങ്ങൾക്കുളളിൽ എന്തെന്തു

മാറ്റങ്ങൾ സംഭവിച്ചുകാണും. ഇന്നു ശാരദ ഒരു അമ്മയായിരിക്കില്ലേ.....?

അന്നു പടിയിറങ്ങുമ്പോൾ തീരുമാനിച്ചിരുന്നു. ഇനി നാട്ടിലേക്കു വരുമ്പോഴെക്കും ഒരു പ്രസിദ്ധ സാഹിത്യകാരനായിരിക്കും. ഇന്നു താൻ ധാരാളം ആരാധകരുള്ള സാഹിത്യത്തിലെ എണ്ണപ്പെട്ട ഒരു വ്യക്തിയായിരിക്കുന്നു. ശാലീനസുന്ദരമായ ഒരു ഗ്രാമപ്രദേശം പശ്ചാത്തലമാക്കി ഒരു നോവൽ എഴുതാനാണ് ഇവിടെ വന്നത് അതു പൂർത്തിയായിരിക്കുന്നു.

സന്ധ്യയുടെ നൈലോൺചേല, ചെമ്മണൽ കുന്നുകൾക്കു മുകളിലൂടെ ഗ്രാമത്തിലേക്കൂർന്നുവീണപ്പോൾ അയാൾ തുലികയും കടലാസ്സുകുട്ടങ്ങളുമായി എണീറ്റു.

ഗ്രാമത്തിലെ പൊടിനിറഞ്ഞ പാതയിലൂടെ ഏകാകിയായി നടക്കുമ്പോൾ, അയാൾ ഒരു സത്യം ഓർമ്മിക്കുകയായിരുന്നു. താനീ ഗ്രാമത്തിന്റെ ഭംഗിപകർത്താനാണ് വന്നത്. അതു പൂർത്തിയായി. നാളെ ഈ സുന്ദരമായ ഗ്രാമത്തോടു യാത്ര പറയേിവരും എന്നോർ ത്തപ്പോൾ അയാൾക്കു ദുഃഖം തോന്നി.

മാസങ്ങൾ ജനിച്ചു. മാസങ്ങൾ മരിച്ചു. മറ്റൊരു സങ്കേതത്തിൽവെച്ചു സാഹിത്യകാരനു ആ ടെലഗ്രം കിട്ടി. അയാളുടെ 'സൃഷ്ടി' എന്ന നോവൽ ഏറ്റവും നല്ലതായി തിരഞ്ഞെടുത്തിരിക്കുന്നു.

കുപ്പിയിൽ നിന്നും ഒഴിഞ്ഞ ഗ്ലാസ്സിലേക്കു പകരുമ്പോൾ അയാൾ തീരുമാനിച്ചു നാട്ടിലേക്കു മടങ്ങണം. അമ്മയെ കാണണം. ടൗണിൽവെച്ചുതന്നെ അറിഞ്ഞു. തന്റെ അമ്മ സുഖമില്ലാതെ കിടക്കുന്നു. ഓടി കിതച്ചെത്തുമ്പോഴെക്കും അമ്മ മരിച്ചിരിക്കുന്നു, താൻ എത്തുന്നതിന്റെ ഏതാനും നിമിഷം മുമ്പ്.

തെറുപ്പു ബീഡി ആഞ്ഞുവലിച്ചു അകലെനോക്കിയിരുന്നപ്പോൾ, സായാഹ്നത്തിന്റെ തങ്കവർണ്ണങ്ങളിൽ അലിഞ്ഞുചേരാൻ ശ്രമിക്കുന്ന ചിതയുടെ നാമ്പുകൾ കു..... !

പുറകിൽ കരിയിലകൾ ഞെരിഞ്ഞമരുന്നതുകേട്ടപ്പോൾ തിരിഞ്ഞുനോക്കി. ശാരദ അവളുടെ കയ്യിൽ ഒരു കുഞ്ഞുമ്. "ചേട്ടനു എന്നോട് പിണക്കമാണോ?" "എനിക്കാരോടും പിണക്കമില്ല കുട്ടീ നിനക്കെങ്കിലും ഒരു നല്ല ഭാവിയുായല്ലോ അതിൽ സന്തോഷമേ ഉള്ളൂ." അത്രയും പറഞ്ഞപ്പോഴെക്കും ചലിക്കാൻ പോലും ശക്തിയില്ലാത്തമട്ടിൽ അയാൾ തളർന്നിരുന്നുപോയി. അപ്പോഴും അകലെ എരിഞ്ഞുകൊിരുന്ന ചിതയുടെ നാമ്പുകൾ, സർപ്പങ്ങളെപോലെ പത്തിവിടർത്തി ആടുകയായിരുന്നു.

## കാർട്ടൂൺ

## ഗിരീഷ് മൂഴിപ്പാടം






കഥ

# ദൈവദൂതന്റെ വരവ്



മഞ്ഞപ്ര ഉണ്ണികൃഷ്ണൻ

**സാറാ,** നിനക്കെന്തുപറ്റീ? കിനാവിന്റെ വാതായനം തുറന്നിട്ടപോലെ ടോം ചോദിച്ചു. പ്രാർത്ഥനയുടെ നിമിഷങ്ങളിൽ മെഴുകുകാലുപോലെ സാറ നിന്നു. ഏന്താണ് പറയേത്. ഒന്നും പറയാനില്ലാത്ത അവസ്ഥയിലും സാറയിൽ എന്തോ എരിഞ്ഞു തീരുന്നുായിരുന്നു. തുറന്നു പറയുവാനില്ലാത്തതും ഒളിച്ചുവയ്ക്കാൻ വയ്യാത്തതുമായ എന്തോ ഒന്ന്.

അവസാനം സാറ ആ സംഭവത്തിന്റെ ചുരുളിലേക്ക് കൈ നീട്ടി. തലകുനിച്ച് വേവലാതിയോടെ അറവുമൃഗത്തിന്റെ അനാഥമാവുന്ന അവസ്ഥയിൽ പറയാമെന്ന് കരുതി. പൂർണ്ണവിരാമത്തിന്റെ അർത്ഥ പൂർണ്ണതയിൽ സാറ എങ്ങിനെയാണത് പറയുക. വേ. ടോമിന്റെ അനല്പമായ ആശ്വാസത്തിന്റെ കൂട്ട് സുരക്ഷമാവട്ടെയെന്ന് സാറകരുതി. എങ്കിലും എന്നെങ്കിലുമൊരിക്കൽ അത് പറയാതിരിക്കാനാവില്ലെന്ന് സാറയ്ക്കറിയാമായിരുന്നു. അല്ലെങ്കിൽ തന്നെ സാറ അതിന് സാക്ഷീയായിരുന്നില്ലല്ലോ.

ഒരു തമിഴ് തെരുവിന്റെ കലപിലകളില്ലാത്ത ഈ ഗ്രാമസൗഭാഗ്യത്തിൽ എത്ര ആശയോടെയാണ് പള്ളിയിലെ അൾത്താരയ്ക്കു മുമ്പിൽ സാറ മുഖം കുനിച്ചതും കഴുത്തു നീട്ടിയതും ഏതോ നരച്ച ഒരു വേനലിന്റെ തിളക്കത്തിലായിരുന്നു, വരണ മാല്യത്തിനും മണവാട്ടിയുടെ പുതമുിനും അപ്പുറമുള്ള ജീവിതത്തിന്റെ കർമ്മ ബന്ധത്തിലേയ്ക്ക് വെളിച്ചം നേർന്നത്. മനസ്സിന്റെ ഉള്ളാലെ കർത്താവിന്റെ മണവാട്ടിയാകാൻ കൊതിച്ചിരുന്നതും ശിരോവസ്ത്രം കൊതിക്കുമ്പോൾ നഷ്ടപ്പെട്ടേക്കാവുന്ന പിൻമുട്ടോളം ഇരുു നീ തലമുടിയെ കുറിച്ചൊന്നും സാറ ചിന്തിച്ചിരുന്നില്ലെന്ന് അവൾ ഇപ്പോഴാണ് ഓർത്തത്.

കർത്താവിന്റെ മുമ്പിൽ ശിരസ്സു കുനിച്ച് ചെവിയോർത്തപ്പോൾ തലമുിനിടയിലൂടെ ടോമിന്റെ കൈവിറയലിന്റെ മർമ്മരം അവളറിഞ്ഞിരുന്നു. മറക്കാത്തൊരോർമ്മയുടെ കയത്തിൽ നിന്നും അത്ഭുതമാം വണ്ണം രക്ഷപ്പെട്ടൊരു വിചാരത്തോടെ സാറ പറഞ്ഞു. “വലിയ പെരുന്നാളിനെന്തെങ്കിലും പ്രത്യേകിച്ച് അർത്ഥമുോ



ടോം.” ‘ഓ, വളരെ നാളുകൾക്കു ശേഷം വരാൻ പോകുന്ന വലിയ പെരുന്നാളിനെകുറിച്ച് നീ ഇപ്പോഴെ ചിന്തിച്ചു തുടങ്ങിയോ?’ ടോം നിസ്സാരത്തോടെയാണ് പ്രതിവചിച്ചത്.

ഇടവേളകളിലെന്നോ ടോം മത പഠനത്തിൽ നിന്നും പുറത്തുവന്ന് അദ്ധ്യാപനത്തിലേക്ക് നീന്തുമ്പോഴായിരുന്നു വിവാഹം.

ദാമ്പത്യത്തിന്റെ അളവറ്റ സംതൃപ്തിയേക്കാൾ സ്വപ്നാടനത്തിന്റെ ഒരു മനസ്സ് അയാൾ പങ്കുവയ്ക്കാൻ കൊതിച്ചു. പെട്ടെന്നായിരുന്നു വിവാഹം. വിവാഹശേഷായിരുന്നു, സാറ ആ സംഭവം അറിഞ്ഞത്. പഠനകാലത്തെ സൗഹൃദങ്ങളിലെന്നോ അന്യമാക്കപ്പെട്ട ഒരു സഹപാഠിയുടെ ദുരന്ത മുഹൂർത്തം. കുറ്റവിമുക്തനാക്കപ്പെട്ടവനെപ്പോലെ ആ ദുരന്ത നായകന്റെ സുഹൃത്തിൽ നിന്നാണവളതറിഞ്ഞത്. ഒരു സാധാരണ പ്രേമകഥപോലെ മാത്രമേ സാറ അതുൾക്കൊുള്ളു. വരും വരായ്കകളുടെ പീഠ ഭൂമിയിൽ അജന്യമായൊരു വിത്തതിൽ വിളയാതെ കിടന്നുവോ?

അവസാനം ലോറൻസ് പറഞ്ഞാണ് അവളക്കാര്യമറിഞ്ഞത്. അപ്പോഴെക്കും സാറ ടോമിനെ വിവാഹം ചെയ്തിരുന്നു. സാറ ഉള്ളിൽ ഓർത്തു. ടോമിനോട് പറഞ്ഞാൽ ഒരു മാപ്പു സാക്ഷിയുടെ മനശുദ്ധിയെങ്കിലും തനിക്കു ലഭിച്ചാൽ. ഇന്നും മൈക്കിളിനെ കാണുമ്പോൾ സാറ ഓർക്കും. ഒരു ദുസ്വപ്നം പോലെ മൈക്കിളിനെ കാണാതിരിക്കണമെ, അല്ലെങ്കിൽ അയാളീ ദുരന്തത്തിൽ നിന്നും രക്ഷപ്പെട്ടിരുന്നെങ്കിലെന്ന്. മൈക്കിൾ അവൾക്ക് ആരുമായിരുന്നില്ല. കോളേജിലേക്ക് ബസ്സിൽ യാത്രചെയ്യുമ്പോൾ, ബസ്സിൽ നിന്നിറങ്ങുന്ന കൂട്ടുകാരികളുമൊത്ത് നടന്നു നീങ്ങുമ്പോൾ, രക്ഷാസംഘം പോലെ മൈക്കിളും കുമാരനും ലോറൻസു മടങ്ങുന്നവരിൽ ഒരാൾ.

സാക്ഷിക്കൂട്ടിൽ കയറി നിന്ന് വക്കീലിന്റ കേസ് വിസ്താരം ഭയക്കുന്നവന്റെ പരിഭ്രാന്തിയോടെയായിരുന്നു, സാറ എല്ലാം കേട്ടുനിന്നത്. ലോറൻസ് മാത്യുവുമൊരുമിച്ച് സാറയുടെ വീട്ടിൽ

DUST FREE PAINTING BOOTH

# ങലരവ ണ്ീ്യഹറ



FOUR WHEELER WORKSHOH

Manari, P.O. Thiruvannur. Mob: 9447158913

DUST FREE PAINTING BOOTH
ACCIDENT REPAIR

DUST FREE PAINTING BOOTH, ACCIDENT REPAIR

***Workshop:***

DESHAPOSHINI COMMUNITY HALL, P.O. KUTHIRAVATTAM, CALICUT - 16

# സി.എം.എസ്. ഗ്ലാസ്, പ്ലൈവുഡ് & ഫർണ്ണിച്ചർ



അർപണ സെന്റർ, കോഴിക്കോട്, ഫോൺ: 0495 2353022

സി.എം. സുന്ദരൻ - 9388412430

*ഗ്ലാസ്, പ്ലൈവുഡ്, ഫർണിച്ചർ, ഫൈബർഡോർ, ഹാർഡ്‌വേർ, കിച്ചൺ ക്യാബിനറ്റ്, അക്വേറിയം, ഗ്ലാസ്സ് ബെന്റിംഗ്, കളറിംഗ്, ബവലിംഗ്, എച്ചിങ് വർക്സ്*





സി.എം.എസ്. ഗ്ലാസ്, പ്ലൈവുഡ് & ഫർണിച്ചർ പൊറ്റമ്മൽ, ഫോൺ: 3299956



**MOB: T. Rajendran**
**9847233941**

# SHINE

**Aluminium partitions
Doors, Handrails,
Windows, Kitchen Cabinets,
Ceilings Aluminium Kitchen Board,
P.V.C. Doors, Coposit Panel**

ALUMINIUM FABRICATORS

**Near Thalisiva Temple, Thali, Calicut**



# M.R
# BAKERY & SWEETS

സ്വാദിഷ്ടമായ
മധുരപലഹാരങ്ങൾ,
മിക്ചർ, ബനാനചിപ്സ്,
സ്നാക്സ്
മിതമായ നിരക്കിൽ

**PUTHIYAPALAM ROAD CALICUT - 2**
**Ph: 2304036**

## Fresh Snacks & Sweet





ചെന്ന ദിവസം. മാത്യു സാറയുടെ സഹോദരന്റെ സുഹൃത്തായിരുന്നു. മാത്യു എല്ലാം പറഞ്ഞു കേൾപ്പിച്ചു. അവസാനം മൈക്കിളും സാറയും തമ്മിൽ വിവാഹം കഴിക്കേതിനെക്കുറിച്ച്. ഒരിക്കലും ആഗ്രഹിച്ചിട്ടില്ലാത്ത ആ ബന്ധത്തെക്കുറിച്ച് സാറ നിഷേധത്തോടെ നിലകൊു. ലോറൻസും മാത്യുവും അവിടെ നിന്നിറങ്ങി. മൈക്കിളിന്റെ അപ്പനുമമ്മയും അയാളുടെ അപ്പോഴത്തെ അവസ്ഥയിൽ വേവലാതിപ്പൂ.

ഒരു ദിവസം ഗ്രാമത്തിലെ മുക്കവലയിൽ ബസ്സിറങ്ങി ചായകഴിക്കാൻ കടയിൽ കയറിയ ലോറൻസും മാത്യുവും മൈക്കിളിനെ കു. മൈക്കിളിന്റെ നോട്ടത്തിൽ എന്തോ പന്തികേട് അവർക്ക് തോന്നി. സമാശ്വസിപ്പിക്കാനെന്ന വണ്ണം മാത്യു മൈക്കിളിന്റെ അടുത്ത് ചെന്നു. മൈക്കിൾ മാത്യുവിന്റെ കരണത്ത് ഒറ്റയടി. മാത്യു തിരിഞ്ഞ് ലോറൻസിനുകൊടുത്തു. മൈക്കിൾ കടയിൽ നിന്നിറങ്ങി അലക്ഷ്യമായി നടന്നുനീങ്ങി.

വർഷങ്ങൾ കൊഴിഞ്ഞു. മൈക്കിൾ വല്ലപ്പോഴും കവലയിവരും മദ്ധ്യവയസ് കഴിഞ്ഞെങ്കിലും ഏതോ നിഗൂഢമായ സ്വപ്നത്തിന്റെ കൊഴിഞ്ഞ തൂവലന്വേഷിക്കുന്ന കഥയിലെ രാജകുമാരനേപ്പോലെ.

മൈക്കിളിന്റെ വൃദ്ധനായ പിതാവ് വന്ന് പലപ്പോഴും കൂട്ടിക്കൊുപോകുന്നു. ചിലപ്പോൾഭ്രാന്താശുപത്രിയിലേക്ക് അല്ലെങ്കിൽ വീട്ടിലെ നിർദ്ദയമാക്കപ്പെടുന്ന ചിതലെടുത്ത അകത്തളത്തിലേക്ക്. പിന്നെ ഒരേ ഇരിപ്പ് ആരെങ്കിലും കാണാൻ വരുമ്പോൾ നീട്ടുന്ന ബീഡികത്തിച്ച് അതിന്റെ പുകയിൽ നിർന്നിമേഷനായി എന്തോ കാത്തിരിക്കുന്ന മൈക്കിൾ.

കോളേജിലെ പഠനകാലത്ത് സയൻസിൽ ഒന്നാമൻ ശാസ്ത്രജ്ഞനാവുമെന്ന് എല്ലാവരും കരുതി. ഒരു ദിവസം ബസ്സിലെ യാത്രയ്ക്കുശേഷം ലോറൻസും മാത്യുവും കൂടി കോളേജ് ക്യാമ്പസിൽ വച്ച് പ്ലാനിട്ടു. മൈക്കിളിനെ ഒന്ന് കളിയാക്കാം. മൈക്കിളും സാറയും പ്രേമബദ്ധരാണെന്ന് മൈക്കിളിൽ ആശ ജനിപ്പിക്കുകയായിരുന്നു ഉദ്ദേശ്യം. പദ്ധതിയ്ക്ക് തുടക്കം കുറിച്ചതിങ്ങനെയാണ് “മൈക്കിളേ, നിനക്ക് ഒരു സന്ദേശം എന്നെ ഏൽപ്പിച്ചിട്ടു്.” മാത്യു മൈക്കിളിനോട് പറഞ്ഞു. ഒരു കത്തായിരുന്നു അത്. പ്രേമലേഖനം പോലെ. മൈക്കിൾ തുറന്ന് വായിക്കുമ്പോൾ അജ്ഞേയമായ ഒരു സ്പന്ദനം അയാളുടെ ഞരമ്പിൽ മിന്നി. കത്തിന്റെ അടിയിൽ പേരെഴുതിയിരുന്നു. സാറ. തീർത്തും തന്റെ സൗഹൃദം പ്രേമത്തോളമെത്തിയപ്പോൾ ലോറൻസ് മൈക്കിളിനെ വാഴ്ത്തി “നീയടിച്ചെടുത്തല്ലോ” “ഏറ്റ് അത് വെറും തമാശയാ” മൈക്കിൾപറഞ്ഞു. അപ്പോഴും മൈക്കിളിന്റെ മനസ്സിൽ താല്പര്യം കരിങ്കൽ ബന്ധം പോലെ ഉറച്ചുകഴിഞ്ഞിരുന്നു. പരീക്ഷിച്ചുനോക്കാൻ മൈക്കിളിനെ അവർ  പ്രേരിപ്പിച്ചു കൊിരുന്നു. അതിനൊരുപായം അവർമുന്നോട്ട് വച്ചു. നാളെ സാറയുടെ മുടിയിൽ ചൂടുന്ന പൂവ് നീ ഒന്ന് എടുത്തുനോക്ക്, അല്ലെങ്കിൽ ചോദിക്ക് തന്നില്ലെങ്കിലറിയാം

ലോറൻസിന്റെ ബന്ധത്തിലെ റോസയും സാറയും ഒരുമിച്ചാണ് മിക്കവാറും കോളേജിൽ പോകുന്നത്. റോസയോട് ലോറൻസ് മുഖാന്തിരം സാറയുടെ മുടിയിലെ പൂവ് ആവശ്യപ്പെടുക ഇതായിരുന്നു മാത്യുവും ലോറൻസും കൂടി പ്ലാനിട്ടത്. പിറ്റേന്ന് സംഭവം നടന്നു. ഒരു പൂവിലെന്തിരിക്കുന്നു. സാറ മൈക്കിൾ ചോദിച്ചപ്പാടെ പൂവ് നല്കി. സാറ ഇതിൽ മറഞ്ഞിരുന്ന കളി അറിഞ്ഞിരുന്നില്ലല്ലോ.

പിന്നീടൊരു ദിവസം സാറയിൽ നിന്നും ഒരു പുസ്തകം മൈക്കിളിനുവേി റോസ മുഖാന്തിരം ആവശ്യപ്പെട്ടു. പുസ്തകം ലോറൻസിന്റെ കയ്യിൽ കിട്ടിയതിനുശേഷം മാത്യുവും ചേർന്ന് പ്രേമലേഖനം സാറ എഴുതുന്നതുപോലെ എഴുതി വച്ച് പുസ്തകം മൈക്കിളിന് കൊടുത്തു. പദ്ധതിയുടെ ക്ലൈമാക്സിലേക്ക് കഥ നീങ്ങി. അപ്പോഴും മൈക്കിളിൽ ഒരു ഉറപ്പ് ആയില്ലെന്ന് ലോറൻസിനും മാത്യുവിനും തോന്നി.

“മൈക്കിൾ നീ ആവശ്യപ്പെട്ടാൽ സാറവർക്ക്ബുക്ക് തരും ബന്ധം ഉറപ്പിക്കുകയും ചെയ്യാം. മാതൃുപറഞ്ഞു. പിറ്റേ ദിവസം ലോറൻസും മാത്യുവും കൂടിവർക്ക് ബുക്ക് ആവശ്യപ്പെട്ടുകൊുള്ള കത്തും മൈക്കിളിൽ നിന്നും വാങ്ങി. ലോറൻസ് സാറയെഴുതുന്നതുപോലെ പ്രേമം കലർത്തി മറുപടിയെഴുതി ബുക്കിൽ വച്ച് മൈക്കിളിനു കൊടുത്തു. വായിച്ച് മൈക്കിൾ പുളകിതനായി. ഒരു സ്വപ്നത്തിലെ രാജകുമാരനേപ്പോലെ രഥമോടിച്ചു. പിന്നെപ്പിന്നെ ഇങ്ങനെ പലതും.

ഒരു ദിവസം വലിയ പെരുന്നാളിനും എട്ടുനോമ്പിനും മുമ്പ്

പാതിരാനൊവേനയിലെ രാത്രി സംഗമത്തിന് മൈക്കിൾ കൊതിച്ചു. പാതിരാനൊവേനയ്ക്ക് പള്ളിയിലേക്ക് പോകുന്നവഴി ഇഞ്ചക്കവലയ്ക്ക് മുമ്പുള്ള ഇല്ലിച്ചോട്ടിൽ രാത്രി 12 മണിക്ക് കാത്തു നില്പാനും സമ്മതമെങ്കിൽ അറിയിപ്പാനും വേി മൈക്കിൾ എഴുതി മാതൃുവിനെ ഏല്പിച്ചു, റോസ മുഖാന്തിരം സാറയ്ക്ക് കൊടുക്കാൻ. ലോറൻസും മാതൃുവും കൂടി സമ്മതമറുപടി തയ്യാറാക്കി സാറയുടെ പേരും വച്ച് പിറ്റേന്ന് മൈക്കിളിന് കൈമാറി.


എട്ടുനോമ്പിന്റെ തലേന്ന് മുതൽ മൈക്കിൾ ദിവസങ്ങൾ കാത്തു. ഗാഗുൽത്തയിലെ, കാൽവരിയിൽ കുരിശിന്റെ സ്വത്വത്തിനു മുന്നിൽ കർത്താവിന്റെ പീഡാനുഭവങ്ങളും ശിരോപ്രഭയും സ്വപ്നത്തിലെന്നപ്പോലെ മൈക്കിളിന്റെ നിദ്രയിൽ തെളിഞ്ഞു. അവിചാരിതമായ സ്വപ്നദീപ്തിയിൽ ദൈവദൂതന്റെ വരവറിഞ്ഞു. കർത്താവിന്റെ കുരിശും മുൾ മുടിയും മനസ്സിൽ കോറി. മഗ്ദലനയുടെ തൂവാലയിൽ പതിഞ്ഞ മുഖം മൈക്കിളേറ്റു വാങ്ങിയ പോലെ.

അസ്വസ്ഥയുടെ ഇരുട്ടകന്ന്, പ്രഭാതങ്ങൾ തിളങ്ങി. മൈക്കിൾ ഒലീവ് ചില്ലയും ഓലപ്പെരുന്നാളും കുരിശിന്റെ വഴിയും ഉൾക്കൊു. ഘോഷയാത്രകളിൽ അച്ചടക്കത്തോടെ പങ്കെടുത്തു. പാലുകുടിക്ക് അപ്പത്തിന്റെയും വീഞ്ഞിന്റേയും സ്വാദിഷ്ടം പാരിക്കലും ഇത്രയുായിട്ടില്ല.

പാതിരാനൊവേനയുടേതിനും മുമ്പ് അമ്പെഴുന്നള്ളിപ്പിന് സാറയുമുായിരുന്നു, ഘോഷയാത്രയിൽ. മൈക്കിൾ സാറയെ ശ്രദ്ധിച്ചു. മൗനത്തിന്റെ തിളങ്ങിയ മുഖം സമ്മതപത്രംപോലെ



Ph: 2359339
Mob:9446521339
9446531339
പരിശുദ്ധ
സ്വർണ്ണാഭരണത്തിന്റെ പവിത്രനാമം
പ്രണവം
ജ്വല്ലേഴ്സ്
മേത്തോട്ടുതാഴം, കോഴിക്കോട് – 7
സ്ത്രീസൗന്ദര്യത്തിന്റെ സ്വപ്നസാക്ഷാത്ക്കാരം
എല്ലാം ഒരു കുടക്കീഴിൽ!!
916 സ്വർണ്ണാഭരണങ്ങൾക്കും, വെള്ളി ആഭരണങ്ങൾക്കും
സന്ദർശിക്കുക...
ഒരു ഗ്രാം തങ്കത്തിൽ
പൊതിഞ്ഞ ആഭരണങ്ങൾക്കും
പ്രണവം ജ്വല്ലറി വർക്സ്, എകർന്നപറമ്പ്, മേലേപാളയം, കോഴിക്കോട്

GEEYEL SONS
Mob: 7736120499,
9349344534
ENGINEERING WORKS
Pottammal-Palazhi Road, Near Ollur Temple
Bus Stop, Kozhikode
Tarmixing plant, Road Roller,
Concrete Mixer mechian etc.
All kinds of Engineering works




Mob: 9846139229,
9895376943
ത്രിവേണി കിണർ കമ്പനി
ഗവ: കോൺട്രാക്ടർ SSI
യൂണിറ്റ് (0905011881/97)
തണ്ണീർപന്തൽ
NB: കൃഷി ആവശ്യമായ RCC കിണർ,
വാട്ടർ ടാങ്ക്, സേഫ്റ്റി ടാങ്ക്, പഴയകിണർ
റിംഗുകൾ ഇറക്കി ആഴം കൂട്ടി കൊടുക്കുന്നു.
ബ്രാഞ്ച് : ക്രിസ്ത്യൻ കോളേജ് & തടമ്പാട്ടുതാഴം




BASE DESIGNERS &
CONTRACTORS
KOMMERI, CALICUT - 7
Ph: 9447143928, 9895193848
Branch
B&B DESIGNERS & CONTRACTORS
POTTAMMAL, CALICUT - 16




MOHAMMED NAJEEB
Managing Partner
Phone: 0495 - 4040321
Mob: 9349111321
Prestige
Door No. 8/27B, Convent Road,
Near Tagore Hall, Calicut 673 032
E-mail: complikitch@gmail.com
TOTAL SOLUTION FOR KITCHEN




NAKSHATRA
SILKS & SAREES
P S C BANK BUILDING PANTHEERANKAVE
MOB: 9895282675

മൈക്കിൾ കരുതി.

പാതിരാനൊവേനയുടെ അന്നു രാത്രി പന്ത്രുമണിക്ക് മുമ്പ് തന്നെ മൈക്കിൾ ഇല്ലിച്ചോട്ടിൽ കാത്തുനിന്നു. അതിനു മുമ്പേ മൈക്കിളറിയാതെ അല്പം പിറകിലായി ലോറൻസും മാത്യുവും ഇരുപ്പുറപ്പിച്ചിരുന്നു. മൈക്കിൾ ഇതറിഞ്ഞതേയില്ല.

പന്ത്രുമണിയാവുന്നതോടെ മൈക്കിൾ സാറയെത്തുന്നതും നോക്കി ഉദ്വേഗം പൂ. നിലാവിന്റെ അസ്തമിക്കാത്ത നിഴലുകൾ ചലചിത്രത്തിലെന്ന പോലെ കെട്ടു പിണഞ്ഞു. ഇളം കാറ്റിൽ ഇല്ലിച്ചോട്ടിൽ ഇല്ലിയിലകളുടെ നിഴൽ ഉലഞ്ഞു പിരിഞ്ഞു. കാത്തിരിപ്പിന്റെ വിരസതയിൽ സമയ മകൽച്ച മൈക്കിളിൽ ഉദ്വേഗമായി. കാത്ത് നില്പ് നീളുകയാണ്. നിഴലുകൾ നേർത്തു. ആരെങ്കിലും ആ വഴിവന്നു പോകുമ്പോൾ മൈക്കിൾ കരുതി സാറയാവുമെന്ന്. സമയ ഘടികാരത്തിന്റെ നിലച്ച സൂചിപ്പോലെ പിന്നെയും മനസ്സിൽ ചിന്ത തറഞ്ഞു. പന്ത്രു മണിയും കഴിഞ്ഞു. സാറയുടെ വരവിന്റെ അനല്പമായ താമസത്തെ മൈക്കിൾ ശപിച്ചു. വരാനിരിക്കുന്ന ദൈവദൂതന്റെ സംക്രാന്തമായ ദർശനത്തിലെ വെളിപാടു ഗീതം മൈക്കിൾ കേട്ടു. ശുഭാന്തമാകുന്ന ദർശനബോധത്തിൽ അയാൾ കുമ്പിട്ടു.

അല്പം താമസം സ്വാഭാവികംമാത്രം പോരാത്തതിന് സാറ ഒറ്റയ്ക്കായിരിക്കില്ലാ എന്നും റോസ കൂട്ടുാവുമെന്നും മൈക്കിൾ കരുതി.

സമയം അറുത്ത് മുറിച്ച് കടന്നു പോയി ഭൂമി പിളരുന്നതുപോലെ. മനസ്സിൽ തറഞ്ഞ കഴുത്തറ്റം സൂചിവലിച്ചെടുക്കുന്ന ഉൾവേദന. അതാ... വരുന്നു്. ഇല്ല. അതുമല്ല. നിഴലുകൾ നേർത്ത് ഇല്ലാതാവുകയാണ്. നിലാവ് കാർമേഘത്തിൽ ചുരുു. സമയം ഒരുമണിയും കഴിഞ്ഞിരിക്കുന്നു. നൊവേനയ്ക്ക് പോകേവരെല്ലാം പൊയ്ക്കഴിഞ്ഞിരിക്കുന്നു.

ഏതോ പുരുഷ ശബ്ദത്തിന്റെ ഉരസൽ മൈക്കിൾ തിരിച്ചറിഞ്ഞു. തിരിഞ്ഞു നോക്കിയപ്പോൾ! കാളയുടെ അമറൽപോലെ, സൂചിമുനയിൽ തറഞ്ഞശിരസ്സിന്റെ പിടച്ചിൽ പോലെ, സെമിത്തേരിയിൽ ശവപ്പെട്ടി പിളർന്നുയിർക്കുന്നപോലെ കുന്തിരിക്കത്തിന്റേയും ധൂപകുറ്റിയുടേയും പുകയും തിളക്കവും.

മാത്യുവും ലോറൻസും ചിരിച്ചട്ടഹസിച്ചുകൊു മൈക്കിളിനു മുന്നിലേക്ക് ചാടിവന്നു.

ഇടിഞ്ഞ ആകാശത്തിനും പിളർന്ന ഭൂമിക്കും ഇടയിൽ ശൂന്യതയിലും പ്രളയത്തിലും ഒഴുകി നടക്കുന്ന നോഹയുടെ പെട്ടകമാണോ താൻ കാണുന്നത്. അതോ പ്രളയാഗ്നിയിൽ വെളിപാടുകൾ ചൊല്ലുന്ന ദൈവദൂതന്റെ വേദപുസ്തകമോ?

മൈക്കിളിന് ഒരു നിമിഷത്തേക്ക് സ്തബ്ധനാവാനേ കഴിഞ്ഞുളളൂ. എത്രനേരമിവിടെ നിന്നെന്നുപോലും അറിഞ്ഞില്ല. മാത്യുവും ലോറൻസും പിരിഞ്ഞു പോയിരുന്നു. കുറെനാളുകൾക്കു ശേഷം മൈക്കിളിന്റെ അപ്പൻ മാത്യുവിനേയും ലോറൻസിനേയും കു. മൈക്കിളിനെ ഡോക്ടർമാരെ കാണിച്ചു. സൈക്കോതെറാപ്പി നടത്തി.

അവസാന ശ്രമമെന്ന നിലയിൽ ദൂതരായി ലോറൻസും മാത്യുവും സാറയെ സമീപിച്ചു. വിവാഹാലോചനയുമായി ഒന്നുമറിയാതിരുന്ന സാറ അതിന് ചെവി കൊടുത്തില്ല.


പിന്നീടെന്നോ സാറയറിഞ്ഞു; കിനാവിന്റെ പിന്നാമ്പുറത്ത് ഈ ദുരന്ത സാക്ഷിയെകുറിച്ച്

പശ്ചാത്താപത്തിന്റെ പട്ടുത്തുവാലയിൽ മഗ്ദലനയുടെമുഖമായിരുന്നു യേശുവിനു പകരം. സ്നാപകയോഹന്നാന്റെ ശിരസ്സിനു പകരം സലോമിയുടെ പാദങ്ങളായിരുന്നു തളികയിൽ. പ്രതിഭംസങ്ങളുടെ പ്രതിവർത്തനത്തിൽ കാലം ഉരുു. ലോറൻസും മാത്യുവും നഗരത്തിന്റെ തിരശ്ശീലയിൽ വന്നും പോയുമിരുന്നു. മൈക്കിൾ മുക്കവലയിൽ നിന്നും വീട്ടിലേക്കും ബീഡിപ്പുകയിലേയ്ക്കും നരച്ച ആകാശത്തിന്റെ ദൃഷ്ടികോണിലേയ്ക്കും സാറ വിവശമായ ദാമ്പത്യത്തിന്റെ അസ്വസ്ഥമായ സ്വപ്നം പേറി ടോമിന്റെ മുമ്പിൽ കുമ്പസാരിക്കാനാവാതെ എന്തിനോ ചെവിയോർത്തു.


മഹാലക്ഷ്മി പൂജാമഠം ദേവീ-ദേവ ശക്തി മഹാമാന്ത്രിക ഏലസ്സ്
മഹാലക്ഷ്മി ജ്യോതിഷാലയം & പൂജാമഠം
മാങ്കാവ്, കോഴിക്കോട് – 673007
Reg. No.2427/07
Ph: 0495 2330309,2330305,9846774060
9947897690, 9387751411
www.mahalakshmijyothishalayam.com
E-mail : Mahalakshmi Poojamatham@ gmail.com
ബ്രാഞ്ച് : കൊല്ലം പിഷാരികാവ് ദേവീ ക്ഷേത്രം
ദേവസ്വംബോർഡ് ബിൽഡിംഗ് റൂം നമ്പർ 6, കൊയിലാണ്ടി
തമിഴ്നാട് ബ്രാഞ്ചുകൾ : തിരുപ്പൂർ
★ കാങ്കയം ശിവൻമല ശരവണനഗർ ★ തേര്മുക്ക്
ഫോൺ : 08903410333, 9846664060,08903410666
ഉത്തരകേരളത്തിലെ ഏക പൂജാമഠം

ഈ ജ്യോതിഷാലയത്തിൽ നിങ്ങളുടെ ഭാവിഫലങ്ങൾ പ്രവചിച്ച് ഇരുപത്തിഒന്ന് ദിവസത്തെ വിധിപ്രകാരമുള്ള പൂജയാൽ അതിശക്തിയുള്ള ഏലസ്സ് തയ്യാറാക്കി നിങ്ങൾക്ക് നേരിലും തപാൽ മാർഗ്ഗവും അയച്ചുതരുന്നു. വിദേശത്തുള്ളവർക്കും ലഭ്യമാണ്. ഈ ഏലസ്സിന്റെ ഗുണഫലങ്ങൾ...മനുഷ്യനുണ്ടാകുന്ന ഏത് തടസ്സങ്ങളും മാറ്റി വഴിതുറക്കുന്നു ജീവിതം നിരാശപ്പെടുമ്പോൾ പെട്ടെന്ന് ഐശ്വര്യവും ധനവും വന്നുചേരുന്നു. വിവാഹം ഉടനെ നടക്കുന്നു. ശത്രുക്കൾ പാടെ നശിക്കുന്നു. ബിസിനസ്സിൽ പുരോഗതി. സന്താന സൗഭാഗ്യം, പ്രേമനൈരാശ്യത്തിൽ ദുഃഖിക്കുന്നവർക്ക് ഉടൻ ആശ്വാസം. ഞങ്ങളുടെ വശീകരണ ഏലസ്സിന് അത്ഭുതകരമായ ആകർഷണ ശക്തിയാണുള്ളത്. അപകടങ്ങളിൽ നിന്ന് രക്ഷ, വീട് നിർമ്മാണം നടക്കുന്നതിന്,ഐശ്വര്യത്തിനുവേണ്ടി വീടുകളിലും സ്ഥാപനങ്ങളിലും സ്ഥാപിക്കുന്ന യന്ത്രങ്ങൾ കുടുംബവഴക്ക്, സ്വത്ത് തർക്കം ഇവ പരിഹരിക്കപ്പെടുന്നു. നേരിൽ വരുന്നവർക്ക് ഇവിടെവെച്ച് പ്രശസ്ത ജോതിഷൻമാർ ഭൂതകാലങ്ങളും ഭാവികാലങ്ങളും ജ്യോതിഷത്തിൽകൂടി പ്രവചിക്കുന്നു.


മാതാ ഏജൻസീസ്
Mob: 9387029919
9287306802
മെഷിൻ ഉപയോഗിച്ച് കാട്, പുല്ല് വെട്ടൽ, കോൺക്രീറ്റ് കട്ടിംഗ്,
മരം മുറിക്കൽ, ടൂൾസ് വാടകക്ക് കൊടുക്കുന്നു.
പ്ലംബിംങ്ങ് & സാനിറ്ററി വർക്കുകൾ ചെയ്തുകൊടുക്കുന്നു.
Velliparamba, 5th Mile, Calicut - 8


K. DILEEP KUMAR
0495 - 2768441
Mob: 9447844474
9747844474
Jeeva
Sales & Service
Car Music systems
Central lock burglar
Alarm system
Power wiondow system
Automotive & Tubular Batteries
Car Ac Repairing and Gas Filling
6/253, Y.M.C.A.
Cross Road,
Calicut
Creative electrical works for your


OUR
THE DRESS DESIGNERS & MAKERS
Room No. 14, 1st Floor,
Moffussil Busstand Building,
Mavoor Road,
Kozhikode - 673 004
ഫോൺ: 0495 6410571
ബ്ലൗസ്, ചുരിദാർ
1 മണിക്കൂറിനുള്ളിൽ
തയ്ച്ചുകൊടുക്കുന്നു.


പൂജ - ഗണപതിഹോമ സാധനങ്ങൾക്ക്
ഇ. എം. വി.
സ്റ്റോർ
തളിറോഡ്, കോഴിക്കോട് - 2
Ph: (S) 2701363, (R) 2352669, 2358430
Mob: 9447417390, 9446951761


ഐശ്വര്യ
കോൺക്രീറ്റ് പ്രൊഡക്ട്സ്
എൻ.എച്ച്. ബൈപ്പാസ്, പാലാഴി റോഡ്
വഴിപോക്ക്, കോഴിക്കോട് - 16
Ph: 2352671, 9745105088
9446988308, 9946354595
കട്ടിളകൾ, ജനാലുകൾ, ആർച്ചുകൾ, വെന്റിലേറ്ററുകൾ, ഹൈഡ്രോളിക് ബ്രിക്സ്
പാവിങ്ങ് ഡിസൈനിങ്ങ് ബ്ലോക്ക്, വൈബ്രോ ഡിസൈനിങ്ങ് ടൈൽസ്


Mob: 9387928878,
9995954374
PMS
ഫർണിച്ചർ
കമ്മങ്ങാട്ട് പുറായിൽ, കുന്ദമംഗലം
(മുക്കം റോഡ്, ഇന്ത്യൻ ഗ്യാസിനടുത്ത്)
എല്ലാവിധ ഫർണിച്ചറുകളും നിർമ്മിച്ചുകൊടുക്കുന്നു.
കട്ടില, ജനൽ, ഡോർ ഫ്രെയിം, ചാരുപടി,
കിച്ചൺ കബോഡ്, സ്റ്റെയർകെയ്സ്സ്,
എന്നിവ ഓർഡർ പ്രകാരം മിതമായ നിരക്കിൽ
നിർമ്മിച്ചുകൊടുക്കുന്നു.
മരസംബന്ധമായ എല്ലാ ജോലികളും ചെയ്ത്കൊടുക്കുന്നു.
ബ്രാഞ്ച് പി.എം.എസ്സ്. ഫർണിച്ചർ മാങ്കാവ്, കോഴിക്കോട്

കഥ





ഫാത്തിമത്ത് സുഹറ
ചെമ്പ്രത്തൊടി

# വിടവാങ്ങലുകളുടെ നൊമ്പരം

കുറെ ആലോചനകൾക്കൊടുവിൽ സുനീറയുടെ കല്യാണം നിശ്ചയിച്ചിരിക്കുന്നു. അതിനിടയിൽ അവൾ മുനീറിനെ കുറിച്ച് ചിന്തിച്ചുകൊിരിക്കുകയാണ്. താൻ അവനെ സ്നേഹിച്ചകാരണം അവന് മാരണമാണ് വരിക്കേിവന്നത്. പക്ഷെ, താനിന്ന് വിവാഹിതയാവുകയാണ്. അവൻ തന്നോട് പൊറുക്കുമോ?

അതോർത്ത് താനെന്തിന് സങ്കടപ്പെടണം? താനവനെ സ്നേഹിച്ചുകൊിരുന്നിട്ടും അവൻ തന്നെ തിരിച്ച് സ്നേഹിച്ചിരുന്നില്ലല്ലോ?!
അവന്റെ കൂടെ ജീവിക്കാൻ വേി ഒരുപാട് ആലോചനകൾ താൻ മുടക്കി. എന്നിട്ടും അവൻ തന്റെ മനസ്സറിഞ്ഞില്ല. ഓരോ ആലോചനയും മുടക്കുന്നത്, തനിക്ക് മഹാ രോഗമുണ്ടെന്ന് താൻ തന്നെ ഫോൺ ചെയ്തുകൊായിരുന്നു. അതിനെല്ലാം കാരണം അവനാണെന്ന് തെറ്റിദ്ധരിച്ച തന്റെ ആങ്ങളമാർ അവനോട് ഇവിടത്തെ ഡ്രൈവർ ജോലി മതിയാക്കി ഇവിടെ നിന്ന് നാടുവിടാൻ പറഞ്ഞു. ഇല്ലെങ്കിൽ കൊന്നുകളയുമെന്നും ഭീഷണി മുഴക്കി. അതുകേട്ട് അവനെന്തിന് ജീവനൊടുക്കി?! അവനുവേി ജീവിതം വരെ വെച്ചു കളിച്ച തന്നെ അവൻ സ്നേഹിച്ചിരുന്നില്ലെങ്കിലും മറ്റൊരു പെണ്ണിനെ അവൻ സ്നേഹിച്ചിരുന്നല്ലോ?! അവളെയും വിട്ട് അവനെന്തിന് യാത്രയായി?! പുതിയാപ്പിളയും കൂട്ടരും പന്തലിൽ എത്തിയിരിക്കുന്നു. മുസ്‌ലിയാർ ചൊല്ലിക്കൊടുത്തത് അലി ചൊല്ലിത്തുടങ്ങി:

"മുഹമ്മദിന്റെ മകൾ സുനീറയെ ഞാനെന്റെ ഭാര്യയായി സ്വീകരിച്ചിരിക്കുന്നു."

പക്ഷെ, അവളുടെ മനസ്സിൽ മുനീറിനെ കുറിച്ചുള്ള ചിന്തകൾ വീും കടന്നുവന്നു. അലിയുടെ വീട്ടുകാർ സുനീറയെ തേടികൊുപോകാൻ വന്നു. അവളൊരു കടുത്ത തീരുമാനമെടുത്ത് അവരുടെ കൂടെ പുറപ്പെട്ടു.

അലിയുടെ വീട്ടിൽ കല്യാണത്തിനുവന്ന ബന്ധുക്കളും സുഹൃത്തുക്കളുമെല്ലാം പിരിഞ്ഞു. നാത്തൂന്മാരെല്ലാവരും ചേർന്ന് സുനീറയെ മണിയറയിലെത്തിച്ചു. മണിയറയിലിരുന്ന് അവൾ ചിന്തിച്ചു. താനിന്ന് മറ്റൊരുത്തന്റെ ഭാര്യയായി. താൻ സ്നേഹിച്ചിട്ടും തന്നെ സ്നേഹിക്കാതെ, ആരോ എന്തോ പറയുന്നതുകേട്ട് ആത്മഹത്യ ചെയ്ത മുനീറിനെപ്പോലെ തന്റെ ജീവിതം താനെന്തിന് അവസാനിപ്പിക്കുന്നു? തനിക്കൊരു മാറാരോഗവും ഇല്ല. തന്നെ സ്നേഹിക്കാൻ ഇന്നൊരാളു്.

സുനീറ തന്റെ കടുത്ത തീരുമാനത്തിൽ നിന്ന് പിന്മാറി നല്ലൊരു ഭാര്യയായി അലിയോടൊത്ത് ജീവിതം തുടങ്ങി.

ആ വീട്ടിൽ പുതിയ വേലക്കാരിയായി വന്നു മുംതാസ്. മുനീർ സ്നേഹിച്ചിരുന്ന പെണ്ണായിരുന്നു അവൾ. മുനീർ ജീവനൊടുക്കാനും മുംതാസ് വേലക്കാരിയായിത്തീരാനും കാരണക്കാരി ആരാണെന്ന് അലിക്കറിയാം. പക്ഷെ, സുനീറയുടെ സ്വത്തിനോടുള്ള അലിയുടെ വീട്ടുകാരുടെ പണം മോഹം കാരണമാണ് വലിയവീട്ടിലെ ആ സുനീറയെത്തന്നെ അവൻ വധുവായ് തിരഞ്ഞെടുത്തത്.

സുനീറ സുന്ദരിയായ ഒരു പെൺകുഞ്ഞിനെ പ്രസവിച്ചു. പക്ഷെ, ദൈവം സുനീറയെ വെറുതെ വിടാൻ ഉദ്ദേശിച്ചിട്ടില്ലായിരുന്നു. അവൾക്കതാ തുടങ്ങുന്നു ഒരു പനി. ആ പനി അവളെ ആകെ തളർത്തി.

അവളുടെ കുട്ടിക്ക് നാലുമാസം പ്രായമായി. മുംതാസിന്റെ കൈകളിൽ കിടന്ന് കളിക്കുന്ന കുട്ടി തന്റെ ഉമ്മയുടെ മുഖം തിരിച്ചറിഞ്ഞുതുടങ്ങി. കുഞ്ഞിന്റെ ചുിൽ ചിരി വിടരുമ്പോൾ സുനീറയുടെ നെഞ്ച് ഉരുകിത്തുടങ്ങി. പടച്ചോനേ, ഞാൻ ശരിക്കും ഒരു മാറാരോഗിയായി മാറിയോ?! ഒരുകാലത്ത് മുനീറിനോട് പ്രേമം മൂത്ത് എന്തെല്ലാം നുണകൾ ഈ നാവുകൊ് പറഞ്ഞുപോയി. അതൊക്കെ പൊറുത്തുതരണേ നാഥാ. ഇന്ന് ഞാനൊരാളുടെ ഭാര്യയും ഒരുകുട്ടിയുടെ മാതാവുമാണ്.

എനിക്കെന്റെ ഭർത്താവിനോടും മകളോടുമൊത്ത് ജീവിച്ച് കൊതി തീർന്നിട്ടില്ല...

അപ്പോഴും സുനീറയുടെ മനസ്സിൽ തന്റെ ഭർത്താവ് വേറെയൊരു പെണ്ണിന്റേതായിക്കൂടാ എന്നായിരുന്നു പക്ഷെ, അവളുടെ രോഗം കൂടുതൽ വഷളായിവരികയാണ്. ഒരു രക്ഷയുമില്ലെന്ന് ഡോക്ടറുമാർ തീർത്തുപറഞ്ഞപ്പോൾ അലി വീും വിവാഹിതനായി.

രോഗം മാറുകയില്ലെന്ന് എല്ലാ ഡോക്ടർമാരും വിധിയെഴുതിയ സുനീറക്ക് ചെറിയ മാറ്റം കുതുടങ്ങി. അവൾ തന്റെ കുട്ടിയെ തിരിച്ചറിയുന്നു.

മാസമൊന്ന് കഴിഞ്ഞു. അവൾ എഴുന്നേറ്റുനടക്കാൻ തുടങ്ങി. വീട്ടിലേക്ക് പോകാമെന്ന് ഡോക്ടർ പറഞ്ഞു. പക്ഷെ, വീട്ടിലെത്തിയ അവൾ കാണുന്നത് അലിയുടെ മഹറുമണിഞ്ഞ് നിൽക്കുന്ന മുംതാസിനെയാണ്.

മുംതാസിനെ പുതിയരൂപത്തിൽ കതോടെ സുനീറ കഴിഞ്ഞതെല്ലാം മറന്നു. അവൾ വീും പഴയ സുനീറയായി മാറി. മുംതാസിനെ എങ്ങനെയെങ്കിലും ഒഴിവാക്കണം. അവൾ അതിനായി ഒരു മാർഗ്ഗം ആലോചിച്ചുകൊിരിക്കുമ്പോഴാണ് ഒരു ഗ്ലാസ് ജൂസുമായി മുംതാസ് മുറിയിലേക്ക് കടന്നു വന്നത്. വളരെ സ്നേഹത്തോടെ മുംതാസ് ആ ജൂസ് സുനീറക്ക് നല്കി കുടിക്കാൻ ആവശ്യപ്പെട്ടു.

"ഞാൻ കുടിക്കാം നീ അവിടെ വെച്ചേക്ക്" എന്ന് സുനീറ മുംതാസിനോട് പറഞ്ഞു. അടുക്കളയിൽ ജോലിയുള്ളതുകാരണം മുംതാസ് അടുക്കളയിലേക്കു നടന്നു.

സുനീറ ജൂസ് ഗ്ലാസ് കൈയിലെടുത്ത് അതിൽ ഒരുപാട് ഗുളികകൾ പൊടിച്ചു കലക്കി അടച്ചുവെച്ചു. ആ സമയത്താണ് പുത്തുപോയ അലിയുടെ വരവ്. അതവളൊട്ടും പ്രതീക്ഷിച്ചിരുന്നില്ല. അവളുടെ മനസ്സിൽ, ആദ്യം വരുന്നത് മുംതാസ് ആയിരിക്കും എന്നായിരുന്നു. അലി ആ ജൂസ് കൈയിലെടുത്ത് ചോദിച്ചു: "നീയെന്തേ, ഇത് കുടിച്ചില്ലേ സുനീറാ...? "

"എനിക്കിപ്പോൾ ജൂസ് വോ. അത് മുംതാസ് കുടിച്ചോട്ടേ...."

"എന്നാൽ ഇത് ഞാൻ കുടിക്കാം."

"വോ.... നിങ്ങൾ കുടിക്കോ...."

അതെന്താ താൻ കുടിച്ചാലെന്നു ചോദിച്ച് അവൻ ഒരു വലിക്കത് തീർത്തു.

ഒരു നിമിഷം. അവനതാ പിടഞ്ഞുപിടഞ്ഞ് സുനീറയുടെ കാലിലേക്ക് വീഴുന്നു. ആ ശബ്ദം കേട്ട മുംതാസ് ഓടിവന്നു. അവളാ കാഴ്ച ക് ഞെട്ടി. അലി ജീവനുവേി പിടയുകയാണ്. മുംതാസ് നിലവിളിച്ചു. പക്ഷെ, വെറുമൊരു ഗ്ലാസ് കൈയിൽ നിന്ന് വീണുപൊളിഞ്ഞ ഭാവം പോലും സുനീറയുടെ മുഖത്തുായിരുന്നില്ല. കഥയൊന്നുമറിയാതെ അവരുടെ പിഞ്ചുപൈതൽ സുഖമായ് കിടന്നുറങ്ങുകയാണ്. ആ പൈതലിനെ അവസാനമായ് ഒരു നോക്ക് കാണാൻ പോലും കഴിയാതെ അലി മരണത്തിലേക്ക്....

ഓടികൂടിയവരെല്ലാം അലിയുടെ കിടപ്പ് ക് ഞെട്ടുമ്പോൾ ഒരാൾ മാത്രമ് ഒന്നും സംഭവിക്കാത്തതുപോലെ നോക്കിനിൽക്കുന്നു. കാരണം, അവളുടെ സമനില തെറ്റിയിരുന്നു.

താൻ കാരണം പൊലിഞ്ഞുപോയ ര് ജീവിനുവേി തന്റെ ര് കൈകൾ നീട്ടിക്കൊ് അവൾ ആ വരാന്തയിലൂടെ നടന്നു; ഭ്രാന്താശുപത്രിയുടെ വരാന്തയിലൂടെ.

## ആക്ഷേപം - അഭിപ്രായം

kmwkvlm-cnl cwK-s¯-aq-ey-t

(പേജ് 13ൽ നിന്നു തുടർച്ച)

തട്ടി കുടഞ്ഞും വെയിലു കാഞ്ഞും മറ്റുള്ളവർക്കു പൊള്ളാനുള്ള തീകുണ്ഡം കൂട്ടിയും വെള്ളത്തിൽ വീണ പൂച്ചയെപോലെ സർക്കസ് കളിക്കാതെ രാഷ്ട്രീയക്കാരും പൊതു പ്രവർത്തകരും സാധാരണ ജനങ്ങളുടെ മുമ്പിലുള്ള വിലക്കയറ്റം ഇന്ധനക്ഷാമം മുതലായ ജനകീയ കാര്യങ്ങൾക്ക് ഒന്നിച്ചുനിന്നു പൊരുതാനുള്ള ആർജ്ജവം കാണിക്കുകയാണ് വേതെന്ന് ടെലിവിഷൻ തുറക്കുന്നവർക്കും പത്രമെടുത്തുവായിക്കുന്നവർക്കും തോന്നിപ്പോവുന്ന ഒരു സംസ്ക്കാരത്തിലാണ് കേരളവും ഭാരതവും ഇന്നു ചലിച്ചുകൊിരിക്കുന്നത്. രാഷ്ട്രീയക്കാർ കോമാളികളെല്ലെന്നും പൊതുജനനന്മയ്ക്കായി പ്രവർത്തിക്കുന്ന ആദർശശാലികളാണെന്നും ഇ.എം. എസോ, എ.കെ. ജിയോ, പി.കെ. വാസുദേവൻ നായരോ, കെ.ആർ. ഗൗരിയമ്മയോ, അച്യുതമേനോനോ, കെ.എം. മാണിയോ, ടി.വി. തോമസ്സോ, എം.എൻ. ഗോവിന്ദൻ നായരോ, കെ. പങ്കജാക്ഷനോ, നായനാരോ, വി.എസ്. അച്യുതാനന്ദനോ, കരുണാകരനോ, സി. എച്ചോ, ആർ. ബാലകൃഷ്ണപിള്ളയോ ഇല്ലാത്ത നിയമസഭ എന്തൊരു സഭയാണെന്ന് പഴമകാരെകൊ് പറയിച്ച രാഷ്ട്രീയ ആദർശവും ജനനന്മലാക്കിയുള്ള പ്രവർത്തനത്തിനും ഒതുങ്ങുകയാണ് തങ്ങൾ ചെയ്യുകയേതെന്ന ഓർമ്മ യുവജനങ്ങൾക്കും യുവജനങ്ങളുടെ പങ്കാളിത്തത്തിനുവേി വാദിക്കുന്നവർക്കും ഉാവുകയും വേണം. കേരള സർക്കാറോ ഭാരതസർക്കാറോ ലാഭമുാക്കാൻ വേി മുതലിറക്കി കച്ചവടം ചെയ്യുവാനല്ല മറിച്ച് പൊതുജന സേവനത്തിനാണ് ജനങ്ങൾ തങ്ങളെ തെരഞ്ഞെടുത്ത് നിയമ നിർമ്മാണ സഭകളിൽ എത്തിച്ചതെന്ന ബോധം സംസ്ഥാന നിയമസമാജികർക്കും, എം.പി. മാർക്കും, ഗവർമ്മേിനും ഉാവുകയും അതോടൊപ്പം അത്തരത്തിലുള്ള പ്രവർത്തനങ്ങളിൽകൂടി ലാഭകരമായി സംസ്ഥാനസർക്കാറുകളേയും കേന്ദ്രസർക്കാറിനേയും ജനങ്ങളേയും നയിക്കുകയാണ് ചെയ്യേത്, നിയമസമാജികരെ പോലുള്ള പൊതു പ്രവർത്തകർ.

കാട്ടിലെ പുലിയെ കൊന്നാലും ആനയെകൊന്നാലും മാനിനെകൊന്നാലും കൊന്നവനെ ശിക്ഷിക്കുവാനധികാരമുള്ള ഇന്ത്യാരാജ്യത്ത് പട്ടിണികൊാരു ഇന്ത്യക്കാരൻ മരിച്ചാൽ തൊഴിൽ രഹിതനായി ഒരു ഇന്ത്യാക്കാരൻ മരിച്ചാൽ ഇന്ത്യാരാജ്യം ഭരിക്കുന്ന സർക്കാറിനെ ശിക്ഷിക്കുവാനധികാരമുള്ളവരായി ആരുമില്ല ഇന്ത്യയുടെ നിയമ സംഹിതകളിൽ. പിന്നെയെങ്ങിനെ ഇന്ത്യയുടെ ഭരണാധികാരികൾക്കും ഭരണകൂടത്തിനു ഇന്ത്യൻ ഭരണഘടനാ ശില്പികളുടെ സ്വപ്നത്തിലെ പട്ടിണി മരണമില്ലാത്തൊരു ഇന്ത്യാരാജ്യമായും തൊഴിൽ രഹിതരില്ലാത്തൊരു ഇന്ത്യാരാജ്യമായും ഇന്ത്യാരാജ്യത്തെ കെട്ടിപ്പടുകുവാൻ വിപ്ലവവീര്യം കൂടുകയെന്നതു ഇന്നൊരു ദേശക്കൂറുള്ള രാഷ്ട്രീയ ചാര്യന്മാരുടെ മനസ്സിലെ ചോദ്യചിഹ്നമാണ്. ലേഖനവുമായി കൂട്ടി വായിച്ചുനോക്കിയാൽ പ്രതിവിധികാണാതെ കലുഷിതമായികൊിരുന്ന കാവേരി നദീജലതർക്കം പോലെ ഇന്നൊരു മുല്ലപെരിയാർ തർക്കവും. അദ്ദേഹത്തിന്റെ തന്നെ മറ്റൊരു ലേഖനത്തിൽ നിന്നുള്ള ഭാഗം:- "നാം നമുക്ക് പരിമിതിയില്ലാത്ത അവകാശ


JUNAID
Mob: 9746044885
Metro Interiors
ALUMINIUM & FIBER
Palazhi Road, Kattukulangara,
Calicut - 16
Fiber Door, Kitchen Cabinet,
Cupboard , Showcase, Glazing Work,
False Celling, Partitions,
Sliding Windows, Curtain etc...


SANDEEP DAMODAR
9447425777, 9349414141
For Quality
Studio Portraits & Out Door Groups,
Wedding & Function Flash Photos
in Colour - Black & White & Other
Photographic Services.....
PHOTO SQUARE
M.C. COLLEGE CROSS ROAD, KOZHIKODE - 673011
PHOTOGRAPHY - VIDEOGRA


Roopesh Kumar
Mob: 9847554907
JIJEESH BUILDING
NEAR K.S.E.B PATERI, CALICUT 16
DUKE
DRESSES
ജീൻസ്, ടീഷർട്ട്, പാന്റ്,
ഷർട്ട്സ്, ഷോർട്ട്സ്, ജുബ്ബ
STICHING & REPAIRING


K.P. Sunilkumar
Mob: 9847390950
Ph: 0495-2702073
Resi: 9048594525
Yes Key Electricals &
Engineering Works
Puthiyapalam
Calicut


FRIENDS
SPRAY PAINTING WORKS
Malaparamba, Kozhikode - 673 009
Mob: 9495411642


തൃപ്തി ഹോട്ടൽ
വിഭവപ്രദമായ നാടൻ ഉച്ചഭക്ഷണം
ഞങ്ങളുടെ പ്രത്യേകത
ദേവഗിരി ബിൽഡിംഗ്
മെഡിക്കൽകോളേജ്
Mob: 9388733511, 8590002020

മുള്ളതെന്നും അവർ അവർക്കു പരിമിതിയില്ലാത്ത അവകാശമുള്ളതെന്നും പറയുന്ന മുല്ലപ്പെരിയാർ അണക്കെട്ട് കേരളസംസ്ഥാന അതിർത്തിക്കുള്ളിൽ സ്ഥിതിചെയ്യുന്നതിനാൽ കേരളത്തിലെ ജനങ്ങളുടെ സുരക്ഷിതത്വവും ആവശ്യവും നിറവേറ്റുന്നതിനു ബാദ്ധ്യതയുള്ള കേരളത്തിലെ സംസ്ഥാന ഗവർമ്മേ് തമിഴ്നാടിന് ആവശ്യമുള്ള കൃഷിയിടങ്ങളിലേക്കുള്ള വെള്ളം വിട്ടുകൊടുത്തുകൊ് ഒരു ഒത്തുതീർപ്പ് വ്യവസ്ഥക്ക് തയ്യാറായിരിക്കുമ്പോൾ പിന്നേയും എന്തിനുവേിയാണ് രു സംസ്ഥാനങ്ങളിൽ ജീവിക്കുന്ന ഭാരതീയർ തമ്മിലുള്ള സ്പർദ്ദയും കലഹവും രൂക്ഷമാക്കുന്നത് – "വെള്ളം കലക്കി രാഷ്ട്രീയ സഹചര്യം അനുകൂലമാക്കാനല്ലേ –" എന്നു ജനങ്ങൾ ചോദിക്കുന്നതിന്നു മറുപടി പറയാൻ തങ്ങൾക്ക് ബാദ്ധ്യതയുന്ന്െ രു സംസ്ഥാന ഭരണകൂടങ്ങളും കേരളത്തിലേയും തമിഴ്നാട്ടിലേയും രാഷ്ട്രീയപാർട്ടികളും ഓർത്തിരിക്കുന്നത് നന്നെന്ന് മുല്ലപ്പെരിയാർ പ്രസനം രു സംസ്ഥാനങ്ങളിലെ ജനങ്ങളുടെ മനസ്സിനെ പരസ്പരം അകറ്റികൊിരിക്കുന്ന ഈ വേളയിൽ ഓർമ്മപ്പെടുത്തുകയാണ് ■

# തുരുമ്പ്



(പേജ് 17ൽ നിന്നും തുടർച്ച)

കൊിരുന്നു.

അപ്പോഴെടുത്ത ശപഥമാണ്: ആകെയുായിരുന്ന അറുപതു സെന്റ് ഭൂസ്വത്ത് പണയം നല്കി വാങ്ങിയ അമ്പതിനായിരം രൂപ കൊു നേടിയ എൻട്രി വിസയുമായി ഇവിടെ എത്താനുായ പ്രേരണയും പ്രചോദനവും. ചിതലരിച്ച കഴുക്കോലുകൾ താങ്ങിനിർത്തിയിരിക്കുന്ന ഓലപ്പുര. വിവാഹപ്രായം തെറ്റിനിൽക്കുന്ന സഹോദരി. വാർദ്ധക്യത്തിലെത്തും മുമ്പേ വാതം പിടിപെട്ടു കിടപ്പിലായ അമ്മ. ദുര്യോഗങ്ങളുടെ നിര നീതാണ്.

"നാട്ടിൽനിന്നും കത്തൊക്കെ ഇല്ലേ?" ഉഷ ചോദിച്ചു.

മുകുന്ദൻ തലയാട്ടി.

പുറപ്പെട്ടപ്പോൾ മുതൽ ഡ്രാഫ്റ്റ് കാത്തിരിക്കുന്ന അമ്മയിൽ നിന്നും, നാട്ടിലേക്ക് ചെല്ലുന്നവരുടെ കയ്യിൽ കൊടുത്തുവിടുന്ന ഫോറിൻ സാരി കിനാവു കാണുന്ന സഹോദരിയിൽ നിന്നും കിട്ടുന്ന കത്തുകളുടെ ഉള്ളടക്കംകൂടെ ചോദിച്ചേക്കുമോ എന്ന് ഭയന്നു.

ഒരു കത്തയക്കാനുള്ള തപാൽസ്റ്റാമ്പിനുവേിപ്പോലും ബുദ്ധിമുട്ടുന്ന കുടുംബത്തിന്റെ പ്രതീക്ഷകൾ ദിനംപ്രതി, നിമിഷംപ്രതി, തകർന്നുകൊിരിക്കാണെന്ന് മുകുന്ദൻ പറഞ്ഞില്ല. പണയപ്പെടുത്തിയ ചെറിയ കൂരപ്പുരയ്ക്കുള്ളിൽ പട്ടിണി വലിഞ്ഞുകേറാൻ ഇനി അധികമൊന്നും താമസമില്ല, എന്നും.

പക്ഷേ അതൊന്നും താൻ പറയാതെ തന്നെ ഉഷയ്ക്കറിയാവുന്നതേയുള്ളുവെന്നും അവളിപ്പോൾ മനസ്സിൽ അതോർത്ത് സഹതപിക്കുന്നുാവുമെന്നും അയാൾ ധരിച്ചു.

അപ്പോൾ മുകുന്ദൻ ആവശ്യപ്പെടാതെ തന്നെ ആശിക്കുകയായിരുന്നതുപോലെ തന്നെ, അല്ലെങ്കിൽ അവന്റെ ഹൃദയത്തിലെ ചലനങ്ങൾ കൃത്യമായി ഗ്രഹിക്കാൻ കഴിവാർജ്ജിച്ചവളെപ്പോലെ ഉഷ ചോദിച്ചു.

"മുകുന്ദട്ടനെ ബാങ്കിലൊന്ന് കേറ്റാൻ സാധിക്കില്ലേ വാസേട്ടാ? എത്ര നാളാ ഒരു പണിയുമില്ലാതെ ഇങ്ങന...." താൻ പറയേതായ വാക്കുകൾ ഉഷയുടെ ചുത്തുനിന്നും പൊഴിഞ്ഞവീഴുന്നതുക് മുകുന്ദൻ അമ്പരന്നു.

പിന്നെ പിടഞ്ഞുണർന്ന പ്രത്യാശയോടെ, മദ്യലഹരി ചീർമ്മത സൃഷ്ടിച്ച അയാളുടെ മുഖത്തേക്ക് ഉഷയോടൊപ്പം മുകുന്ദനും നിർന്നിമേഷനായി നോക്കി.

ചുവപ്പു പൊടിഞ്ഞുനിൽക്കുന്ന ചെറിയ കണ്ണുകളിൽ സഹാനുഭൂതിയുടെയും സഹായസന്നദ്ധതയുടേയും മെഴുക്കും തിളക്കവുമുാേ?

വലിച്ചുകൊിരുന്ന മാൽബറോ സിഗരറ്റ് ആഷ്ട്രേയിൽ കുത്തിക്കെടുത്തുന്നതിനിടയിൽ മനഃപൂർവ്വം സൃഷ്ടിച്ച മൂകതയ്ക്കുശേഷം ഉഷയുടെ ഭർത്താവ് പറഞ്ഞു:

"ഒരു വേക്കൻസി കാണണം. നാളെ വാ."

വിശ്വസിക്കാൻ തന്നെ വിഷമം തോന്നി.

എന്തു ഭാഗ്യമായി!

ഇതുവരെ ഇങ്ങോട്ടുവരാൻ തോന്നാതിരുന്നതിന് മുകുന്ദൻ സ്വയം പഴിച്ചു.

ലോകത്തിലെ ഏറ്റവും വലിയ ബാങ്കുകളൊന്നിന്റെ പ്രധാനശാഖയിലെ ശക്തനായ ഓഫീസർ.

സ്വന്തമെന്നു പറഞ്ഞ് ഒരാളെ തിരുകിക്കയറ്റാൻ അദ്ദേഹത്തിനൊരു വിഷമവുമുാവില്ല.

അതോടെ, മാന്യമായ ഒരുദ്യോഗം തനിക്ക് ലഭിച്ച് കഴിഞ്ഞതായും, സുദീർഘമായ ഇത്രയും നാളത്തെ അലഞ്ഞുതിരിയൽ വ്യർത്ഥമാകുമോ എന്നുള്ള ഭീതി ഈ നിമിഷം അവസാനിച്ചതായും മുകുന്ദൻ ആശ്വസിച്ചു.

യാത്ര ചോദിച്ചിറങ്ങാൻ നേരത്ത് ഉഷ പ്രത്യേകം പറഞ്ഞു: "ഇനിയും വരണേ... ഇടയ്ക്കൊക്കെ..."

ആ ക്ഷണം ചൊടിപ്പിച്ചിട്ടെന്നോണം അവളുടെ ഭർത്താവ് തിരിഞ്ഞുനിന്ന് ഓർമിപ്പിച്ചു:

"ജോലിക്കാര്യമൊക്കെ ഓഫീസിൽ. വീട് സ്വൈരമായി താമസിക്കാനുള്ളതാണ്." എന്നിട്ട് ഒരു പ്രത്യേകതരം ചിരിയോടെ അയാൾ തുടർന്നു: "അല്ലെങ്കിൽ നീയിവിടം ഒരു എംപ്ലോയ്മെന്റ് ബ്യൂറോ ആക്കിക്കളും." ഒരു നിമിഷംകൊ് നെഞ്ചിടിപ്പിന്റെ വേഗത വർദ്ധിച്ചതായും സിരകളിലൊഴുകുന്ന രക്തത്തിന് ഊഷ്മാവ് വർദ്ധിച്ചതായും മുകുന്ദൻ അറിഞ്ഞു.

മനസ്സിൽ വർണ്ണക്കടലാസ്സുകൊ് കെട്ടിപ്പൊക്കിയ സ്തൂപങ്ങൾ മറിഞ്ഞുവീഴുന്നു.

വെളിച്ചം പൊലിയുന്നു.


ആഹ്ലാദം മടങ്ങിവരാത്ത ഒരു തിരപോലെ അകന്നുപോയിരിയ്ക്കുന്നു.

ലിഫ്റ്റിറങ്ങി, കുമുകുമാ കിടക്കുന്ന മണലിൽ പൂുപോകുന്ന പാദങ്ങൾ വലിച്ചെടുത്തു നടക്കുമ്പോൾ, അയാൾ തനിയ്ക്കായി ഏർപ്പെടുത്തിത്തന്നേക്കാവുന്ന ആ ഉദ്യോഗം വേ എന്ന് മുകുന്ദൻ നിശ്ചയിച്ചു.


ഇനിയൊരിക്കലും ഉഷയേയും അവളുടെ ഭർത്താവിനേയും ചെന്നു കാണുകയില്ലെന്നും.

നീലനിറമുള്ള മുനിസിപ്പൽ ബസ്സ് പ്രത്യക്ഷപ്പെടുന്ന റൗബൌട്ടിലേക്കു നോക്കിക്കൊ് കാൽടെക്സ് പമ്പിനു മുന്നിൽ ഒരു നിഴലുപോലെ നിൽക്കുമ്പോൾ ബസ്സ് യാത്രയ്ക്കുവേി നഷ്ടപ്പെടുത്തിയ രു ദിർഹമായിരുന്നു അയാളുടെ പുതിയ ദുഃഖം.

ലേഖനം



# ]mÀiz^-e-§Ä



**മനോജ്**

**വ്യ**വഹാരത്തിലെ തിരക്കുപിടിക്കലുകളും ഭരണകൂടത്തിന്റെ നിർബന്ധങ്ങളും വ്യക്തി സത്തയെ പ്രകടമായി ബാധിക്കുലക്കുന്നു. തിരിച്ചറിവിന്റെ കാമ്പുകാഴ്ചകളെ ഭരണകൂടം ഏപ്പോഴും ഭയപ്പെട്ടിട്ടെയുള്ളു. അടിച്ചമർത്തലുകളും ക്രമപ്പെടുത്തലുകളും വ്യക്തിയെ സമ്പ്രദായിക രീതികൾക്ക് അടിപ്പെടുത്താനാണ് ശ്രമിക്കുന്നത്. അവസ്ഥയുടെ സൗഖ്യങ്ങളിൽ ലയിക്കുന്നവർ അലോസരപ്പെടുത്തലുകളെയും സമൃദ്ധിയുടെ ഭാഗം വെയ്പിനേയും ഇഷ്ടപ്പെടാറില്ല. മനുഷ്യസൗഖ്യങ്ങൾക്കുവേി വാചകമിറക്കുമ്പോഴും ഭരണകൂടം നിർദ്ദയമായും മനുഷ്യത്വ രഹിതമായും ഇടപഴകുന്നു. കൂട്ടംചേരലുകളുടെ സംഖ്യാശാസ്ത്രത്തിനു പിന്നിൽ ധൈഷണികമായ തിരിച്ചറിവിന്റെ ആത്മ തേജസ്സ്ു്. അത് കാലബോധം ഉൾക്കൊ വ്യക്തിയുടെ ചിന്തയും വൈയക്തിക ഉൾക്കാഴ്ചയുടെ പരിപൂർണ്ണതയുമാണ്. ആയുധവല്ക്കരണത്തിന്റെ സംഘടിത നിയമാവലികൾ വ്യക്തികളുടെ തിരിച്ചറിവുകളെ എപ്പോഴും ബലിപിണ്ഡമാക്കുന്നു. ദല്ലാളുകൾ മുതലുടമയെ തൃപ്തിപ്പെടുത്താൻ വേി കൂടുലൽ കിരാതമാക്കുക സ്വാഭാവികമാണ്. രാഷ്ട്രീയത്തിന്റേയും ഭരണകൂടത്തിന്റേയും കെട്ടുപാടുകൾ ഗ്രാമാന്തരങ്ങളെപ്പോലും തളച്ചുകൂട്ടുകയാണ്.വ്യക്തികളുടെ സ്വകാര്യമനോഭാവങ്ങളെപ്പോലും ഭരണകൂടം നിയന്ത്രീക്കുന്നു. ഭരണകൂടത്തിന്റെ നിർബന്ധങ്ങളെ തിരിച്ചറിയാനാകാത്ത വിധം വ്യക്തി അന്ധനാക്കപ്പെടുകയാണ്. കണ്ണിൽപ്പെടുന്ന നിറഭേദങ്ങളിൽ നിന്ന് അഭിരുചികളെ തിരഞ്ഞെടുക്കുമ്പോൾ സ്വാതന്ത്രത്തിലേക്ക് പ്രവേശിക്കുകയല്ല അടിമത്തത്തിന്റെ ഉച്ഛിഷ്ടങ്ങളെ സ്വീകരിക്കുകയാണ്. തിരഞ്ഞെടുപ്പുകളുടെ സ്വാതന്ത്ര്യം ഒരിക്കലും വ്യക്തി സ്വാതന്ത്ര്യമോ വിമോചനലബ്ധിയോ അല്ല. അത് ഒരുക്കിവെച്ച പരിതസ്ഥിതികളോടുള്ള വെറും ഇടപെടലുകൾ മാത്രമാണ്. ശൈശവ വിശുദ്ധിയും യവ്വന തേജസ്സും ഭരണകൂടം നിരന്തരം കീഴ്പ്പെടുത്തുന്ന മനുഷ്യാവസ്ഥകളാണ്. തിരിച്ചറിവിന്റേയും വ്യക്തിത്വ വികാസത്തിന്റേയും പരിപൂർണ്ണതകളെ മെരുക്കിയെടുക്കുമ്പോൾ ധിക്കാരത്തിന്റേയും മാറ്റം വെയ്ക്കലുകളുടേയും മുഖച്ഛായകൾ ഇല്ലാതാകുന്നു. പ്രതിഷേധങ്ങളുടെ നാമ്പ് കരിക്കുമ്പോൾ അടിമത്തത്തിന്റെ അടക്കവഴക്കങ്ങളാണ് സ്ഥാപിക്കപ്പെടുക.

ആധുനിക ഭരണകൂടം മുൻനിലപാടുകളോടെ വസ്ത്രങ്ങളെ സമൂഹത്തിനു നല്കുന്നു. പോലീസുകാരന്റെ കാക്കിയുടുപ്പിനു പിന്നിൽ അധീശത്വവർഗ്ഗത്തിന്റെ ക്രൗര്യമായ മുൻനിലപാടുകളു്. കാക്കിയുടുപ്പിനുള്ളിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന ഒരോ വ്യക്തിയും പാലിക്കേ നിയമാവലികൾ ലളിതമാണ്. അവനൊരിക്കലും മനുഷ്യസ്നേഹിയാകേതില്ല. തന്റെ വികാര വിക്ഷോഭങ്ങളേയും മൃഗീയതയേയും അവന് മറ്റുള്ളവരിൽ അടിച്ചേല്പിക്കാം. ചോര ക് കരുണാർദ്രമാക്കുകയല്ല ക്രൂരമാകുകയാണ് വേത് തലോടലുകളല്ല ധ്വംസനങ്ങളാണ് അവന്റെ രീതികൾ മറ്റുള്ളവരുടെ ജീവിതത്തിന് ബലിപിണ്ഡമൊരുക്കുമ്പോഴും പോലീസുകാരൻ ഭരണകൂടത്തിന്റെ കല്പനകളെ തിരിച്ചറിവില്ലാതെ അനുസരിക്കണം. ഇത് വ്യക്തിത്വ വികാസമോ ചിന്താഭരിതമോ അല്ല. കാക്കിയുടുപ്പിന്റെ മനുഷ്യത്വ രഹിതമായ മുൻധാരണകളിലേക്ക് വ്യക്തിയെ പാകപ്പെടുത്തികൊടുക്കുകയാണ് ചെയ്യുന്നത്. വസ്ത്രങ്ങളുടെ നിറപകർച്ചകളേയും സ്വഭാവത്തേയും മുൻകൂട്ടി ക്രമപ്പെടുത്തിയ ഭരണകൂടം നീ പരിശീലനത്തിലൂടെ വ്യക്തി സ്വത്വങ്ങളെ വസ്ത്രവിധാനത്തിലേക്ക് പാകപ്പെടുത്തിയെടുക്കുകയാണ്.

ശൈശവ വിശുദ്ധിയില്ലാത്ത കോൺവെന്റ് യൂണിഫോറങ്ങളും ഭരണകൂടത്തിന്റെ ഒരുക്കിവെയ്ക്കലുകൾക്കും മുൻനിശ്ചയങ്ങൾക്കും കീഴ്പ്പെടുന്നു. ഭരണചക്രം തിരിക്കേ അവൻ ഏറ്റവും നല്ല ബ്യൂറോക്രറ്റായി വിളങ്ങേവനാണ്. അധികാരത്തിന്റെ കല്പനകളെ അനുസരിക്കുക എന്നതിനപ്പുറം അവന്റെ ചിന്തകൾ വികസിക്കേതില്ല. അവസ്ഥയ്ക്കു രക്ഷചെയ്യുന്ന അവൻ അദ്ധ്വാനത്തെ അവഹേളിച്ചും യാതനകളെ നിരാകരിച്ചും സമഭാവനകളില്ലാതേയും മനുഷ്യത്വരഹിതമായി മുന്നേറണം. വസ്തുമോഹങ്ങളും സ്ഥാനലബ്ധിയും അവന്റെ ആകാശവിതാനങ്ങളാണ്. ഭരണകൂടത്തിന് കീഴ്പ്പെടുന്ന അവൻ വംശാവലികളുടെ രക്ഷനോക്കി എപ്പോഴും ചൊലപാട്ടുകളെ പുറപ്പെടുവിക്കണം. ശൈശവ വിശുദ്ധിയില്ലാത്ത കോൺവെന്റ് വസ്ത്രങ്ങളുടെ വികാസം അളവു നീളങ്ങളൊത്ത മരു ബുദ്ധികളുടെ വികാസമാണ്. ഭരണകൂടം എല്ലാം മുൻനിശ്ചയങ്ങളോടെ കരുതിവെച്ചിരിക്കുന്നു.

അദ്ധ്വാനത്തിന്റെ വിയർപ്പുകണികകളേയും ഭരണകൂടത്തിന്റെ നിർബന്ധങ്ങളും ക്രമപ്പെടുത്തലുകളും ബാധിക്കുന്നു. തിരിച്ചറിവിന്റെ ശാദ്വലതകളില്ലാത്ത അവർ കഠിനാദ്ധ്വാനങ്ങളിൽ മുഴുകി നിരക്ഷരരായി ജീവിക്കേവരാണ് ലായങ്ങളിലും ചാളകളിലും പെരുകുന്ന അവർ ഇരട്ടുമൂത്താൽ മദ്യത്തിൽ ആറാടി നേരം വെളുപ്പിക്കണം. അവരുടെ അസംതൃപ്തമായ മനസ്സിലേക്ക് തിരിച്ചറിവിന്റെ വെളിപാടുകൾ കടന്നുവരരുത്. അവരുടെ മക്കൾ പകിട്ടുള്ള വസ്ത്രവിതാനത്തിലേക്ക് ആകർഷിക്കപ്പെടുന്നവെങ്കിൽ വേരുകളെ അറുത്തുമാറ്റി നവോദയകളിൽ എത്തിക്കാം. തുടർന്ന് ഭരണകൂടത്തിന്റെ അധീശത്വഅധികാരങ്ങളെ പാലിക്കുന്ന നല്ലവനായ മേലുദ്യോഗസ്ഥന്റെ ജനനമാകും.

വസ്ത്രവിധാനങ്ങൾക്കെല്ലാം രാഷ്ട്രീയ നിലപാടുകളും അവസ്ഥയോടുള്ള പ്രതികരണങ്ങളുമു്. പരസ്യം ചെയ്യപ്പെടുന്നവ വർണ്ണങ്ങളിലെ ആകർഷ്ണിയതയല്ല ഭരണകൂടത്തിന്റെ പാകപ്പെടുത്തലുകളാണ്. രാഷ്ട്രീയക്കാരന് സ്ഥിര വേഷങ്ങളില്ല. ആൾക്കൂട്ടത്തിനു മുമ്പിലും സ്വകാര്യതകളിലും വിദേശങ്ങളിലും അവൻ വ്യത്യസ്തമായ വേഷപകിട്ടുകളെ അണിയുന്നു. നിസ്ഥാർത്ഥനം അധികാരിയും അടിമയുമായി അവൻ സ്വയം പ്രദർശിപ്പിക്കുകയാണ്. അവയെല്ലാം തന്നെ മുൻധാരണകളോടെ ഒരുക്കി വെച്ച നൂലിഴകളാണ്. വസ്ത്രധാരണത്തിന്റെ നിർബന്ധം പിടിക്കലുകളും തിരഞ്ഞെടുപ്പും രാഷ്ട്രീയാവസ്ഥയോടുള്ള ധിക്കാരങ്ങളാണ്. നൂലിഴകളിൽ മാനുഷികതയും കാരുണ്യവുമു്. അത് വ്യക്തിത്വത്തിന്റെ പൂർണ്ണതയുമാണ്.

കഥ

# ഖൽബിലെ നൊമ്പരങ്ങൾ



കെ.വി. പ്രഭാകരൻ



ആയിശുമ്മ ഉള്ളൂർപുഴയുടെ തീരത്തിരുന്ന് തൊ് തല്ലുകയായിരുന്നു. തൊുതല്ലി ചകിരിയാക്കീട്ടുവേണം കൂലി വാങ്ങി കുടിലിലേക്ക് പോകാൻ. വൈകുനേരം അഞ്ചുമണിയാവുമ്പോഴേക്കെ പണി തീരുകയുള്ളു. ചെക്കൻ വരുമ്പോഴേക്കും കപ്പ പുഴുങ്ങിവയ്ക്കണം മീൻവല്ലതും കിട്ടിയാല് മുളകും പുളിയുമിട്ട് വേവിക്കണം. പിന്നെ ഒരു കട്ടൻ ചായയും. സമയം ഏകദേശം പതിനൊന്ന് മണി കഴിഞ്ഞിട്ടുാകും. “ഉമ്മാ.. ഉമ്മാ” ന്ന് വിളി കേട്ടപ്പം ആയിശുമ്മ തിരിഞ്ഞു നോക്കി. ചെക്കനു് ഷർട്ടിന്റെ അറ്റവും തിരുമ്മിക്കൊ് പിന്നിൽ.

“എന്താാ? ഷേകാളില്ല്യ..?

“ഇല്ല്യ..”

“അതെന്തേയ്!?”

“ഞമ്മക്ക് ഷേകാളില്ല്യ..”

“ന്ന്ട്ട് ബേറെ കുട്ട്യോളൊന്നും ബര്ന്നത് കാങ്ങ്ണില്ല്യാലൊ?!”

“ഓല്ക്ക്..”

“അതെന്തേയ് അനക്ക് മാത്തിരം?!”

“പൊത്തകല്ല്യ.. പിന്നെ ഇപ്പെള്ളേ്യ ഷളേറ്റില് എയ്ത്യാകാങ്ങൂല്ല.”

“അയിന്?”

“മേഷ്ട് ഞമ്മനെ പൊറത്താക്കി... ഉമ്മാനേം കൂട്ടി ശെല്ലാനക്കൊ് പറഞ്ഞീനും..”

“അതെങ്ങ്ന്യാാ ഞമ്മന് ബര്വാ... ഒരീസം പണില്ലെങ്കില് കായ് കിട്ട്വോ..”

“ഇല്ല്യ..”

“മേഷ്ടറ് തര്വാ?”

“ഞമ്മക്കറീല്ല്യ.. നാളെ പുയ്യപൊത്തകോം ഷ്ളേറ്റും മേങ്ങിത്തരണം.. ഉമ്മ ബരിം ബേണം..”

“യ്യ് മുാീരി ബലാലെ... ബയ്ക്കാൻ തന്നെ കിട്ട്ണത് പോരാ.. അപ്നാ ഒരു പുയ്യപൊത്തേകോം ഷ്ളേറ്റും”

“ഞമ്മള് മൊയ്യീനാണെങ്കില്... നാളെ ഷ്കോളീ പോഗൂല്ല..”

“യ്യ് കുറ്റീം ബലിച്ച് നടന്നോ... അഹമതിച്ചെക്കൻ...”

പുഴയിൽ ചെകിരി പൂഴ്ത്തിയത് ഒലിച്ചു പോകാതിരിക്കാൻ കെട്ടിയ തടമരക്കാലിൽ ഒരു പൊന്മ വന്നിരുന്നു. ഒരു നിമിഷം വെള്ളത്തിലേക്ക് നോക്കി അത് പറന്നിറങ്ങി ഒരു മീനിനെ കൊത്തിയെടുത്ത് പറന്നു. മൊയതീന്റെ കണ്ണുകൾ ആ പക്ഷിക്ക് പിന്നാലെ ആകാശത്തോളം പറന്നു. അവന്റെ കുഞ്ഞ് വയറ്റിൽ വിശപ്പിന്റെ തിരയിളക്കം. “ഉമ്മ പള്ള പയ്ക്ക്ണ്..”

“അനക്ക് കഞ്ഞി മേന്തിട്ട് പോന്നാ പോരായിന്നോ ബലാലെ..?” മൊയ്തീന്റെ ഉമ്മാന്റെ മുഖത്തേക്ക് വിഷമത്തോടെ നോക്കി. തന്നെ പുറത്താക്കിയ മാഷോട് അവന് കലശലായ ദേ്വഷ്യം തോന്നി. ആകാശത്തിലെ കറുപ്പിന്റെ രേഖകൾ പോലെ മനസ്സിൽ ദുഃഖത്തിന്റേയും സങ്കടത്തിന്റേയും പുഴുക്കുത്തുകൾ വീഴുകയായിരുന്നു.

“ഞമ്മളപൊറത്താക്കീ തല്ലുമ്മാ... പാത്തിരവും ഷേളറ്റുമെടുത്ത് മേഷ്ടറ് ഒരേറ്... കടന്ന് പോകാനീം പറഞ്ഞ്.. പിന്നെങ്ങിന്യാ ഞമ്മള് കഞ്ഞിമേന്താ...?

“ഇശ്ഹാ അല്ലാഹ്... ഇന്തുനിയാവ് ഞമ്മനപോലുള്ളോർക്ക് രച്ചതരൂല്ലാ...”

ആയിശുമ്മ ഒരു നെടുവീർപ്പിട്ടു. അവർ വിഷമത്തോടെ ആ കുഞ്ഞികണ്ണുകളിലേക്ക് നോക്കി. പൂക്കളിൽ നിന്നും ഇറ്റു വീഴാൻ നില്ക്കുന്ന മഞ്ഞിൻ കണങ്ങളെ പോലെ ആ കണ്ണുകളിൽ ജലം നിറഞ്ഞു.

ആകാശത്തിൽ കുറെ പക്ഷികൾ വട്ടമിട്ട് പറന്ന്കൊിരുന്നു. മൊയതിന്റെ കണ്ണുകൾ അവയ്ക്കിടയിലൂടെ പാറികളിച്ചെങ്കിലും അവനൊരു രസവും തോന്നിയില്ല. പുറത്ത് കത്തിനില്ക്കുന്ന വേനൽചൂട്. അകത്ത് വിശപ്പിന്റെ ചൂട്. രാവിലെ ഒരു കട്ടൻ ചായയും കുടിച്ചാണ് അവൻ സ്കൂളിലേക്ക് പോയത്.

“ഉമ്മാ പയ്ക്ക്ണുമ്മ..”

ആയിശുമ്മ തന്റെ മടിശീലയിൽ നിന്നും ഒരുറുപ്പികയെടുത്ത് അവന് നേരെ നീട്ടിയിട്ട് പറഞ്ഞു.

“ന്റെ മോന്.. നാരാണന്റെ പൂട്യേന്ന് കപ്പമേങ്ങി തിന്നോ”

“ഈന് കപ്പ കിട്ടൂല്ല..”

“അയിന് തരാൻ പറി... ഇച്ചിരി ചുടുതണ്ണീം മേന്തിക്കോ”

അവൻ പൈസയും വാങ്ങി കടവത്ത്കൂടി ഓടിപ്പോയി. ആയിശുമ്മ അത് നോക്കി നിന്നു. “ന്റെ റബ്ബേ...

ഇയ്യ് കാങ്ങ്ണില്ല്യേ... ഞമ്മന്റെ ബെസമം"
''എന്തേ ആയിശ്ത്താത്ത ഇങ്ങളനൊടിയിന്ന്..."?

കൂട്ടത്തിൽ ചകിരിപ്പണിയെടുക്കുന്ന കല്യാണിയും ചീരുവും ശാന്തയും ചോദിച്ചു. "ഓമ്പറഞ്ഞേ ഇങ്ങള്.. കേട്ടില്ലേ... അപ്പഹേൾ മേഷ്ടറ് ഓനപൊറത്താക്കീത്..?"

അവർ തലയാട്ടി പരസ്പരം നോക്കി പണി തുർന്നു. പുഴവക്കത്തെ മാവിൽ നിന്നും ഒരു മാമ്പഴം വീണു. ശാന്ത അതെടുത്ത് ആയിശുമ്മക്ക് കൊടുത്തിട്ട് പറഞ്ഞു.
"മോന് കൊടുത്തേക്കി.."

അവർ ഇടക്കിടക്ക് മൊയതീൻ പോയ വഴിയിലേക്ക് നോട്ടമെറിഞ്ഞു. അവർ വാണം വിട്ടതുപോലെ കുതിച്ചെത്തി. ആയിശുമ്മ മാമ്പഴമെടുത്ത് അവന് കൊടുത്തു.

"ഇന്നാ ഇയ്യ് തിന്നോ." അവൻ മാമ്പഴം വാങ്ങി ഈമ്പികുടിക്കാൻ തുടങ്ങി. പിന്നെ കൈയിലൂടെ ഒലിച്ചിറങ്ങിയ ചാറ് മൊത്തികുടിച്ചു. ഒരു കാക്ക അവന്റെ തലയ്ക്ക് മുകളിലൂടെ വട്ടം കറങ്ങിപോയി അടുത്ത മരക്കൊമ്പിലിരുന്നു.

"ഇയ്യ് കൂടിലേക്ക് പോയ്ക്കോ.. ഉമ്മ ബയ്ന്നേരം നേരത്തെ ബരാം "

"കൂടില് ചെന്നിട്ടെന്തെടുക്കാനാ..?"

''ന്നാലാട കുത്തിരിന്നൊ..''

മൊയ്തീൻ പുഴക്കരയിൽ കൂട്ടിയിട്ടിരുന്ന പൂഴിയിൽ കയറിയിരുന്ന് എന്തെല്ലാമൊ വരച്ചും എഴുതിയും കളിച്ചു.

സമയം ഉച്ചയോടടുത്തു. സൂര്യൻ തന്റെ സർവ്വ ശക്തിയുമെടുത്ത് ഭൂമിയെ പൊള്ളിച്ചുക്കൊിരുന്നു.

''ആയിശ്ത്താത്ത.. ഇങ്ങള് വരുന്നില്ലെ... ഒരാപ്പ് ചായ കുടിച്ചിട്ട് വരാം." കല്ല്യാണി ആയിശുവിനോട് പറഞ്ഞു. അവർ ദയനീയതോടെ അവളുടെ മുഖത്തേക്ക് നോക്കി.

"ഇങ്ങള് ചെക്കനേം വിളിച്ച് വര്യപ്പാ... കാശ് ഞാള് കൊടുക്കാ.." ശാന്ത പറഞ്ഞു. അവർ മൊയതീനെകൂട്ടി അവരുടെ കൂടെ നടന്നു. "ഉമ്മാ യ്ക്ക് കപ്പേം കറിം.." "മാടാ.." "ഓൻ വാങ്ങിക്കോട്ടേന്ന് ഇങ്ങള് ബേജാറാക.." ചായകഴിച്ച് അവർ തിരിച്ചു വന്ന് പണിതുടങ്ങി. മൊയ്തീൻ വീും കളി തുടങ്ങി. കടവത്തെ തോണിയിൽ കയറി അവൻ പങ്കായമെടുത്ത് തുഴയാൻ തുടങ്ങി. കെട്ടിയിട്ട തോണി അങ്ങോട്ടുമിങ്ങോട്ടും ചാഞ്ചാടി.

"ടാ ഹിമാറെ... ആന്ത്രുമാനിക്കെറ്റാന് ബന്നാല് അന്റെ ചെകിട് അയാള് പൊന്നാക്കും.. ങ്ങട്ട് പോന്നാളി.." അവൻ പൂഴിയിലേക്ക് തന്നെ മടങ്ങി. ചെറിയ കല്ലുകളെടുത്ത് പുഴയിലെ വെള്ളത്തിലേക്കെറിഞ്ഞു.

"ഉമ്മാ... പോക്ാ.." ഇരുന്നും കളിച്ചും മൊയതീന് മുഷിഞ്ഞു. അവൻ വീും ആയിശുവിനോട് നിർബന്ധം ചെലുത്തി. "പോകുമ്മാ..." "കുഞ്ഞിരാമൻ മേസ്ത്രി ബരാ്... നയിച്ചേന്റെ കൂലി കിട്ട്വാ.. അനക്ക് ബൈന്നേരോം.. രാത്തിരീലും കത്തലടക്കെ.." മൊയതീൻ കടവത്തെ മാവിലേക്ക് കല്ലെടുത്തെറിയാൻ തുടങ്ങി. മാങ്ങ വീഴ്ത്താൻ കഴിയാതെ നിരാശനായി മണലിൽ കുത്തിയിരുന്ന് ചിനുങ്ങി.

ചായുന്ന വെയിലിന്റെ രശ്മികൾ പുഴവെള്ളത്തിൽ ലയിച്ചുനിന്നു. കുട്ടികളുടെ ബഹളം അവന്റെ കാതുകളിൽ മുഴങ്ങി. സ്കൂൾ വിട്ടിരിക്കുന്നു. ഇനിയെപ്പഴാ കുഞ്ഞിരാമൻ മേസ്ത്രിവന്ന് പീടിക തുറക്കുന്നത്. അയാളൊന്നു വേഗം വന്നിരുന്നെങ്കിൽ. അവൻ ചകിരിപ്പീടികയിലേക്ക് നോക്കി. അൽപം അകലെയായി നാലൂപേർ കടവിൽ പൂഴ്ത്തിയ ചകിരി എടുത്ത് കരയിലേക്കിടുന്നുായിരുന്നു. കെട്ട കോഴിമുട്ടയുടെ മണം അവിടമാക്കെ പരന്നിരുന്നു.

പീടികയുടെ ഓടാമ്പൽ നീക്കുന്നശബ്ദം.

പിന്നെ നിരപ്പലക അട്ടിയിടുന്നതിന്റേയും.

"ഉമ്മാ കുഞ്ഞിരാമൻ മേസ്ത്രി ബന്നിക്ക്ണു..." ആയിശു തൊുതല്ലിൽ നിർത്തി. മുിലെയും ബ്ലൗസിലേയും ചകിരിപ്പൊടി തട്ടിക്കളഞ്ഞു. തലയിലെ തട്ടമെടുത്ത് കുടഞ്ഞ് അത് പഴയതുപോലെ കുടുക്കിയിട്ടു. അവർ പീടികയിലേക്ക് നടന്നു.

"എന്താ ആയിശു പണി നിർത്ത്യോ..." "ചെക്കൻ അല്ലെയാക്കുന്ന്.. " അയാൾ ചെറിയ പണപ്പെട്ടി തുറന്ന് മൂന്ന്പത്തിന്റെ നോട്ടുകളെടുത്ത് ആയിശുവിന് കൊടുത്തു.

"മേസ്ത്രി ഒരിരുപതുറുപ്പകൂടി തന്നൂടെ... ചെക്കനൊരു ഷേളറ്റും പൊത്തകൊം മേങ്ങണം.." അയാൾ രു പത്തു രൂപയുടെ നോട്ടുകൾ കൂടി എടുത്ത് അവർക്ക് കൊടുത്തു. അവർ ചെക്കനെയും കൂട്ടി നടന്നു. കടവത്ത് ചകിരിതല്ലിക്കൊിരുന്ന ശാന്തയുടെ നേരെ പത്ത്രൂപ നീട്ടിക്കൊ് പറഞ്ഞു.

"സാന്തേ.... ഇന്നാ അന്റെ കായ്.." "ഇപ്പം വേത്താത്ത പിന്നെ മതി.." ആയിശു അബുവിന്റെ പീടികയിൽ ചെന്ന് കപ്പയും നിരത്തുവക്കിൽ മീൻ കച്ചവടം ചെയ്യുന്ന കുഞ്ഞിക്കണ്ണനിൽനിന്ന് മീനും വാങ്ങി കുടിലിനെ ലക്ഷ്യമാക്കി നടന്നു.

"ഉമ്മാ... മിഠായി..." അവർ എട്ടണയെടുത്ത് മൊയതീന് കൊടുത്തു. അവൻ കോലുമിഠായി വാങ്ങി നുണച്ചുകൊ് അവര്ടെ പിന്നാലെ നടന്നു.

"ടാ അനക്ക് പങ്ങന്നായര വിട്ട്യേന്ന് ഷേ്ളറ്റും പൊത്തകൊം മേങ്ങിത്തരാ..."

"ബേുമ്മാ..." "ങ്ങേ... മേ..?!" "ഞമ്മളിനി ഷേ്കാളി പോണില്ല്യ.."
"ഇശ്ഹാ അല്ലാഹ്... ഇയ്യെന്താടാ ഇപ്പറേണ്... രച്ചരം പഠിച്ചാല് അനക്കാ അയിന്റെ ഗൊണം..." "കയ്യൂലുമ്മാ..." "അതെന്താ കയ്യ്..?"
"കുട്ട്യേളൊക്കെ മക്കാറാക്ക്ാ.. ന്നെ മണക്ക്ണ്.. ദൂരപ്പോ..

പയേ കുപ്പായോം ടൗസറുടെണേന് പയഞ്ചാമൻ" എന്നൊക്കെ.
"ഓല് പറേണത് ന്റെ മോൻ കേക്ക" "അതെങ്ങന്യാവുമ്മ.. ഞമ്മക്ക് ര് ചെബില്ല്യേ? പിന്നേങ്ങുമ്മ.. ബാപ്പില്ല്യാത്തോൻ.. ബാപ്പ ബേറെ പെണ്ണും കെട്ടിപ്പോയി..." "ആരാിതൊക്ക്യേന്നോട് പറഞ്ഞേ?" "കോയസ്സൻ മൊയലാളിന്റേ മോളും.. മേനോക്കിന്റെ മോളും... ചര്യാണോമ്മാ... ബാപ്പ ബേറെ കെട്ടിപോയതാ... അല്ലേങ്കില് മയ്യത്തായതൊ?

ആയിശു ഒന്നും മിാതെ ആകാശത്തേക്ക് നോക്കി. കത്തിനില്ക്കുന്ന സൂര്യകിരണങ്ങളേറ്റിട്ടൊ എന്തൊ അവരുടെ കണ്ണുനിറഞ്ഞു പുഴയിലെ ഓളങ്ങൾ പോലെ മനസ്സിൽ തേട്ടിവന്ന വികാരങ്ങളെ അവർ നിയന്ത്രിച്ചു മാനഞ്ഞ് അവിടവിടെ കറുത്തപൊട്ടുകൾ വെളുത്ത ശരീരത്തിലെ കാക്കപ്പുള്ളികളെപോലെ പ്രത്യക്ഷപ്പെട്ടു. "ഉമ്മാ...എന്തുമ്മാ ഒന്നും മുാത്തെ?" "ന്റെ മാലിക്കൂൽ ജബ്ബാറായ തമ്പ്രാനെ.. ഞമ്മനെന്താ ഇച്ചെക്കനോട് പറേ്ു" അവർ മനസ്സിൽ പറഞ്ഞു.

"ബെശമ്ങ്കെില് പറ്യേ..." അവർ മകനെ മാറോടണച്ച് പിടിച്ചു. അവന്റെ തലയിൽ തലോടിക്കൊ് പറഞ്ഞു. ''ന്റെ മോന് ബല്ല്യാളാക്ണം... അയിന് ഷേ്കാളിപോണം... രച്ചരം പഠിക്കണം...
"ബേുമ്മാ.. ഞമ്മളിനി മീൻപണിക്ക് പോക്ാ... ഉമ്മാന്റെ കസ്റ്റപ്പാട് തീരേ..?" ആയിശു മൊയതീന്റെ കുഞ്ഞിക്കണ്ണുകളിലേക്ക് നോക്കി. അവിടെ ഒരു നിശ്ചയദാർഢ്യത്തിന്റെ അലുക്കുകൾ തിളങ്ങുന്നതായി അവർക്ക്തോന്നി.




Edited, Printed Published by Nakshthra Rajyam E. Radhakrishnan on behalf of Nakshathra Rajyam Monthly.